Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മേയ് 30—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ഇടവം 17 | ലക്കം 40

## Vocation I'ssue— ദൈവവിളിപ്പതിപ്പ്

# ദൈവവിളി പ്രോൽസാഹിപ്പിക്കപ്പെടണം

(റൈററു് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ D. D., B. A. തിരുമനസ്സുകൊണ്ടു്)

ഏപ്രീൽമാസത്തെ പ്രാത്ഥനയുടെ പൊതുനിയോഗമായി പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് നിശ്ചയിച്ചിരുന്നതു് "വൈദികരും മററു വിശ്വാസികളും പൗരോഹിത്യത്തിലേക്കും സന്യാസസഭകളിലേക്കുമുള്ള ദൈവവിളിയെപ്പററി ശരിയായി ഗ്രഹിക്കുക" എന്നതായിരുന്നല്ലോ. ആകയാൽ വൈദികരുടെ രാജ്ഞിയെന്ന അപരനാമത്താൽക്കൂടി അറിയപ്പെടുന്ന ദൈവജനനിയുടെ സ്തുതിക്കായി നീക്കിവച്ചിരിക്കുന്ന ഈ മേയ്മാസത്തിൽ ദൈവവിളിയെപ്പററി ചിന്തിക്കുന്നതു് ഏററം സമുചിതമായിരിക്കും.

## ദൈവവിളി എന്നാൽ എന്തു്?

ദൈവം പ്രദാനം ചെയ്യുന്നതും, ഒരു പ്രത്യേക ജീവിതാവസ്ഥയിലേക്കു നമ്മെ നയിക്കുന്നതുമായ ഒരു ചാച്ചിലാകുന്നു ദൈവവിളി. ഇതിലേക്കു സ്വാഭാവികഗുണങ്ങളും വരപ്രസാദവും കൊണ്ടു ദൈവം നമ്മെ ഒരുക്കുന്നു; വരപ്രസാദസഹായത്തോടു സഹകരിച്ചു പ്രവത്തിക്കുന്നയാളെ ദൈവം പരിപാലിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വർഗ്ഗപ്രാപ്തിയെ സുരക്ഷിതവും സുകരവുമാക്കുവാനുള്ള ജീവിതമാർഗ്ഗമാണു് ഇപ്രകാരം ദൈവം നമുക്കു തുറന്നുതരുന്നതു്. വി. അഗുസ്തിനോസ് തുടങ്ങിയ പുണ്യവാന്മാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദൈവം വിളിക്കുന്ന വഴിയിലൂടെ നാം നടക്കുന്നതായാൽ നിഷ്പ്രയാസം സ്വർഗ്ഗം പ്രാപിക്കാവുന്നതാണു്. എന്നാൽ നമ്മുടെ സ്വന്തഇഷ്ടമനുസരിച്ചു് സ്വീകരിക്കുന്ന മാർഗ്ഗത്തിലൂടെ ഓടിയാലും സ്വർഗ്ഗപ്രാപ്തി വിഷമമത്രേ. ആകയാൽ "നിങ്ങളെന്നെ തിരഞ്ഞെടുത്തതല്ല, പിന്നെയോ നിങ്ങളെ ഞാൻ തിരഞ്ഞെടുക്കുകയത്രെ ചെയ്തതു്" എന്നുള്ള നമ്മുടെ കർത്താവിൻെറ നിർദ്ദേശാനുസാരം മക്കളും മാതാപിതാക്കന്മാരും സ്വന്തം താല്പര്യങ്ങളെ ത്യജിച്ചുകൊണ്ടു് ദൈവഹിതം അനുവത്തിക്കുവാൻ സന്നദ്ധരാകേണ്ടതാണു്. ദൈവം തോന്നിക്കുന്ന നല്ല വിചാരങ്ങളെ അവഗണിക്കാതെ അവയോടു ഉദാരമായും ആത്മാത്ഥമായും സഹകരിക്കുകയാണു്, ദൈവവിളിയെ പോഷിപ്പിക്കുവാനുള്ള മാർഗ്ഗം.

## ദൈവിളിയും മാതാപിതാക്കളും

യഥാത്ഥമായ കത്തോലിക്കാകുടുംബത്തോടാണു്, മിക്ക വൈദികരുടേയും, സന്യാസിനീസന്യാസികളുടേയും ദൈവവിളി ബന്ധപ്പെട്ടുകിടക്കുന്നതു്. "പൗരോഹിത്യകുസുമം മൊട്ടിട്ടു വികസിക്കുന്നതിനു ഏററവും വളക്കൂറുള്ള മണ്ണു് യഥാത്ഥമായ ക്രിസ്തീയ കുടുംബമാണു്" എന്നുള്ള പരി. പിതാവു 11-ാംപിയൂസിൻെറ ഉൽബോധനം എത്രയോ അർത്ഥവത്തായിരിക്കുന്നു. ഡാനിയേൽ എ. ലോർഡ് എന്ന സുപ്രസിദ്ധ ഈശോസഭാവൈദികൻ തൻെറ ദൈവവിളിയെ പരാമർശിച്ചു് പറയുകയാണു്, "ദൈവവിളി യഥാർത്ഥത്തിൽ ആരംഭിക്കുന്നതു് മക്കളിലല്ല, പ്രത്യുത അവരുടെ മാതാക്കളിലാകുന്നു" എന്നു്. തങ്ങളുടെ സന്താനങ്ങളുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്നതിനും പുണ്യത്തിൻെറ വഴിത്താരയിൽക്കൂടി അവരെ മുന്നോട്ടു നയിക്കുന്നതിനും മാതാപിതാക്കൾക്കുള്ള കഴിവു വളരെയധികമാണു്. "ചില മാതാക്കൾക്കു വൈദികോചിതമായ ആത്മാവുണ്ടു്; അവർ അതിനെ തങ്ങളുടെ സന്താനങ്ങളിലേക്കു പകന്നുകൊടുക്കുന്നു" എന്നു ഒരു ഗ്രന്ഥകാരൻ പറയുന്നതിൻെറ അത്ഥവും ഇതുതന്നെയാണല്ലോ. മോൺ. ഹിർഷ് പറയുന്നതു ശ്രദ്ധേയമത്രേ:- "ഉത്തമനായ ഒരു വൈദികനുണ്ടാകണമെങ്കിൽ ഉത്തമയായ ഒരു ക്രിസ്തീയ മാതാവു കൂടിയേ കഴിയൂ. വൈദികർക്കുണ്ടാകേണ്ട ഗുണങ്ങളെ വികസിപ്പിക്കുക മാത്രമാണു് സെമ്മിനാരികളിൽ നൽകപ്പെടുന്ന പരിശീലനം വഴി സാധിക്കുക. അതിൻെറ കാതലായ ഭാഗത്തിനു രൂപം കൊടുക്കേണ്ടതു മാതാവു തന്നെയാണു്." ഇക്കാര്യത്തിൽ പിതാവിൻെറ സഹകരണവും നിയന്ത്രണവും അനുപേക്ഷണീയമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആകയാൽ ക്രിസ്തീയ മാതാപിതാക്കന്മാർ, അവരുടെ സന്താനങ്ങളുടെ ദൈവവിളി സംബന്ധിച്ചു അവർക്കുള്ള ഗൗരവാവഹമായ ചുമതലകളെപ്പററി ചിന്തിക്കണം. പിഞ്ചിളംപ്രായംമുതൽ അവരെ സദാചാരനിരതരായി വളത്തണം. അവരുടെ ശാരീരികജീവനെക്കാൾ, ആത്മികജീവൻ പുലത്തുവാനായി അവർ കടപ്പെട്ടവരാണെന്നോക്കണം. ഇളംപ്രായത്തിൽതന്നെയോ— ജനനത്തിനു മുമ്പുതന്നെയോ—അവരെ ദൈവമാതാവുവഴി ഈശോയ്ക്കു പ്രതിഷ്ഠിക്കുക എന്ന പതിവു എത്രയോ ഫലപ്രദമാണു്. ഓരോ അലോഷ്യസും സ്താനിസ്ലാവൂസും ബെർക്കുമൻസും കൊച്ചുത്രേസ്യായും മരിയഗൊരേത്തിയും ആയിത്തീരേണ്ടവരാണു് അവരുടെ സന്താനങ്ങൾ എന്നോക്കട്ടെ. അപ്രകാരമവർ ആയിത്തീരുന്നില്ലെങ്കിൽ അതിനു ഉത്തരവാദികൾ പ്രധാനമായും മാതാപിതാക്കൾ തന്നെയാണു്.

## അനുകരണീയ മാതൃകകൾ

മക്കളുടെ ദൈവവിളിക്കുവേണ്ടി മുട്ടിപ്പായി ത്യാഗപൂർവ്വം പ്രാത്ഥിക്കയും പ്രവത്തിക്കയും ചെയ്തിട്ടുള്ള മാതാപിതാക്കന്മാർ നിരവധിയത്രെ. ധീരനായ ലൂയി സ്റ്റെപ്പിനാക്കു് മെത്രാപ്പോലീത്തായുടെ മാതാവു്, തൻെറ പുത്രൻെറ ദൈവവിളിക്കുവേണ്ടി ആഴ്ചയിൽ മൂന്നുദിവസംവീതം മുപ്പതുവർഷം ഉപവസിച്ചിരുന്നു. ആ മഹതിയുടെ 11 മക്കളിൽ 7-ാമത്തെ മകനായ സ്റ്റെപ്പിനാക്കിൻെറ ദൈവവിളിയുടെ മഹത്വം നാം കണ്ടുകഴിഞ്ഞല്ലോ. സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി സ്വരമുയത്തിയതിനാൽ, യുഗോസ്ലാവിയായിലെ ഗവണ്മെൻറു് അദ്ദേഹത്തെ കാരാഗൃഹത്തിലടച്ചു. മാർപ്പാപ്പായാകട്ടെ അദ്ദേഹത്തെ കർദ്ദിനാൾസ്ഥാനത്തേക്കുയത്തി. എലിസബെത്തു് വോൺ എന്ന മാതൃകാമാതാവു്, തൻെറ സന്താ



ഈശോ ആ യുവാവിനെ വിളിച്ചു

"ഒരു മനുഷ്യൻ ഓടിച്ചെന്നു അവിടുത്തെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിച്ചു: ഏററം നല്ലവനായ ഗുരോ, നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തുചെയ്യണം? അപ്പോൾ ഈശോ അവനോടു് പറഞ്ഞു: പ്രമാണങ്ങൾ നിനക്കറിയാമല്ലോ......ഗുരോ, എനിക്കു പ്രായമായതു മുതൽ അവയെല്ലാം ഞാനാചരിക്കുന്നുണ്ടു്, എന്നവൻ മറുപടി പറഞ്ഞു. ഉടനെ ഈശോ അവനെ സൂക്ഷിച്ചുനോക്കി. അപ്പോൾ അവനോടു അവിടുത്തേക്കു സ്നേഹം തോന്നി അരുളിച്ചെയ്തു: ഒരു കാര്യത്തിൽ ഇനിയും നിനക്കു പോരായ്മയുണ്ടു്; വീട്ടിൽ പോയി നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു കൊടുക്കുക. അപ്പോൾ നിൻെറ നിക്ഷേപം സ്വർഗ്ഗത്തിൽ ആയിരിക്കും. പിന്നീടു തിരിച്ചുവന്നു എന്നെ അനുഗമിക്കുക. ഇതുകേട്ടു അവൻെറ മുഖം മ്ലാനമായി. അവനു വളരെ സമ്പത്തുണ്ടായിരുന്നതുകൊണ്ടു ദുഃഖിതനായി അവൻ പൊയ്ക്കളഞ്ഞു."

(വിശുദ്ധ മർക്കോസ് X:17—22)

ങ്ങൾക്കു ദൈവവിളി ലഭിക്കുവാനായി ദിവസേന 1 മണി ക്കൂർവീതം പ്രാർത്ഥനയുടെ മുമ്പാകെ ചെലവഴിച്ചിരുന്നു. ഫലമോ വിസ്മയജനകമാണ്. അവരുടെ അഞ്ചു പുത്രിമാർ കന്യാസ്ത്രീകളായി. ആറു മക്കൾ വൈദികരായി. അവരിൽ മൂന്നുപേർ മെത്രാൻപദം ലഭിക്കുവാൻ ഇടയായി. പ്രസ്തുത മെത്രാന്മാരിലൊരാളായിരുന്നു സുപ്രസിദ്ധനായ കർദ്ദിനാൾ വോൺ. മാതൃത്വത്തിന്റെ മഹനീയമായ നേട്ടങ്ങൾ!

### മഹത്തായ പ്രതിഫലം

ഒരു സന്താനത്തെ ദൈവസേവനത്തിനു സമർപ്പിക്കുമ്പോൾ വലിയ ഒരു ത്യാഗമായിരിക്കാം മാതാപിതാക്കൾ ചെയ്യുന്നതു്. എന്നാൽ ദൈവത്തിനാണ് അവരുടെ വാത്സല്യഭാജനങ്ങളെ അവർ ബലിയായി സമർപ്പിക്കുന്നതു് എന്നോർക്കണം. സ്വമേധയാ കൊടുക്കാത്തതു്, ബലമായി കൈക്കലാക്കുവാൻ സ്രഷ്ടാവായ ദൈവത്തിനു അവകാശവും അധികാരവും ഉണ്ടെന്നും വിസ്മരിക്കരുതു്. മാത്രമല്ല മാതാപിതാക്കന്മാരുടെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ ഒരു സന്താനം—അഥവാ അവരുടെ ഉദരഫലമായ സഹോദരന്മാർ വൈദികനായിത്തീർന്ന ഒരു വ്യക്തി—കാലത്തിന്റെ തികവിൽ പരിശുദ്ധമായ ബലിവേദിയിൽവച്ചു് സ്രഷ്ടാവായ ദൈവത്തെ കരങ്ങളിൽ വഹിക്കയും, അവർക്കു പ്രദാനം ചെയ്യുകയും ചെയ്യുമ്പോൾ അവരുടെ ത്യാഗം സന്തോഷമായി പകരുകയില്ലേ? അപ്പോൾ അവരുടെ ഹൃദയം ആനന്ദംകൊണ്ടു കവിച്ചു ചാടുകയില്ലേ? ഒരു പുരോഹിതന്റെ മാതാപിതാക്കളാകുക അഥവാ ഒരു പുരോഹിതന്റെ ദൈവവിളിയെ പരിരക്ഷിക്കുവാൻ സഹായിക്കുക എന്നതിൽകവിഞ്ഞു എത്രയോ സ്ഥാനമഹാത്മ്യമാണു് അഭിലഷണീയമായിരിക്കുന്നതു്! "ഒരു പുരോഹിതനെ സൃഷ്ടിക്കുകയെന്നതിനേക്കാൾ ഉൽകൃഷ്ടമായ മറെറാരു കൃത്യവും ഇഹലോകത്തിലില്ല" എന്നാണല്ലോ വി. വിൻസെൻറു് ഡി പോൾ പ്രസ്താവിക്കുന്നതു്. "കർത്താവേ, എന്നെ അങ്ങേ ബലിപീഠത്തിലേക്കു നയിച്ചു എല്ലായ്പ്പോഴും അങ്ങു അനുഗ്രഹിക്കേണമേ" എന്നുള്ള ഒരു നവവൈദികന്റെ പ്രാർത്ഥന ഫലശൂന്യമായിത്തീരാൻ ദിവ്യരക്ഷകൻ അനുവദിക്കുകയില്ല.

### ദൈവവിളിയെപ്പററി അറിവുനൽകണം

ദൈവാനുഗ്രഹത്താൽ നമ്മുടെ ഇടയിൽ ദൈവവിളി സുലഭമാണ് എന്നതു് സന്തോഷകരമത്രേ. പക്ഷെ ചില സ്ഥലങ്ങളിലെ സ്ഥിതി പരിതാപകരമാണെന്നു പറയാതെ നിവൃത്തിയില്ല. അവിടത്തെ ജനങ്ങൾക്കു ദൈവവിളിയുടെ മാഹാത്മ്യം ശരിയായി ഗ്രഹിക്കുവാൻ ഇടയായിട്ടില്ലാത്തതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിക്കുന്നതു്. തൊഴിൽ വാരങ്ങളും സാമൂഹ്യവാരങ്ങളും മററും നടത്തി നാം തൊഴിലിന് ജീവിതം, സാമൂഹ്യജീവിതം മുതലായവയെപ്പററി ജനങ്ങൾക്കു അറിവുനൽകാറുണ്ടല്ലോ അതുപോലെ ദൈവവിളിയെപ്പററി അറിവു നൽകുന്നതിനും മററുമായി ആണ്ടുവട്ടത്തിൽ ഒരു ദിവസമെങ്കിലും നീക്കിവയ്ക്കുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നു. അന്നു ദൈവവിളിയുടെ മാഹാത്മ്യത്തെപ്പററിയും അവയെ പരിരക്ഷിക്കുവാൻ പ്രാർത്ഥനവഴിയും ധനസഹായംവഴിയും മാതാപിതാക്കന്മാർ സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും വൈദികർ ജനങ്ങളെ പറഞ്ഞുമനസ്സിലാക്കണം.

### അവർക്കു സഹായം നൽകണം

സെമിനാരികളിൽ ചേരുന്നവരിൽ പലരും ധനശക്തിയില്ലാത്തവരാകയാൽ വൈദികവിദ്യാർത്ഥികളുടെ ചെലവു വഹിക്കുക നാൾക്കുനാൾ വിഷമമേറിയ ഒരു കാര്യമായിത്തീരുകയാണ്. ഈ വിഷയത്തിൽ വിദേശീയരെമാത്രം ആശ്രയിക്കാതെ നമ്മുടെ കഴിവുകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽനിന്നും വൈദികവിദ്യാർത്ഥികളുടെ സഹായാർത്ഥം പണമയക്കുന്നവരിൽ ചിലരെല്ലാം നിത്യേന കൂലിവേലചെയ്തു ഉപജീവനം കഴിക്കുന്നവരാണ്. ആ സ്ഥിതിക്കു സാമ്പത്തികകഴിവുകളുള്ള നമ്മുടെ ജനങ്ങൾ എത്ര ഉദാരമനസ്സോടെയാണ് നമ്മുടെ ഇടയിൽ വേലചെയ്യാനുള്ള വൈദികവിദ്യാർത്ഥികളെ സഹായിക്കേണ്ടതു്! ഇക്കാര്യത്തിൽ എല്ലാ ഇടവകയും സഹായസംഘടനകൾ ഉണ്ടാകണമെന്നു പ്രത്യാശിക്കുന്നു. ഏകോപിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഒരു വൈദികവിദ്യാർത്ഥിയെ ഏറെറടുത്തു് അയാളുടെ ചെലവു വഹിക്കുന്നതിനു ചില ഇടവകകളിലെങ്കിലുമുള്ള ജനങ്ങൾക്കു സാധിക്കുന്നതാണ്.

"വിളവു വളരെയധികം, എന്നാൽ വേലക്കാരോ ചുരുക്കം" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു് നമ്മുടെ മാതൃരാജ്യത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായിരിക്കുന്നു. ആകയാൽ കൂടുതൽ വേലക്കാരുണ്ടാകുവാൻ വേണ്ടി "വിളവുകളുടെ നാഥനോടു്" പ്രാർത്ഥിക്കയും, തദർത്ഥം ത്യാഗപൂർവ്വം നമ്മുടെ കഴിവുകൾ നാം വിനിയോഗിക്കയും ചെയ്യണമെന്നു ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഉത്തമരായ ധാരാളം വൈദികരാലും സന്യാസികളാലും സന്യാസസമൂഹങ്ങളാലും നമ്മുടെ മാതൃരാജ്യം എന്നും അനുഗൃഹീതമായി ഭവിക്കട്ടെ!

(സക്കേറിൽനിന്നു്)

—ഠ—



കൊച്ചുകുഞ്ഞുങ്ങളെ വിളിച്ചുകൂട്ടി നല്ല പിതാവായ ദൈവത്തെപ്പററി അവരെ പഠിപ്പിക്കുന്നതു വൈദികവിദ്യാർത്ഥികളുടെ ആനന്ദപ്രദമായ ഒരു പ്രേഷിതജോലിയാണ്.

# അവിവാഹിതകളോട്

(മിസ്സസ് തങ്കമ്മ മാത്യൂ എം. എ ബി. ടി.)

"ആരായിരിക്കും എന്റെ ഭാവിവരൻ?" ഇതാണ് സന്യാസാന്തസ്സിൽ പ്രവേശിക്കാൻ ആഗ്രഹിക്കാത്ത യുവതികളിൽ പലരുടേയും ഭാവനാമണ്ഡലത്തിൽ ഉദിച്ചുയരുന്ന ചോദ്യം. സൽഗുണസമ്പന്നനും, സുന്ദരനും, ധനികനുമായ ഒരു യുവാവിനെയായിരിക്കും കൂടുതൽ പേരും സ്വപ്നം കാണുക. പക്ഷെ പ്രായോഗികജീവിതത്തിൽ പ്രതീക്ഷകൾക്കനുസരണമായി എല്ലാം തികഞ്ഞ ഭർത്താവിനെ ലഭിക്കുവാൻ ഒരു യുവതിക്കോ, ഭാര്യയെ സ്വീകരിക്കുവാൻ ഒരു യുവാവിനോ സാധിക്കാറില്ല. കാരണം സകലതും തികഞ്ഞ പുരുഷനേയോ സ്ത്രീയേയോ കരുണാവാരിധിയായ ദൈവം സൃഷ്ടിക്കാറില്ലെന്നുള്ളതുതന്നെ. അതിനാൽ വിട്ടുവീഴ്ച മനസ്ഥിതിയോടുകൂടിവേണം വിവാഹാന്തസ്സിൽ പ്രവേശിക്കാനാഗ്രഹിക്കുന്നവർ തങ്ങളുടെ സന്തതസഹചാരികളെ തിരഞ്ഞെടുക്കുവാൻ. ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ടു് സമാധാനപരമായ ഭാവിജീവിതത്തിനു് സഹായകരമാകുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതുപയുക്തമായിരിക്കുമല്ലോ.

### ഏററം പ്രധാനം സ്വഭാവം

തന്റെ ജീവിതേശ്വരനായി ഒരു യുവാവിനെ തിരഞ്ഞെടുക്കുന്ന യുവതി പരമപ്രധാനമായി ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ടു്. അതു സ്വഭാവമല്ലാതെ മറെറാന്നല്ല. സന്മാർഗ്ഗികനിലവാരം ഉയർന്ന, ഈശ്വരഭക്തനായ ഒരു വരനെ ലഭിക്കുന്നതിനായിരിക്കണം ഓരോ ദിവസവും യുവതികൾ പ്രാർത്ഥിക്കേണ്ടതു്. സകല മനുഷികഗുണങ്ങളുടേയും ഉറവിടം ഈശ്വരവിശ്വാസത്തിലാകകൊണ്ടു് നിരീശ്വരവാദിയായ വ്യക്തിയെ ഭർത്താവായി ഒരു സ്ത്രീ ചിന്തിക്കുവാൻപോലും പാടില്ല.

---

ഹാരത്തിന്മേലുടേയും വി. പത്രോസ്പീയൂസിന്റേയും മാദ്ധ്യസ്ഥതാൽ എന്റെ സുഖപ്രസവത്തിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

എം. പി. മേരി
അവരാപ്പിള്ളി, കോതമംഗലം

---

വിവാഹാലോചനകൾ ആരംഭിക്കുന്ന സന്ദർഭത്തിൽ ഈ മാനദണ്ഡം സ്വീകരിച്ചാൽ അവയിൽ ഒരു നല്ല ഭാഗത്തെയും തള്ളിക്കളഞ്ഞു സ്വീകരിക്കേണ്ടതിനെ സ്വീകരിക്കാൻ അതു സഹായിക്കും.

സ്വഭാവവൈശിഷ്ട്യമുള്ള ഒരു കുടുംബനാഥന്റെ കൊച്ചുഭവനത്തിലെ റാണിയായി വാഴുകയാണ് അസന്മാർഗ്ഗിയായ സമ്പന്നനോടു സഹവസിക്കുന്നതിലും അഭികാമ്യമായിരിക്കുന്നതു്. സ്വഭാവശുദ്ധിയില്ലാത്ത വ്യക്തിയോടുകൂടിയുള്ള ജീവിതം മരുഭൂമിയിലെ യാത്രയേക്കാൾ വേദനാജനകമാണ്. അവിടെ പരസ്പരവിശ്വാസവും ദൈവികമായ സ്നേഹവും കാണുകയില്ല. എന്റെ ജീവിതത്തിൽ സമാധാനമായും സന്തോഷകരമായും ജീവിക്കുവാൻ സാധിക്കുന്നതു് ഗുണവാനായ ഒരു ഭർത്താവിനെ ദൈവം എനിക്കു തന്നതുകൊണ്ടുമാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു. സുഖത്തിലും ദുഃഖത്തിലും സ്നേഹാർദ്രമായ ഹൃദയത്തോടെ പങ്കുകൊള്ളുവാൻ സുചരിതനായ ഭർത്താക്കന്മാർക്കേ സാധിക്കുകയുള്ളു. ഭൗതികവാദവും തജ്ജന്യമായ മററു സിദ്ധാന്തങ്ങളും പടർന്നു പിടിക്കുന്ന ഇക്കാലത്തു് യഥാർത്ഥത്തിൽ സ്വഭാവവിശേഷമുള്ളവരെ വളരെ വിരളമായിട്ടേ ലഭിക്കുകയുള്ളു. അതിനാൽ മററെന്തെല്ലാം കുറവുണ്ടെങ്കിലും ഭർത്താവിനെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്ന യുവതി സ്വഭാവശുദ്ധിക്കു പരമപ്രാധാന്യം നൽകേണ്ടതാണ്.

### ധനം പ്രധാനമാണു് പക്ഷെ....

വിവാഹാനന്തരം തന്നെ പോററാൻ പ്രാപ്തിയില്ലാത്ത ഒരു വ്യക്തിയെ, അയാൾ സൽസ്വഭാവിയാണെന്ന ഒറ്റക്കാരണത്താൽ സ്വീകരിക്കണമെന്നു സുബുദ്ധിയുള്ള ആരും പറയുമെന്നു തോന്നുന്നില്ല. ധനവും മനുഷ്യനു ഈ ജീവിതവിജയത്തിനാവശ്യമാണ്. പക്ഷെ സമ്പത്തു ജീവിതപുരോഗതിക്കു നിദാനമായ അനേക ഉപകരണങ്ങളിൽ ഒന്നുമാത്രമാണ്. അതിനാൽ ധനത്തിന്റെ മനംമയക്കുന്ന ആകർഷണീയതയാൽ വശീകരിക്കപ്പെട്ടു് പണത്തിന്റെ പടികൾ ജീവിതം ഹോമിക്കുവാൻ തയാറാകുന്നതു മൗഢ്യമായിരിക്കും. നല്ല സ്വഭാവവും വലിയ അല്ലലില്ലാതെ ജീവിക്കുവാനുള്ള സാഹചര്യവും ഒരാൾക്കുണ്ടെങ്കിൽ അദ്ദേഹത്തെ ഭർത്താവായി തിരഞ്ഞെടുത്താൽ നിങ്ങൾ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവരുകയില്ല. ധനം മനുഷ്യനു പരിശ്രമംകൊണ്ടു സമ്പാദിക്കുവാൻ സാധിക്കും; പക്ഷെ സ്വഭാവശുദ്ധി ആർജ്ജിക്കുവാൻ എളുപ്പമല്ല. "ചൊട്ടയിലെ ശീലം ചുടലവരെ" എന്നാണല്ലോ പഴമൊഴി.

ധനത്തിനു പ്രാമാണ്യം കൂടുതൽ നൽകരുതെന്നു പറയുന്നതിനു അടിസ്ഥാനമായി ചില വസ്തുതകൾ സ്ഥിതിചെയ്യുന്നുണ്ടു്. സാഹചര്യങ്ങളാണു ഒരാളെ ദോഷമാക്കുന്നതു്. ലോകത്തിൽ സമ്പന്നന്മാരിലാണ് സാധാരണയായി കൂടുതൽ ദുർവ്വാസനകൾ കാണുക. ധനംകൊണ്ടെന്തും സാധിക്കാമെന്ന ഗർവ്വും, ഭാര്യമാർ തങ്ങളുടെ സന്തോഷത്തിനുള്ള ഉപകരണങ്ങളാണെന്ന ധാരണയും പലപ്പോഴും കുബേരകുമാരന്മാരിൽ കൂടുതലായി കാണുന്നു. വിവാഹിതയായ എന്റെ ഒരു സതീർത്ഥ്യ എഴുതിയ കത്തിലെ ഒരു ഭാഗം ഞാൻ താഴെ പകർത്തുന്നു:—

"പണക്കാരനായ ഭർത്താവിനോടൊത്തു ജീവിതയാത്രയാരംഭിച്ചു ഞാൻ കാൽതുടറി വീഴാൻ പോകുന്നോ എന്നു ഭയപ്പെടുന്നു. പ്രതീക്ഷകൾ പൊലിഞ്ഞുപോയി. പണം അദ്ദേഹത്തെ ചീത്തയാക്കി. കമ്മ്യൂണിസ്റ്റുകാരോടു സഹവസിച്ചു, മദ്യത്തിൽ മുഴുകിയും ജീവിക്കുന്ന അദ്ദേഹത്തിനു ഞാൻ ഒരു ധിക്കാരിയാണ്. നിശയുടെ നീണ്ട നിശ്ശബ്ദതയിൽ കണ്ണീരൊഴുക്കി ഞാൻ കാത്തിരിക്കും. ഒരു സാന്ത്വനവചസ്സിനായി ഞാൻ ദാഹിക്കാറുണ്ടു്. ഞാൻ നിത്യവും ദിവ്യനാഥനോടു പ്രാർത്ഥിക്കുന്നു അദ്ദേഹത്തിനു നല്ല ബുദ്ധി കൊടുക്കുവാൻ. സ്നേഹിതയും പ്രാർത്ഥിക്കുമല്ലോ. വലിയ ധനസ്ഥിതിയില്ലെങ്കിലും തങ്കമ്മയുടെ കുടുംബജീവിതവിജയത്തിൽ ഞാൻ അനുമോദിക്കുന്നു..."

ഇയവിധത്തിലുള്ള ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളാണ് ധനത്തിനു അമിതമായ പ്രാധാന്യം നൽകരുതെന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ പ്രേരിപ്പിക്കുന്നതു്.

ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയിലേക്കു പ്രയാണം ചെയ്യുന്ന ഭാരതത്തിൽ പ്രത്യേകിച്ചും പണത്തിന്റെ വില ഇടിയാതിരിക്കുകയില്ല. സമ്പത്തികസമീകരണത്തിനും സ്വത്തുക്കളുടെ സമ്പാദനക്രമീകരണത്തിനും സുശക്തമായ നടപടികൾ കൈക്കൊള്ളുവാൻപോകുന്ന സന്ദർഭത്തിൽ പഴയ വിവാഹമാനദണ്ഡങ്ങൾ മാതാപിതാക്കന്മാരും യുവതീയുവാക്കന്മാരും ഉപേക്ഷിക്കുകയായിരിക്കും ഭംഗി.

### ആരോഗ്യം മുതലായവ

സന്തോഷകരമായ ഒരു കുടുംബജീവിതത്തിനു ആരോഗ്യദൃഢഗാത്രനായ ഒരു ഭർത്താവുണ്ടായിരിക്കേണ്ടതു സ്ത്രീകൾ അത്യന്താപേക്ഷിതമാണ്. "ആരോഗ്യമാണ് ധനം" എന്ന ആപ്തവാക്യത്തിനു ഗാഢമായ അർത്ഥമുണ്ടു്. കുടുംബനാഥനിലാണ് അംഗങ്ങളെ പോറേണ്ട ചുമതല സ്ഥിതിചെയ്യുന്നതു്. കൃഷിക്കാരനോ, വ്യവസായിയോ, ഉദ്യോഗസ്ഥനോ, തൊഴിലാളിയോ ആയ ഒരു ഭർത്താവിനു ലോകവ്യാപാരങ്ങൾക്കു ആരോഗ്യമുള്ള ശരീരം ആവശ്യമാണെന്നതിൽ പക്ഷാന്തരമില്ല.

ആരോഗ്യംപോലെ പ്രധാനമല്ലെങ്കിലും അപ്രധാനമല്ലാത്തതാണ് സൗന്ദര്യം. ഭർത്താവിനു കായികസൗന്ദര്യം ഉണ്ടായിരിക്കുന്നതു നന്നാണെങ്കിലും വൈരൂപ്യമുണ്ടായിരിക്കുന്നില്ലെങ്കിൽ സങ്കടത്തിനു കാരണമില്ല; വിവാഹജീവിതം പരാജയപ്പെടുകയുമില്ല.

വിവാഹിതയാകുന്ന യുവതി അമ്മയായിത്തീരുക സ്വാഭാവികമാണല്ലോ. ഭർത്താവിന്റേയും ഭാര്യയുടേയും കുടുംബപാരമ്പര്യത്തിനനുസരണമായിട്ടായിരിക്കും കുഞ്ഞുങ്ങളുടെ സ്വഭാവവും. അക്രമികളും, അസന്മാർഗ്ഗികളും ധാരാളമായുള്ള കുടുംബവുമായി ബന്ധപ്പെടാൻ പരിപാകമതികളായ പൂർവ്വികന്മാർ മടിച്ചിരുന്നതിന്റെയും കാരണം ഇതുതന്നെയാണ്.

വിവാഹാനന്തരജീവിതത്തിനനുകൂലമായ സാഹചര്യങ്ങളുണ്ടോയെന്നു ശ്രദ്ധിക്കുന്നതും നന്നായിരിക്കും. പച്ചപിടിച്ച നാട്ടിൻപുറത്തെ പരിശുദ്ധമായ അന്തരീക്ഷത്തിൽ ജീവിച്ച സ്ത്രീകൾ പട്ടണത്തിന്റെ പൊടിനിറഞ്ഞ വ്യഗ്രതയേറിയ പരിതസ്ഥിതികളുമായി പൊരുത്തപ്പെടാൻ വിഷമിക്കാതിരിക്കയില്ല. അപ്രകാരംതന്നെ നഗരത്തിലെ പരിഷ്കാരത്തിന്റെ മടിത്തട്ടിൽ വിഹരിച്ചു പരിശീലിച്ച സ്ത്രീകൾ ഗ്രാമത്തിലെ അന്തരീക്ഷത്തിലും ജീവിക്കാൻ വിഷമിച്ചേക്കാം. പക്ഷെ ഈ കാര്യം അത്ര പ്രധാനമായി എടുക്കേണ്ട ഒന്നല്ല എന്നു പറയാം.

അവസാനമായി ഏററവും പ്രധാനമായി ചൂണ്ടിക്കാണിക്കേണ്ട

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# അൾത്താരമാടമ്പികൾ

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ദിവ്യപൂജ മുതലായ തിരുകർമ്മങ്ങളിൽ വൈദികരെ സഹായിക്കേണ്ട ചുമതല നാം കപ്യാർക്കു വിട്ടുകൊടുത്തിരിക്കുകയാണ്. ചുരുക്കം ചില പള്ളികളിൽ കുർബാനയ്ക്കു കൂടുന്ന ചുറുചുറുക്കുള്ള ബാലന്മാരെ കണ്ടേക്കാം. വികാരിയച്ചൻ നിർബന്ധിക്കുന്നതുകൊണ്ട് മകൻ കുർബാനയ്ക്കു കൂടുന്നെങ്കിൽ കൂടിക്കൊള്ളട്ടെയെന്ന മനോഭാവമാണു നമുക്കുള്ളത്. പരിപാവനമായ തിരുകർമ്മങ്ങളിൽ സഹായിക്കുവാൻ സാധിക്കുന്നതു അസുലഭമായ ഒരു മഹാഭാഗ്യമാണെന്നും, അതു തന്റെ മകനും ലഭിക്കണമെന്നും കരുതുന്ന മാതാപിതാക്കന്മാർ വളരെയുണ്ടെന്നു തോന്നുന്നില്ല. ദിവ്യപൂജാശുശ്രൂഷകരാകുന്നതു കുട്ടികളുടെ ആദ്ധ്യാത്മികപുരോഗതിക്കും ധാർമ്മികമായ അഭിവൃദ്ധിക്കും വളരെയധികം സഹായകമാകുമെന്നു അവർ ധരിച്ചിരുന്നുവെങ്കിൽ!

നമ്മുടെ പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ

40 ശതമാനംപേർ തങ്ങളുടെ ദൈവവിളിയെ പരിപോഷിപ്പിച്ചിട്ടുള്ളതു് ദിവ്യപൂജാശുശ്രൂഷയാണെന്നു അവകാശപ്പെടുകയും ചെയ്യുന്നു. കുർബാനയ്ക്കുകൂടുന്ന കുട്ടികളിൽ പലരും വൈദികരും സന്യാസികളും സഹോദരന്മാരുമാകുന്നുവെന്നതു ഒരു വസ്തുതയാണ്.

യൂറോപ്പിലേയും അമേരിക്കയിലേയും മിക്ക രാജ്യങ്ങളിലും ദിവ്യപൂജാശുശ്രൂഷകരും അവരുടെ സംഘടനകളുമുണ്ട്. പാരിസിലെ അൾത്താരബാലകസംഘടനയുടെ നാഷനൽഡയറക്ടർ ആബേ ദെ ശോംബ്ളിയെ ആണ്. ദിവ്യപൂജാശുശ്രൂഷകരെപ്പററി ആബേ ദെ ശോംബ്ളിയെ പറയുന്നതിങ്ങനെയാണ്: "ഫ്രാൻസിലെ അൾത്താരബാലകരുടെ ഇടയിലുള്ള എന്റെ ജോലി,

മാണ് എല്ലാം ആശ്രയിച്ചിരിക്കുന്നതു്.

"ഇടദിവസങ്ങളിൽ കുർബാനയ്ക്കു കൂടുവാൻ ഞാൻ എന്റെ കുട്ടികളെ നിർബന്ധിക്കുന്നു. ഞായറാഴ്ചദിവസങ്ങളിൽ കുർബാനയ്ക്കുകൂടുന്നതിനേക്കാൾ ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാകുന്നു. ഞായറാഴ്ച ദിവ്യപൂജകാണുവാൻ ബാദ്ധ്യതയുള്ളതാണല്ലോ. ഇടദിവസങ്ങളിലാണെങ്കിൽ, കുട്ടികൾ—പ്രത്യേകിച്ചു സ്കൂളിൽ പോകേണ്ടവർ—വളരെനേരത്തെ എഴുന്നേല്ക്കുകയും നേരത്തെതന്നെ പള്ളിയിൽ എത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. പള്ളി പ്രശാന്തവും അധികം ആളില്ലാത്തതുമായിരിക്കും. തന്മൂലം വിശുദ്ധ കുർബാനയിലും ദിവ്യപൂജയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് അവർക്കു സാധിക്കുന്നു. കുട്ടികൾ പ്രാർത്ഥിക്കുവാൻ പഠിക്കുന്ന ഈ സമയം വരപ്രസാദത്തിന്റെ നാഴികയാകുന്നു. കുട്ടികളെ പൗരോഹിത്യത്തിലേക്കു നയിക്കുന്ന ഏററവും വലിയ സ്വാധീനശക്തി ദിവ്യകാരുണ്യഭക്തിയാകുന്നു.

അൾത്താരയിലേക്കുള്ള ആഹ്വാനം



നിത്യപുരോഹിതനായ ക്രിസ്തുവും അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട വൈദികനും

വം അതിനു് അവരെ അനുഗ്രഹിക്കട്ടെ. ഇക്കാര്യത്തിലുള്ള ഞങ്ങളുടെ പരാജയത്തിന്റെ യഥാർത്ഥകാരണം വിലപനീയമായ ജോലിക്കൂടുതൽ ആകുന്നു."

ഇനി അമേരിക്കയിലേക്കു കടക്കാം. അവിടെ സെൻറു് പോൾസ് അതിരൂപതയിൽ ഫാദർ ഫ്രാൻസിസു് ബെൻസു് 1938 ൽ ദിവ്യപൂജാശുശ്രൂഷകർക്കുവേണ്ടി ആരംഭിച്ച ഒരു സംഘടനയാണ് "അൾത്താരമാടമ്പികൾ" എന്നതു്. രാജ്യവ്യാപകമായ ഈ സംഘടനയുടെ കേന്ദ്രം ഇൻഡ്യാനയിൽ നോട്രഡാം ആണ്. ഈ സംഘടനയുടെ ഔദ്യോഗികജിഹ്വയാണ് "ദി കാത്തലിക് ബോയ്" എന്ന പ്രസിദ്ധീകരണം. അൾത്താരമാടമ്പികൾക്കു ഇന്നു 2100 ഇടവകശാഖകളുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലത്തിനുള്ളിൽ തന്നെ അമേരിക്കൻ ഐക്യനാടുകളിലും ക്യാനഡായിലുംനിന്നു 53000 കുട്ടികൾ ഈ സംഘടന




വിശുദ്ധ കുർബാനയിൽ എഴുന്നള്ളുന്ന ക്രിസ്തുവിനെ വൈദികരും വിശ്വാസികളും ആരാധിക്കുമ്പോൾ മാലാഖമാരെപ്പോലെ അൾത്താരബാലകർ ശുശ്രൂഷിക്കുന്നു. "ദൈവവിളിയുടെ വിളനിലം"



പൗരോഹിത്യാഹ്വാനം മലരണിയുന്ന മഹാവസരം. (നവവൈദികൻ ബലിപീഠത്തിലേക്ക്)

തിരുമനസ്സുകൊണ്ട് അവിടുത്തെ ഒരു ചാക്രികലേഖനത്തിൽ, "ദിവ്യപൂജാശുശ്രൂഷകരുടെ സമൂഹമാണ് ഒന്നാമത്തെ സെമ്മിനാരി" എന്നു പ്രസ്താവിച്ചിട്ടുണ്ട്. പല വിദേശരാജ്യങ്ങളിലേയും അനുഭവം ഈ പ്രസ്താവത്തിന്റെ യാഥാർത്ഥ്യത്തെ തെളിയിക്കുന്നുണ്ട്. പാരിസിലെ വൈദികരിൽ 87 ശതമാനവും അവരുടെ ചെറുപ്പത്തിൽ ദിവ്യപൂജാശുശ്രൂഷകരായിരുന്നവരാണ്. എന്നുമാത്രമല്ല

ഫ്രാൻസിലെ ദൈവവിളിയെപ്പററി അപരിമേയമായ പ്രത്യാശയാണ് എന്നിലുളവാക്കുന്നതു്. പാരിസിലെ വൈദികരിൽ 87 ശതമാനവും ദിവ്യപൂജാശുശ്രൂഷകരായിരുന്നു. ചെറുപ്പത്തിൽ ദിവ്യപൂജയിൽ ശുശ്രൂഷിച്ചു എന്ന വസ്തുതയാണ് തങ്ങളുടെ ദൈവവിളിക്കു കാരണമെന്നു 40 ശതമാനം വൈദികർ അഭിമാനിക്കുന്നു.

"ഫ്രാൻസിൽ ഇന്നു 6 ലക്ഷം ദിവ്യപൂജാശുശ്രൂഷകരായ ബാലന്മാരുണ്ട്. ദൈവം അവർക്കു ഈറന്ന ഹൃദയവും ഉദ്ദേശ്യനൈർമ്മല്യവും പ്രദാനംചെയ്യട്ടെ. ഈ ആധ്യാത്മികഗുണങ്ങൾ ദൈവത്തിന്റെ വരപ്രസാദത്തോടു സമ്മേളിക്കുന്നതാണ് ദൈവവിളിക്കുള്ള സർവ്വപ്രധാനമായ ഘടകങ്ങൾ. ദിവ്യപൂജാശുശ്രൂഷയ്ക്കും വൈദികന്റെ സ്വാധീനശക്തിക്കും വിലയുണ്ട്. പക്ഷെ കുട്ടിയുടെ ആത്മാവിന്റെ സ്ഥിതിയേയും അവൻ പ്രാപിക്കുന്ന വരപ്രസാദത്തേയു


## Wanted

1. Two Vidwans or Visarad with literary qualification for the post of Hindi Teachers.

2. One Vidwan or Visarad with literary qualification for the post of Malayalam teacher.

3. One duly qualified drill master in a permanent vacancy.

St. Mary's High School
Alwaye,

22-5-56 Manager.


ഒരു വസ്തുതയുണ്ട്. അഭ്യസ്തവിദ്യയായ യുവതി നിരക്ഷരകുക്ഷിയായ യുവാവിനേയോ, നേരെ മറിച്ചോ വിവാഹം ചെയ്യാൻ പാടില്ല. എല്ലായ്പോഴും യുവതിയോടൊപ്പമോ, അതിലുപരിയായോ വിദ്യാഭ്യാസം പുരുഷനുണ്ടായിരിക്കേണ്ടതു ദാമ്പത്യബന്ധത്തിന്റെ സുസ്ഥിതിക്കാവശ്യമാണ്.

എന്റെ സതീർത്ഥ്യകളായ വിവാഹിതകളും അമ്മമാരുമായ അനേകരുടെ അഭിപ്രായങ്ങളെ അപഗ്രഥനം ചെയ്തശേഷം എന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണു ഞാൻ ഇതെഴുതുന്നതു്. ഭിന്നാഭിപ്രായക്കാരുണ്ടായിരുന്നേക്കാം. എങ്കിലും വിവാഹജീവിതത്തിന്റെ വിജയത്തിനേററവും പ്രധാനമായതു സ്ത്രീയുടേയും പുരുഷന്റേയും സ്വഭാവമാണ്. അതിനാൽ സ്വഭാവത്തിനു പരമപ്രാധാന്യം നൽകി മററുള്ള കാര്യങ്ങൾക്കു ആവശ്യമായ വിലയിരുത്തൽമാത്രം വേണം സ്ത്രീകൾ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുവാൻ. വിവാഹത്തെ സംബന്ധിച്ച തീരുമാനമെടുക്കുമ്പോൾ മാതാപിതാക്കന്മാരും യുവതികളും ഈ വസ്തുതകൾ ഓർത്തിരിക്കേണ്ടതാണ്.



നവപുരോഹിതൻ ബലിവസ്തുക്കൾ അർപ്പിക്കുന്നു



ദിവ്യബലിയിൽ ക്രിസ്തുവുമായി ഒന്നിക്കുന്ന രംഗം



ദൈവാഹ്വാനം സ്വീകരിച്ച ഒരു വൈദികവിദ്യാർത്ഥി

"കുട്ടിയുടെ ആത്മാവാകുന്ന മണ്ണിനെ കൃഷിക്കുപയുക്തമാക്കിത്തീർക്കുന്ന കർഷകർ ക്രിസ്തുവും വൈദികനുമാകുന്നു. ഒരു പുരോഹിതനാകുകയെന്നതു് ലോകത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ക്രിസ്തുവിനോടുകൂടി വേലചെയ്യുകയാകുന്നു. ദിവ്യകാരുണ്യഭക്തനും, വ്യക്തിപരമായ ത്യാഗങ്ങൾ അനുഷ്ഠിച്ചു ശീലിച്ചിട്ടുള്ളവനുമായ ഒരു കുട്ടിക്കുമാത്രമേ ക്രിസ്തുവിന്റെ ഹൃദയവും മനസ്സും ഗ്രഹിക്കുന്നതിനും അവിടുത്തെ ആഹ്വാനങ്ങളെ ചെവിക്കൊള്ളുന്നതിനും സാധിക്കുകയുള്ളു......... ഞാൻ അവലംബിക്കുന്ന പരിപാടി, ദിവ്യപൂജാശുശ്രൂഷകർക്ക് ഒരു വാർഷികധ്യാനം, ദിവ്യകാരുണ്യഭക്തി, ബുദ്ധിപൂർവ്വമായ ആദ്ധ്യാത്മികനിയന്ത്രണം എന്നിവയാകുന്നു."

ജർമ്മനിയിലെ അൾത്താരശുശ്രൂഷകസംഘംവക "ഷീഡ്‌വെഗ്" എന്ന മാസികയുടെ പത്രാധിപരായ ഫാദർ ജോസഫ് വിസ്ഡോർഫ് എഴുതുന്നു: "അമേരിക്കയിൽ ഞാൻ നടത്തിയ പര്യടനങ്ങളിൽനിന്നു് അമേരിക്കർ ഞങ്ങൾ ജർമ്മൻകാരേക്കാൾ പ്രചരണകുതുകികളാണെന്നു് എനിക്കു ബോദ്ധ്യപ്പെട്ടു. ഞങ്ങൾ കൂടുതലായി ദൈവവരപ്രസാദത്തെ ആശ്രയിക്കുന്നു. തനിക്കു ദൈവവിളി ഉണ്ടെന്നു ഓരോ കുട്ടിക്കും തോന്നുന്നതുവരെ ഞങ്ങൾ കാത്തിരിക്കുന്നു. ഞങ്ങൾ കൂടുതൽ ശങ്കാമനസ്ഥിതിക്കാരായിരിക്കുന്നു......

"എന്നാൽ അമേരിക്കരുടെ ഒരു പ്രത്യേകത ഞങ്ങളെ അസൂയാലുക്കളാക്കുന്നു. ഞങ്ങൾ ഞങ്ങളുടെ കുട്ടികളുടെകൂടെ ചെലവാക്കുന്നതിൽ പതിററിട്ടിസമയം അമേരിക്കർ അവരുടെ കുട്ടികളുടെകൂടെ ചെലവഴിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ കുട്ടികളോടു് അടുത്തിരിക്കുന്നതിനേക്കാൾ പതിററിട്ടി അമേരിക്കർ അടുത്തിരിക്കുന്നു. ദൈ

യിൽ അംഗങ്ങളായി ചേർന്നിരിക്കുന്നു.

ദിവ്യപൂജാശുശ്രൂഷകരിൽ അവരുടെ ജോലിയുടെ മഹത്വം അനുഭവവേദ്യമാക്കിക്കൊടുക്കുക; അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഒരു ഉത്തരവാദിത്വബോധമുണ്ടാക്കുക; അവരുടെ പ്രത്യേകാവകാശങ്ങളും ആദ്ധ്യാത്മികപ്രയോജനങ്ങളും മനസ്സിലാക്കിക്കൊടുക്കുക, അവരും വൈദികരും തമ്മിൽ കൂടുതലായ ഒരു അടുപ്പം സംജാതമാക്കുക; ഇവയാണ് "അൾത്താരമാടമ്പികൾ" എന്ന സംഘടനയുടെ ലക്ഷ്യങ്ങൾ.

ദൈവവിളിയെ സംബന്ധിച്ചിടത്തോളം "അൾത്താരമാടമ്പികൾ" എന്ന സംഘടനയുടെ സ്വാധീനശക്തി അത്ഭുതാവഹമായിരിക്കുന്നു. മോൺ: പട്രിക്സ്റ്റേറ്റർ "സതേൺ കൊളറാഡോ രജിസ്റ്റർ" എന്ന പത്രത്തിൽ എഴുതുന്നു: "കിഴക്കേതീരത്തുള്ള ഒരു രൂപതയിൽ ഇക്കൊല്ലം വൈദികപട്ടമേൽക്കുന്ന എട്ടുപേർ തങ്ങളെ ദൈവത്തിന്റെ അൾത്താരയിലേക്കു അടുപ്പിച്ചതു "അൾത്താരമാടമ്പികൾ" ആണെന്നു അഭിമാനിക്കുന്നു."

പെറുവിലെ ഒരു മേരിനോൾ മിഷനറിയായ ഫാദർ റോബർട്ടു് കിൻസ് എഴുതുന്നു: "ഇവിടെ "അൾത്താരമാടമ്പികൾ" എന്ന സംഘടനയിൽ ഞങ്ങൾ തല്പരരായിരിക്കുന്നതിന്റെ പ്രധാന കാരണം, നല്ല ദിവ്യപൂജാശുശ്രൂഷകരെ ലഭിക്കുകയെന്നതിനു പുറമെ, തദ്ദേശീയവൈദികഗണത്തിലേക്കു ദൈവവിളി നേടുകയെന്നതുമാകുന്നു."

ടെക്സാസിൽനിന്നു ഫാദർ സ്റ്റാൻലി പെത്രു എഴുതുന്നു: "അൾത്താരമാടമ്പിസംഘടന എല്ലാ ഇടവകകളിലും രൂപവൽക്കരിച്ചുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അൾത്താരമാടമ്പിസംഘടന പൗരോഹിത്യത്തിലേക്കുള്ള ദൈവ

വിളിയെ സഹായിക്കുമെന്നാണു ഞങ്ങളുടെ ബോദ്ധ്യം."

ആസ്ട്രേലിയായിൽ ന്യൂസൗത്തുവെയിൽസിൽനിന്നു ഫിൽ ബേഴ്സ്റ്റൺ എന്ന ഒരു അൽമേനി എഴുതുന്നു: "കുട്ടികൾക്കായി ഇവിടെ സെക്കണ്ടറിസ്കൂളുകൾ ഇല്ല. അതുകൊണ്ടു "അൾത്താരമാടമ്പി"സംഘടന അവർക്കു പ്രയോജനകരമായിരിക്കുമെന്നു ഞങ്ങൾക്കു തോന്നി. അവരുടെ ഗണത്തിൽനിന്നാണല്ലോ പൗരോഹിത്യത്തിലേക്കും സന്യാസസഭയിലേക്കുമുള്ള ഭാവിദൈവവിളികളെ നാം ശേഖരിക്കേണ്ടതു്."

ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ദിവ്യപൂജാശുശ്രൂഷസംഘത്തിനുള്ള കഴിവുകളെ വിശദീകരിക്കുവാൻ പൂർവ്വം ദൃഢമായ സാക്ഷ്യങ്ങൾ ധാരാളം മതിയായിരിക്കുന്നു. ദൈവവിളിയുടെ കാര്യം മാററിവച്ചാൽതന്നെയും കുട്ടികളിൽ മതപരമായ ശുഷ്കാന്തിയും ഭക്തിയും കൈവളർത്തുന്നതിനു ആ പ്രസ്ഥാനത്തിനുള്ള കഴിവു് അനുഭവസിദ്ധമാണല്ലോ. മതപരമായ കർമ്മങ്ങളിൽ കുട്ടികൾക്കു ഉത്സാഹവും ഉന്മേഷവും അതു പ്രദാനംചെയ്യുന്നതാണ്.

എന്തുകൊണ്ടു് നമ്മുടെ ഓരോ ഇടവകയിലും ഓരോ "അൾത്താരമാടമ്പിസംഘ"ങ്ങൾ സ്ഥാപിച്ചുകൂടാ? പത്തോ പന്ത്രണ്ടോ ചുറുചുറുക്കുള്ള കുട്ടികളെ എല്ലാ ഇടവകയിലും കിട്ടും. കുറച്ചു സംഗീതവാസനയുള്ളവരായിരുന്നാൽ ഏറെ നന്നു്. കുർബാനയ്ക്കും വാഴ്‌വിനും മററു മതകർമ്മങ്ങൾക്കും സഹായിക്കുന്നതിനു്, ആവശ്യമായ ജപങ്ങളും പ്രാർത്ഥനകളും അവരെ പഠിപ്പിക്കുക. അവരിൽ ഒരാളെത്തന്നെ അവരുടെ ലീഡറാക്കുക. എന്നിട്ടു് ഈരണ്ടോ നന്നാലോ പേരടങ്ങിയ ഗണങ്ങളായി അവരെ തിരിക്കുകയും, ഏതു ഗണം ആഴ്ചയിലെ ഏതേതുദിവസങ്ങളിൽ ദിവ്യപൂജയ്ക്കും മററു മതകർമ്മങ്ങൾക്കും കൂടണമെന്നു നിശ്ചയിക്കുകയും ചെയ്യുക. എല്ലാവർക്കും എല്ലാദിവസവും വന്നു സംബന്ധിക്കുവാൻ സാധിച്ചെന്നു വരികയില്ലല്ലോ

ആഴ്ചയിലൊരിക്കലെങ്കിലും ദിവ്യകാരുണ്യസ്വീകരണം നിർബന്ധിതമാക്കുക. അതുപോലെതന്നെ ആഴ്ചയിൽ ഒരിക്കൽ എല്ലാവരും പള്ളിയിൽ സമ്മേളിക്കണമെന്നും ഒരു നിശ്ചിതസമയം ദിവ്യകാരുണ്യവിസിത്ത കഴിക്കണമെന്നും വെക്കുക. ഇങ്ങനെ പ്രാഥമികങ്ങളായ ചുരുക്കം ചില നിയമങ്ങൾ മതിയാകും. അൾത്താരയും മററു തിരുസ്വരൂപപീഠങ്ങളും പൂക്കളും മററുംകൊണ്ടലങ്കരിക്കുക മുതലായ ജോലികളും കുട്ടികളെ ഏല്പിക്കാവുന്നതാണ്. അവർ വളരെ ഉത്സാഹത്തോടും മത്സരത്തോടുംകൂടി അതു നിർവ്വഹിച്ചുകൊള്ളും.

യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കയിലും പതിവുള്ളതുപോലെ അവർക്കു തനിച്ചായി ഒരു വാർഷികധ്യാനം നടത്താവുന്നതാണ്. ഈ ധ്യാനാവസരങ്ങളിൽ സംഘടനയിൽ പുതുതായി ചേരാൻ ആഗ്രഹിക്കുന്നവരേയും ഉൾപ്പെടുത്താം. തങ്ങൾ മററുള്ളവരിൽനിന്നു ഭേദമായനിലയിൽ, മററുള്ളവർക്കു മാതൃകയായി ജീവിക്കണമെന്ന ഒരു തോന്നൽ അവരിൽ സംജാതമാക്കുവാൻ സാധിച്ചാൽ, അവർ നന്നായിക്കൊള്ളും; ഇടവകയ്ക്കു മുഴുവൻ ഒരു മാതൃകയായിത്തീരുകയുംചെയ്യും. കുട്ടികളായതുകൊണ്ടു് അവരെ നിയന്ത്രിക്കുക വിഷമമേറിയ ഒരു കാര്യമായിരിക്കുകയില്ല.

അവർക്കൊരു യൂണിഫോറം, അതു് അത്യാവശ്യമാണ്. പട്ടണങ്ങളിലെ പല പള്ളികളിലും ഇപ്പോൾതന്നെ അതുണ്ടു്. ഇല്ലാത്ത പള്ളികളിൽ എങ്ങനെയെങ്കിലും അവ ഉണ്ടാക്കേണ്ടതാണ്. അതിനു വേണ്ടിവരുന്ന ചെലവു് ഒരു പാഴ്ച്ചെലവല്ലതന്നെ.

—o—

# ദൈവവിളി വാരാചരണം

## കോതമംഗലം

മേയ് 6 മുതൽ 13 വരെ ഈ ഇടവകയിൽ ദൈവവിളിവാരമായി പ്രഖ്യാപിക്കപ്പെട്ടു. ദൈവവിളികൾ വർദ്ധിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയുടെ അച്ചടിച്ച പ്രതികൾ എല്ലാ വീടുകളിലും വിതരണം ചെയ്യപ്പെടുകയും 6-ാം തിയതി ദൈവവിളിവാരം ഉൽഘാടനം ചെയ്യപ്പെടുകയുംചെയ്തു. ദൈവവിളിയെ വിശദീകരിച്ചു എല്ലാ ദിവസങ്ങളിലും പ്രസംഗങ്ങളും ഭക്തചടങ്ങുകളും നടന്നു. 12-ാംതിയതി ഒരു ദൈവവിളി ധ്യാനദിവസമായിരുന്നു. വെരി റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടു അവർകളാണു് ധ്യാനം പ്രസംഗിച്ചതു്. സമാപനദിവസമായ 13-ാംനു ഞായറാഴ്ച ഭക്തപരിപാടികൾക്കു ശേഷം ഫാദർ വെള്ളരിങ്ങാട്ടു അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി. റവ. ഫാദർ ചെറിയാൻ മൂലമററം ഭാരതത്തിലെ മിഷൻപ്രവർത്തനത്തെക്കുറിച്ചു പൊതുവേയും സലേഷ്യൻസഭയുടെ പ്രവർത്തനത്തെക്കുറിച്ചു പ്രത്യേകമായും പരാമർശിച്ചു പ്രസംഗിച്ചു. പൊതുയോഗത്തിന്റെ ഒരു പ്രത്യേകത വിവിധ ജീവിതസ്ഥിതികളേയും സന്യാസിനി സന്യാസസഭകളേയും പ്രതിനിധീകരിച്ചു അതതു സഭകളുടെ ഉടുപ്പുകൾ ധരിച്ചു ഓരോരുത്തരായി പ്ലാററുഫോറത്തിൽ വന്നു വിജ്ഞാനപ്രദമായ പല പ്രസംഗങ്ങൾനടത്തി എന്നുള്ളതാണ്. തദവസരം വിവിധ സഭകളുടെ വസ്ത്രധാരണരീതിയും ജീവിതാദർശവും സുവ്യക്തമായി മനസ്സിലാക്കുന്നതിനു സദസ്യർക്കു സാധിച്ചു. ഏതാനും പ്രസംഗസംഗ്രഹം താഴെ ചേർക്കുന്നു:-

### ഇടവകവൈദികൻ

ലോകമാസകലം ക്രിസ്തുവിന്റെ ദൗത്യംവഹിച്ചു ആത്മീയശുശ്രൂഷചെയ്യുന്ന അവിടുത്തെ അനുയായികളുടെ മഹാസംഘടനയാണു് ഇടവകവൈദികർ. അപ്പസ്തോലന്മാരുടെപിൻഗാമികളായി അവർ പ്രവർത്തിക്കുകയാണു് ദൈവരാജ്യം വിസ്തൃതമാക്കുന്നതിനും ബലവത്തരമാക്കുന്നതിനും. നിസ്വാർത്ഥമതികളും ത്യാഗസമ്പന്നരുമായ യുവാക്കന്മാർ ദൈവാഹ്വാനം സ്വീകരിച്ചു്, സ്വയം പരിത്യജിച്ചു്, സെമ്മിനാരിജീവിതം കഴിച്ചു "ഇതരമിശിഹാ"മാരായി സേവനത്തിനിറങ്ങുന്നു. സെമ്മിനാരിജീവിതം അവരുടെ ആദ്ധ്യാത്മിക പരിശീലനത്തിനും വിജ്ഞാനസമ്പാദനത്തിനുമായി ചിലവഴിക്കുന്നു. സാമാന്യം പത്തുകൊല്ലത്തോളം ദീർഘിക്കുന്ന ഒരദ്ധ്യയനകാലം. ഒടുവിൽ മെത്രാന്റെ കൈവെപ്പുമൂലം പൗരോഹിത്യം സ്വീകരിച്ചു് അഭിനവാഭിഷിക്തരായി അവർ രംഗത്തേക്കിറങ്ങുന്നു, മിശിഹായ്ക്കുവേണ്ടി സേവനമനുഷ്ഠിക്കുന്നതിനു്.

### കർമ്മലീത്താസഭ

(O. C. D.)

ഏററം പ്രാചീനമായ ഒരു സന്യാസപാരമ്പര്യമാണു് കർമ്മലീത്താസഭയ്ക്കുള്ളതു്. ഉദ്ദേശം B. C. 900ത്തിൽ ഏലിയാ ദീർഘദർശിയും അനുയായികളും ചേർന്നു ആരംഭിച്ചുഎന്നാണുചരിത്രം. A. D. 13-ാംനൂററാണ്ടിൽ അതു അഭിനവരൂപം പ്രാപിക്കുകയും വി. സൈമൺ സ്റ്റോക്കുവഴി പരിശുദ്ധകന്യകമറിയത്തിന്റെ പ്രത്യേകദാനമായി ഉത്തരീയം സ്വീകരിക്കുകയും ചെയ്തു. കേരളത്തിൽ ഏതദ്ദേശീയകർമ്മലീത്താ മൂന്നാംസഭ സ്ഥാപിതമായതു് 1855 ലാണ്. ഏകാന്തത, പ്രാർത്ഥന, പ്രായശ്ചിത്തം ഇവയാണു് സഭയുടെ ചൈതന്യം. ഈ ആന്തരികജീവിതത്തോടൊത്തുപോകുന്ന മററു കത്തോലിക്കാ പ്രവർത്തനങ്ങളും സഭാംഗങ്ങൾ നടത്തുന്നുണ്ടു്. അവ എല്ലാവർക്കും സുപരിചിതങ്ങളാണല്ലോ. കേരളത്തിലെ ഏററം മികച്ച സന്യാസസഭ ഇതാണെന്നുപറയാം. കേരളീയർ അതിൽ അണിനിരക്കട്ടെ.

### ഈശോസഭ

(S. J.)

വിശുദ്ധ ഇഗ്നേഷ്യസ് ലയോള 16-ാം നൂററാണ്ടിൽ സ്പെയിനിൽ സമാരംഭിച്ചതാണു് ഈശോസഭ. തിരുസഭയ്ക്കുവേണ്ടി പോരാടുന്നതിൽ അതിപ്രശസ്തമായ ഒരു ചരിത്രം അതു സൃഷ്ടിച്ചിട്ടുണ്ടു്. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ ഇന്ത്യയിലേക്കയച്ചതു ഈ സഭയാണല്ലോ. അങ്ങിനെ ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനെ നമുക്കു പ്രദാനം ചെയ്ത ആ സഭ കേരളചരിത്രത്തിൽ ബൃഹത്തായ സേവനാദ്ധ്യായങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടു്. ഇന്നും ഭാരതത്തിൽ വേദപ്രചാരപരമായും വിദ്യാഭ്യാസപ്രവർത്തനപരമായും വിശിഷ്ടസേവനങ്ങൾ സഭ നടത്തിപ്പോരുന്നു. വിവിധ പ്രോവിൻസുകൾ കേരളീയയുവാക്കന്മാരെ സഭാംഗങ്ങളായി ചേരുവാൻ ആഹ്വാനം ചെയ്യുന്നു.

### ദൈവവചനസഭ

(S. V. D.)

ഹോളണ്ടിലുള്ള സ്റ്റെയിൽ ഗ്രാമത്തിൽ ഫാദർ ജാൻസൻ 1875-ൽ സമാരംഭിച്ചതാണു് ദൈവവചനസഭ. സുവിശേഷഘോഷണമാണു് ഈ സഭയുടെ പ്രമുഖലക്ഷ്യം. ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു സഹായകമായ എല്ലാ പ്രവർത്തനങ്ങളും അവർ ഏറെറടുത്തു നടത്തുന്നുണ്ടു്. 1932ലാണു് ഈ സഭാംഗങ്ങൾ ഇന്ത്യയിൽപ്രവർത്തനമാരംഭിച്ചതു്. 1951-ൽ ഏതദ്ദേശീയരെ അംഗങ്ങളായി സഭയിൽ സ്വീകരിക്കുവാൻ തുടങ്ങി. ധാരാളം ഭാരതീയയുവാക്കന്മാർ ഇന്നതിൽ അംഗങ്ങളാണ്.

**വിവിധ സഭകളെ പ്രതിനിധീകരിച്ചു പ്രസംഗിച്ച വേഷധാരികൾ**



ഇരിക്കുന്നവർ: 1) റിഡംപ്റ്ററിസ്റ്റ് സഭ 2) അന്തമായ വൈദികൻ 3) വെരി റവ ഫാദർ വികർ 4) വെരി റവ ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് 5) കർമ്മലീത്താ 6) ഈശോസഭ 7) മിഷനറി പുരോഹിതൻ—സെൽവരിരി (ബെനഡിക്റ്റൻ)
നിൽക്കുന്നവർ: 1) നിൽക്കുന്ന വൈദികൻ തോട്ടകം വിൻസൻഷ്യൻസഭ 2) ആരാധനാമഠം 3) വിവാഹിതയായ യുവതി 4) ചുണ്ണാങ്ങംവേലി 5) കർമ്മലീത്താമഠം 6) തിരുഹൃദയമഠം 7) ധർമ്മഗിരിമഠം 8) ക്ലാരസഭ 9) നസ്രത്തു്—എടക്കുന്നു് 10) മൂക്കന്നൂർ ചെറുപുഷ്പസഭയിലെ സഹോദരൻ.

**For favours received**



Excuse for long delay.
Inserted by
Thomas Kottackal
N. Kuthiathode

### റെഡംപ്റ്ററിസ്റ്റ് സഭ

വിശുദ്ധ അൽഫോൻസ് ലിഗോരിയാൽ 1732-ൽ സ്ഥാപിതമായ ഈ സഭ ധ്യാനപ്രസംഗങ്ങൾ ഇടവകതോറും നടത്തുന്ന മഹത്തായ സേവനത്തിലാണേർപ്പെട്ടുകൊണ്ടിരിക്കുന്നതു്. പരിശുദ്ധകന്യകമറിയത്തോടുള്ള പ്രത്യേകഭക്തി സഭാസ്ഥാപകനെ അനുകരിച്ചു സഭാംഗങ്ങൾ സവിശേഷം പരിപോഷിപ്പിച്ചുപോരുന്നുണ്ടു്. ചുരുങ്ങിയ കാലംകൊണ്ടു ലോകം മുഴുവനും വ്യാപിച്ചു മഹത്തായ ആത്മീയശുശ്രൂഷ നയിച്ചുപോരുന്ന ഒരു സ്ഥാപനമാണതു്. കേരളീയരിൽനിന്നു വളരെ കുറച്ചുപേർ മാത്രമേ ഇതിനകം ഈ സഭയിൽ ചേർന്നിട്ടുള്ളു. സഭാധികാരികൾ കേരളീയയുവാക്കന്മാരെ സസന്തോഷം സ്വാഗതം ചെയ്യുന്നുണ്ടു്.

### മലബാർ മിഷനറി യൂണിയൻ

കേരളത്തിന്റെ സ്വന്തമായി രൂപംപ്രാപിച്ചിട്ടുള്ള ഒരു സംഘടനയാണിതു്. തൃശ്ശൂർകേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ധാരാളം കേരളീയയുവാക്കന്മാരെ മിഷ്യൻരംഗത്തേക്കു ആനയിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. വൈദികരായും സഹോദരന്മാരായും സേവനമനുഷ്ഠിക്കുന്നതിനുള്ള പദ്ധതികൾ അതുൾക്കൊള്ളുന്നുണ്ടു്.

### സലേഷ്യൻസഭ

(S. D. B.)

വിശുദ്ധ ജോൺ ബോസ്കോ സ്ഥാപിച്ചു. കുട്ടികളെ ഓറട്ടറികൾ, സ്കൂളുകൾ, കലാപരവും സാങ്കേതികവുമായ സ്ഥാപനങ്ങൾ എന്നിവ മുഖേന സംസ്കാരസമ്പന്നരും സുകൃതികളുമാക്കുന്നു. അദ്ദേഹം "സലേഷ്യൻസഭ", "ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രികൾ" എന്നീ സഭകൾ സ്ഥാപിച്ചു. വിശുദ്ധ ജോൺ ബോസ്കോയുടെ ഈ വലിയ കുടുംബം പൂർത്തിയാകുന്നതു് അതിന്റെ മൂന്നാം വിഭാഗമായ "സലേഷ്യൻ സഹപ്രവർത്തകന്മാർ" കൂടി ഉൾപ്പെടുമ്പോഴാണ്.



# തിരുവല്ലാ ഇൻഫൻറ് മേരീസ് മൈനർ സെമ്മിനാരിയുടെ രജതജൂബിലി

(Rev. J. K.)

യാക്കോബായസഭയിൽ തിരുസഭയുടെ ലക്ഷ്യവും ലക്ഷണവും ഉചിതമായി ചേർന്നുകാണുന്നില്ലാ എന്നു സൂക്ഷ്മമതിയായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മനസ്സിലാക്കി. പ്രായത്ന മതിയായ അദ്ദേഹം ചുഴിഞ്ഞാലോചിച്ചു ഇതിന്റെ കാരണമെന്തെന്നു്. അതിൽ ചെയ്യേണ്ടതും ചെയ്യാവുന്നതുമെല്ലാം ചെയ്തിട്ടും ഒരു വിശേഷഫലവും അതു പുറപ്പെടുത്തിയില്ല. അതിലെ വ്യവഹാരം തീരുകയില്ല; കലഹം ശമിക്കയില്ല; ആദ്ധ്യാത്മികത്വം വളരുകയില്ല; ജനങ്ങൾക്കു ഐക്യബോധവും പുരോഹിതർക്കു ആദ്ധ്യാത്മികാനുഷ്ഠാനതീയും മുളയ്ക്കുകയില്ല. സ്വർണ്ണമെന്നു കരുതി പിത്തളയ്ക്കുവേണ്ടിയായിരുന്നു അദ്ധ്വാനിച്ചതെന്നു തിരുമേനിക്കു ഉറപ്പായി. സഭയുടെ പൂർവ്വികത്വവും ഏകത്വവും സാർവ്വത്രികത്വവും മററും അവിടുത്തേക്കു പഠനവിഷയങ്ങളായി. അന്ത്യമായി സുറിയാനിസഭയിലെ "പൊല്ലാപ്പ്"കൾ എന്തെന്നും അതിന്റെ പ്രതിവിധി എങ്ങനെ ആയിരിക്കണമെന്നും അവിടുന്നു ഗ്രഹിച്ചു. മത്സരമല്ല, ഐക്യവും ഐക്യബോധവുമാണ് വിജയനിദാനമെന്നു അവിടുന്നു കണ്ടു. തിരുമേനിയുടെ ആശാവല്ലരി തളിർത്തു, മൊട്ടിട്ടു, അലരണിഞ്ഞു. അങ്ങനെ 1930 സെപ്തംബറിൽ പുനരൈക്യം ഒരു യാഥാർത്ഥ്യമായി. കേരളകേദാരത്തിൽ താരും തളിരുമണിഞ്ഞു വിരാജിക്കുന്ന പുനരൈക്യവല്ലരി ആരെയാണ് ആഹ്ലാദിപ്പിക്കാത്തതു്!

പുനരൈക്യശില്പികൾക്കു പലതും അടിയന്തിരമായി കെട്ടിപ്പടുക്കേണ്ടിവന്നു. രൂപതയുടെ ഭദ്രത അതിലെ വൈദികരുടെ അഭ്യസനത്തിലും സേവനസന്നദ്ധതയിലും വിശുദ്ധ വ്യാപാരങ്ങളിലും മററുമാണ് അടങ്ങിയിരിക്കുന്നതു്. തന്മൂലം അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വൈദികശിക്ഷണം. തദർത്ഥം പുനരൈക്യശില്പികൾ സമുദ്യുക്തരായി. അങ്ങനെ 1931 സെപ്തംബറിൽ ഒരു വൈദികവിദ്യാമന്ദിരം തിരുവല്ലായിൽ സമാരബ്ധമായി.

പുനരൈക്യം ഒരു വസ്തുതയാകുന്നതിനു പല വർഷങ്ങൾക്കുപ്പുറം തിരുവല്ലായിലും സമീപപ്രദേശങ്ങളിലും മിഷൻവേലയിൽ അതിമാത്രം ശ്രദ്ധചെലുത്തിയിരുന്ന ഒരു വന്ദ്യവൈദികനായിരുന്നു അവിസ്മരണീയനായ ബഃ ഡോമിനിക്ക് തോട്ടാശ്ശേരിൽ എം. എ. അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമംമൂലം തിരുവല്ലാപ്പട്ടണത്തിൽ കുറച്ചു സ്ഥലം വാങ്ങുവാനും അവിടെ ചങ്ങനാശേരി രൂപതവകയായി ഒരു കെട്ടിടവും കുരിശടിയും പണിതിക്കുവാനും കഴിഞ്ഞു. 1925-ൽ ഇൻഡ്യയുടെ അന്നത്തെ ഡലഗേറ്റപ്പസ്തോലിക്കാ ആയിരുന്ന മോസ്റ്റ് റവ. ഡോക്ടർ എഡ്വേർഡ് മൂണി തിരുമേനി തിരുവല്ലായിൽ എഴുന്നെള്ളുകയും ഇപ്പോഴത്തെ കത്തീഡ്റൽദൈവാലയപരിസരത്തിലുള്ള ആ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. നൂററാണ്ടുകൾക്കുശേഷം ഒരു കത്തോലിക്കാവൈദികമേലദ്ധ്യക്ഷൻ തിരുവല്ലായിൽ വരുകയാണ്. ആ സംഭവം ഇന്നും തിരുവല്ലാക്കാരുടെ സ്മരണാമണ്ഡലത്തിൽ മായാതെ കിടപ്പുണ്ടു്. എസ്. സി. കവലയിൽനിന്നും "പാലിയിൽപ്പുറമി"ലേക്കുള്ള ആ സ്വീകരണം.

ഒരൊററ കത്തോലിക്കൻ അന്നു തിരുവല്ലായിൽ ഇല്ല. പുനരൈക്യം ഒരു യാഥാർത്ഥ്യമാവാൻ വീണ്ടും അഞ്ചുവർഷംകൂടി വേണ്ടിയിരുന്നു.

പുനരൈക്യത്തിനുശേഷം ബഃ ബഃ തോട്ടാശ്ശേരിൽ അച്ചന്റെ മേൽനോട്ടത്തിൽ ആ കെട്ടിടം പെട്ടെന്നു പൂർത്തിയാക്കി. കെട്ടിടവും സ്ഥലവും കുരിശും കുരിശടിയും ചങ്ങനാശ്ശേരി രൂപതയിൽനിന്നു തിരുവല്ലാ രൂപതയ്ക്കായി സന്തോഷപൂർവ്വം വിട്ടുതന്നു. 1931 സെപ്തംബറിൽ വിജയപുരം രൂപ



ഇൻഫൻറ് മേരീസ് മൈനർ സെമ്മിനാരി, തിരുവല്ല

താദ്ധ്യക്ഷൻ നി. വ. ദി. ശ്രീ ബെനവന്തുര അരാനാ തിരുമനസ്സുകൊണ്ടു് സെമ്മിനാരിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കേരളത്തിലെ ദൈവവിളിയെ പരമാവധി പരിപോഷിപ്പിച്ചുപോരുന്ന വന്ദ്യ ദിവ്യശ്രീ ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ ആയിരുന്നു ഈ പൊററിസെമ്മിനാരിയുടെ പ്രഥമ റെക്ടർ. അഞ്ചുകൊല്ലം അദ്ദേഹം പ്രസ്തുത ജോലി നിർവ്വഹിച്ചു പിന്നീടു് കർമ്മലിത്താസഭാംഗമായ ഫാദർ നോർബർട്ട് അവർകൾ തത്സ്ഥാനം കൈയേററു. അതിനുശേഷം വന്ന ബഃ റെക്ടർമാർ തിരുവല്ലാരൂപതയിൽപ്പെട്ടവർതന്നെയായിരുന്നു.

136 പേരുകൾ ഈ സെമ്മിനാരിരജിസ്റ്ററിൽ ഉണ്ടു്. അതിൽ അമ്പതുപേർ വൈദികരായി. വൈദികരിൽ മുപ്പതുപേർ തിരുവല്ലാരൂപതയിലും ആറുപേർ തിരുവനന്തപുരം അതിരൂപതയിലും മററുള്ളവർ ഭാരതത്തിലെ വിവിധ രൂപതകളിലും സുവിശേഷഘോഷണം നിർവ്വഹിക്കുന്നു. നാല്പത്തഞ്ചുപേർ ഉപരിപഠനം നടത്തുന്നു. ഇരുപത്തഞ്ചുവയസ്സുമാത്രം പ്രായമുള്ള ഈ കൊച്ചുസെമ്മിനാരി ഒരു മെത്രാനേയും (തിരുവല്ലായുടെ നി. വ. ദി. ശ്രീ സഖറിയാസ് മാർ അത്തനാസിയോസ്) പ്രശസ്യരായ രണ്ടു മോൺസിഞ്ഞോർമാരേയും (റൈററ് റവ. മോൺ. മാത്യു നെടുങ്ങാട്ട്, വെരി റവ. മോൺ. ജോൺ കച്ചിറമററം) പുറപ്പെടുത്തിയിരിക്കുന്നു. 1955-ൽ തിരുവനന്തപുരം അതിരൂപതയ്ക്കും തിരുവല്ലാ രൂപതയ്ക്കും പ്രത്യേകം സെമ്മിനാരികൾ ഉണ്ടായി. അനുദിനം അഭിവൃദ്ധമായിവരുന്ന പുനരൈക്യത്തെ വേണ്ടവണ്ണം പരിചരിച്ചുയർത്തത്തക്കവണ്ണം വൈദികസംഖ്യ വർദ്ധിക്കേണ്ടിയിരിക്കുന്നു. ഇന്നു നാനാഭാഗത്തുനിന്നും ക. സഭയിൽ ചേരുവാനായിവരുന്ന അപേക്ഷകരെ സ്വീകരിക്കാൻതക്കവണ്ണം പണമില്ല; ആ മിഷനുകളെ പരിചരിക്കാൻ വൈദികരുമില്ല. പുനരൈക്യരജതജൂബിലിയാഘോഷത്തിനുശേഷം നാല്പതിൽപ്പരം പുതിയ മിഷനുകൾ ആരംഭിച്ചിട്ടുണ്ടു്. ആയിരമായിരംപേർ കത്തോലിക്കാതിരുസഭയിൽ പ്രവേശിച്ചിട്ടുണ്ടു്. "വിളവു വളരെ, വേലക്കാരോ ചുരുക്കം."

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭദശയിൽ വൈദികർ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. ഉടനടി പരിഹരിക്കാവുന്നതല്ലല്ലോ വൈദികരുടെ വൈരള്യം. അയൽരൂപതകളിലെ വൈദികാദ്ധ്യക്ഷന്മാർ—പ്രത്യേകിച്ചു എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ തിരുമേനിയും ചങ്ങനാശ്ശേരിമെത്രാൻ മാർ ജയിംസ് കാളാശ്ശേരി തിരുമേനിയും ആളുകൊണ്ടും അർത്ഥംകൊണ്ടും പുനരൈക്യത്തെ വളരെയധികം സഹായിച്ചു. പുനരൈക്യം സർവ്വസുന്ദരമായ യൗവനദശയെ ഇനിയും പ്രാപിച്ചിട്ടില്ല എങ്കിലും വൈദികർ, സന്യാസിനിസന്യാസികൾ എന്നിവരെ മാത്രമല്ല വിദേശമിഷനറിമാരേയും രൂപതകൾ അനിതരസാധാരണപാടവത്തോടെ ഭരിക്കാൻ കെല്പുററ മെത്രാന്മാരേയും മെത്രാപ്പോലീത്താമാരേയും തിരുസഭയ്ക്കു പ്രദാനംചെയ്തിരിക്കുന്നു. അതേ, ആശാവഹമായ ഒരു ശോഭനഭാവിയുടെ പിശുനമാണിക്കാണുന്നതു്.

കാലം അതിന്റെ വത്സരവൃത്തത്തിൽ ഒരിരുപത്തഞ്ചുപ്രാവശ്യം ചുററിക്കറങ്ങിയപ്പോൾ ചെറുതെങ്കിലും സൗകര്യപ്രദമായ ഒരു കത്തീഡ്റൽ പണിതീർന്നിരിക്കുന്നു. അന്നു പാട്ടസ്ഥലമായിരുന്നെങ്കിൽ ഇന്നു് ഏകദേശം അഞ്ചേക്കറോളം സ്ഥലം കത്തീഡ്റലിനു സ്വന്തമായുണ്ടു്. അതിനടുത്താണു മേരിഗിരി അരമനയും ജൂബിലിമെമ്മോറിയലായി ഇപ്പോൾ പണിതീർത്തിരിക്കുന്ന "ഇൻഫൻറ് മേരീസ് മൈനർ സെമ്മിനാരി"യും. മുപ്പതോളംപേർക്കു മിതമായ സൗകര്യത്തോടെ താമസിച്ചുപഠിക്കാൻ പാറിയ ഇരുനിലക്കെട്ടിടമാണതു്.

തിരുവല്ലാരൂപതയിലെ ഈ പെററിസെമ്മിനാരിയുടെ രജതജൂബിലിമഹാമഹമാണ് ഈ മേയ്മാസം 20, 21, 22 തീയതികളിൽ ആഘോഷസമന്വിതം കൊണ്ടാടപ്പെട്ടതു്. 19-ാം തീയതി വൈകിട്ടു് 6 മണിക്കു് തിരുവല്ലാമെത്രാൻ റൈററ് റവ. മാർ അത്തനാസിയോസ് തിരുമേനി പതാകയുയർത്തി. 20-ാം തീയതി ഞായറാഴ്ച പതിമൂന്നുമണിക്കൂർ ആരാധനയും അതിന്റെ അവസാനത്തിൽ കൃതജ്ഞതാസ്തോത്രഗാനാലാപവും ഉണ്ടായിരുന്നു. ഇന്നു വിവിധകലാപ്രകടനങ്ങളും സിനിമാപ്രദർശനവും നടന്നു. രണ്ടാമത്തെദിവസം വിദ്യാർത്ഥികളുടെ വിവിധ മത്സരങ്ങൾ നടത്തപ്പെട്ടു. സമാപനദിവസം കാലത്തു ആഘോഷമായ തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചതിരിഞ്ഞു് മൂന്നുമണിക്കു് തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗംചേർന്നു. തദവസരത്തിൽ പ്രസ്തുത സെമ്മിനാരിയുടെ പ്രഥമ റെക്ടറായിരുന്ന വെരി റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് അവർകളും പൂർവ്വവിദ്യാർത്ഥിയായ റവ. ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി അവർകളും പ്രസംഗിച്ചു കലാപ്രകടനങ്ങളും സംഗീതാലാപങ്ങളും സമ്മേളനത്തെ മോടിപിടിപ്പിച്ചു. ഇൻഫൻറ് മേരീസ് മൈനർ സെമ്മിനാരി വിജയിക്കട്ടെ!

—ഠ—

---

തിരുക്കുടുംബത്തിന്റെയും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

എ. വി. ജോസഫ്
അവരാപ്പാട്ട്, കോതമംഗലം

---

ആഖ്യായിക

## ബറാബാസ്



അദ്ധ്യായം 15 [തുടർച്ച]

### കാന്ദിശീകനും ഗൂഢചാരിയും

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

ബറാബാസ് വേദഗ്രന്ഥങ്ങളെപ്പററി ചിന്തിക്കാറില്ലായിരുന്നു. അവ ശ്രദ്ധാവിഷയമെന്നു അയാൾ പരിഗണിച്ചുമില്ലാ. പക്ഷേ സ്വയം "നിർദ്ദോഷി" എന്നു് വിധിച്ചതിനു പ്രത്യാഖ്യാനമായി ഒരു വേദവാക്യം അവന്റെ കാതുകളിൽ പ്രതിധ്വനിച്ചു. "നീ ഭൂമുഖത്തു ഒരു കാന്ദിശീകനും ഒരു ഗൂഢചാരിയും ആയിത്തീരും" എന്നു കർത്താവു കായേനോടു ഉച്ചരിച്ച ആ വാക്യം തന്നെ. കായേൻ! കായേൻ ചെയ്തതു ശരിയായിരുന്നു എന്നായിരുന്നു ബറാബാസിന്റെ അഭിപ്രായം. ഭൂമുഖത്തു വൻകാര്യങ്ങളെല്ലാം അക്രമം കൊണ്ടല്ലേ നടക്കുന്നതു്? കയ്യൂക്കുള്ളവന്റെ അവകാശമല്ലയോ സകല സംഗതികളിലും പ്രബലപ്പെടുക?

നസ്രായന്റെ മരണം ബറാബാസിന്റെ മനോദർപ്പണത്തിൽ കാണായി. റബ്ബി യേശുവുമായി മരുഭൂമിയിലും യാക്കോബിന്റെ കിണററിനു സമീപവും ഉണ്ടായ സന്ദർശനത്തിന്റെ സ്മരണയാകട്ടെ അവജ്ഞയുടെ ശക്തിയായ തിരത്തള്ളൽ അയാളിൽ ഉളവാക്കി. ഇസ്രായേലിനെ അപഥസഞ്ചാരത്തിനു സജ്ജമാക്കുന്ന, തങ്ങളുടെ ദുർവ്വിധി ക്ഷമയോടുകൂടി സഹിക്കണമെന്നും വിപ്ലവത്തിനു തുനിയരുതെന്നും ജനങ്ങളോടുപദേശിക്കുന്ന, ആ നിർവ്വീര്യനു ശാപം എന്നായിരുന്നു ബറാബാസിന്റെ ആശംസ. ഈശോ തന്നോടു പറഞ്ഞ വാക്കുകളോ! "ഈ പരീക്ഷണത്തിൽനിന്നു് ഇസ്രായേലിനെ വിമോചിക്കണമെന്നു പിതാവു ആഗ്രഹിച്ചിരുന്നുവെങ്കിൽ അവിടുത്തേക്കു നിങ്ങളുടെ സഹായം ആവശ്യമായിരിക്കും എന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" എന്നിങ്ങനെയായിരുന്നു. പിതാവിനെന്നെ ആവശ്യമില്ലെങ്കിൽ മനുഷ്യന്റെ ഛായമാത്രമായ, മിത്ഥ്യാചികിത്സകനും, മായാകരനുമായ തന്നെ ആവശ്യമുണ്ടോ പിതാവിനു എന്നു് നസ്രായനോടായിട്ടു ബറാബാസ് ചോദിക്കുകയും ചെയ്തു. തനിക്കു യേശുവിനെപ്പററി അസൂയയുള്ളതായി ബറാബാസിനപ്പോൾ തോന്നി. ജനങ്ങൾ കൂടുതൽ കൂടുതലായി നസ്രായനെ അനുഗമിക്കുന്നതും തന്നിൽനിന്നകന്നുമാറുന്നതും എന്തുകൊണ്ടെന്ന ചോദ്യത്തിനുത്തരം കാണുവാൻ ബറാബാസയാളുടെ തലച്ചോറു മാന്തിനോക്കി. "കാന്ദിശീകനും ഗൂഢചാരിയും" എന്ന വചനങ്ങളുടെ പ്രതിധ്വനി വീണ്ടും അയാൾക്കനുഭവപ്പെട്ടു. തന്റെ പരാജയത്തിനു കാരണം താൻതന്നെയാണെന്നുള്ള വിചാരം അയാൾ തട്ടി ദൂരെയെറിഞ്ഞു. രീതി മാററി പ്രവൃത്തി തുടങ്ങിയാൽ വിജയത്തിലെത്താമെന്നുതന്നെ അവസാനത്തിൽ ബറാബാസ് തീരുമാനിച്ചു.

എസ്രാം അക്ഷമനായികഴിഞ്ഞിരുന്നു. കണ്ണും തുറന്നു അന്ധകാരത്തിലേക്കു തുറിച്ചുനോക്കി വളരെ നേരമായി മുതുകു കിടക്കയിൽ ചേർത്തു അയാൾ കിടക്കുകയായിരുന്നു. സംഭാഷണം ഒരു ചോദ്യത്തോടുകൂടി അയാൾ ആരംഭിച്ചു; "ബറാബാസ്, ഈ മാളത്തിൽനിന്നു വെളിയിറങ്ങിയാൽ നാമെന്താണ് ചെയ്യുക?"

"ഹെറിസീം മലമുകളിൽ പോയി ഒളിവിൽ താമസിക്കണം. ആ സ്ഥലത്തെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. മലയുടെ അടിയിൽ വളരെ ആഴത്തിലെത്തുന്ന കന്ദരങ്ങൾ ഉണ്ടെന്നാണ് ശ്രുതി. അവിടെ നാം സുരക്ഷിതരായിരിക്കും."

"സുരക്ഷിതർ! ഞാൻ എന്റെ രക്ഷയെപ്പററി ഒട്ടുംതന്നെ ചിന്തിക്കുന്നില്ലാ. രക്ഷയുണ്ടായാലും ഇല്ലെങ്കിലും എല്ലാം ഒന്നുതന്നെ. നിങ്ങളുടെ പ്രവർത്തനപരിപാടിയെപ്പററിയാണ് എനിക്കറിയേണ്ടതു്. അതാണല്ലോ, അതു മാത്രമാണല്ലോ ശ്രദ്ധാർഹമായിട്ടുള്ളതു്."

ബറാബാസ് ഇപ്പോഴേക്കും ഒരു തീരുമാനത്തിലെത്തിയിരുന്നു. തന്റെ അനുയായികളുമായി നേരിൽ സമ്പർക്കത്തിലേർപ്പെട്ടാൽ സംഗതികൾ ശരിപ്പെടുമെന്നയാൾക്കു വിശ്വാസമുണ്ടായി.

"അല്പമൊരു ശാന്തതയുണ്ടായാൽ നമുക്കു മരുഭൂമിയിലേക്കു്—നമ്മുടെ പാളയത്തിലേക്കു—മടങ്ങാം." ഈ തീരുമാനം എസ്രാമിനെ ഉന്മേഷചിത്തനാക്കിത്തീർത്തു. ബറാബാസിന്റെ പേരിൽ അതിയായ കൃതജ്ഞതയും അയാൾക്കുണ്ടായി.

"ബറാബാസ്, ഈ തീരുമാനത്തിനായി ഞാൻ ദൈവത്തിനു നന്ദി പറയുന്നു. ഞാൻ ഇതേപ്പററി ഒർഘനേരം ചിന്തിക്കുകയായിരുന്നു. തീർച്ചയായും അത്യുത്തമമായ ഒരു കർത്തവ്യമാണതു്. ആ മായൻ യൂദാബെൻ യാക്കോബുമായി വലിയകുഴപ്പത്തിനുവകയില്ലാ. ദൃഢമായ മനക്കരുത്തുള്ള ഒരാൾ നമ്മുടെ ആളുകളുടെ നായകത്വം വീണ്ടും വഹിക്കുവാനിടയാകുന്നതു്" അയാൾ ഭാഗ്യമായികരുതുകയേയുള്ളു. ഒരുപക്ഷേ വേനലാകുന്നതോടുകൂടി ആയോധനം തുടങ്ങുവാൻ സാധിച്ചെന്നും വരും. "ബറാബാസ്", നിങ്ങൾ നിങ്ങളെത്തന്നെ സംശയിക്കാതിരുന്നാൽ ബാക്കിയുള്ളവർ തീർച്ചയായും നിങ്ങളിൽ വിശ്വസിച്ചുകൊള്ളും."

"ഏതായാലും നാം ഇനി സമരായരുടെ സഹകരണം കാര്യമാക്കേണ്ടതില്ല, മെനസ്സെ പറഞ്ഞതു താൻ കേട്ടില്ലേ?"

"സമറായരെ കൂടാതെയും നാം വിജയിക്കും തീർച്ചയായും ധനമോഹികളായ റോമന്മാരെക്കാൾ നാം മെച്ചമാണു്."

"റോമന്മാർക്കു മേൽത്തരം ആയുധസാമഗ്രികളുണ്ടു്. അടുത്തടുത്തു അണിനിരന്നുള്ള യുദ്ധത്തിൽ അവർക്കു കൂടുതൽ പരിചയവുമുണ്ടു്."

സാങ്കേതികങ്ങളായ ആ ആലോചനകളൊന്നും എസ്രാമിന്റെ ഉത്സാഹം മന്ദിപ്പിക്കുവാൻ മതിയായില്ലാ. അയാൾ സംഭാഷണം തുടർന്നു.

"എക്കാലത്തും ആ അവസ്ഥയുണ്ടായിരുന്നല്ലോ. എന്നാൽ ഇവിടെ വന്നിട്ടുള്ള ഈ വിദേശിപ്പട്ടികൾ പണം മോഹിച്ചിതിന്നിറങ്ങിയിട്ടുള്ളവരാണു്. എന്തിനുവേണ്ടിയാണു യുദ്ധം ചെയ്യുന്നതെന്നു

യാതൊരു നിശ്ചയവുമവർക്കില്ല. നാമാകട്ടെ നമ്മുടെ സമുദായത്തിനും നമ്മുടെ മതത്തിനും വേണ്ടി യുദ്ധം ചെയ്യുന്നു. അവർ യുദ്ധം ചെയ്യുന്നതു ലാഭേച്ഛമൂലവും. അതുകൊണ്ടാണ് ഇപ്പോളുള്ള ആളുകളെക്കൊണ്ടുതന്നെ വളരെയധികം പ്രവർത്തിക്കുവാൻ നമുക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നതു്. എന്താ, ശരിയല്ലേ ബറാബാസ്?"

"ശരിയാണ്. അല്ലെങ്കിൽ പാളയത്തിലേക്കു മടങ്ങിച്ചെല്ലുവാൻ ഞാൻ മനസ്സു വെക്കുകയില്ലായിരുന്നു. പക്ഷെ, നമുക്കു കാണാൻ കഴിയും..."

എസ്രാ സംഭാഷണം തുടൎന്നു; "ഏററം കഷ്ടമായ കാര്യം ഈ നസ്രായൻ ഈശോ അധഃസ്ഥിതവർഗ്ഗങ്ങളിൽനിന്നു ഒട്ടുവളരെ ആളുകളെ അദ്ദേഹത്തിന്റെ സമ്പ്രദായത്തിലേക്കു ആകർഷിച്ചിട്ടുണ്ടെന്നുള്ളതാണ്. എങ്കിലും നാം ഏതാനും റോമൻഭടസംഘങ്ങളെ ജയിച്ചുകഴിയുമ്പോൾ ആ കൂട്ടം നമ്മോടു യോജിക്കുകതന്നെ ചെയ്യും. ഒടുവിൽ സമരം കൊണ്ടേ വിജയമുണ്ടാകുവെന്നു അവരും സമ്മതിക്കും, സംശയമില്ല."

ബറാബാസ് ഒന്നും സംസാരിച്ചില്ല. എസ്രായും നസ്രായനെപ്പററി ചിന്തിക്കുകയായിരുന്നുവെന്നതു അയാൾക്കു വിസ്മയാവഹമായി തോന്നി. ഈ നസ്രായനെ എല്ലാവരും ഇത്ര കാര്യമാക്കുവാൻ എന്തു ബന്ധം. അയാൾ നാശത്തിലേക്കു പാഞ്ഞടുക്കുകയാണെന്നിവർക്കാർക്കും കാണരുതോ? ഏതായാലും ശത്രുക്കളെപ്പോലും തന്നിലേക്കാകർഷിക്കുന്ന ഏതോ ശക്തി ഈ നസ്രായനിലുണ്ട്. ഈ ചിന്ത ഈശോയുടെ പേരിൽ ബറാബാസിനു തോന്നിയിരുന്ന അവജ്ഞയും വെറുപ്പും വർദ്ധിപ്പിച്ചതേയുള്ളു. കോപംകൊണ്ടു് അയാൾ ആ വയ്ക്കോൽ മെത്തയിൽ സ്വല്പനേരത്തേക്കു മറിയുകയും തിരിയുകയും ചെയ്തു.

നിലയറയിലെ മേൽത്തട്ടിലുണ്ടായിരുന്ന വിടവിൽക്കൂടി അകത്തേക്കു കടന്ന പ്രകാശം മങ്ങി മങ്ങി ഇല്ലാതായി. നിശയിലെ ഇരുൾ പുറത്തെല്ലാം വ്യാപിച്ചിരുന്നു. ഭവനത്തിനുള്ളിൽ സകലവും നിശ്ശബ്ദമായി. എസ്രായും ബറാബാസും എന്താണടുത്ത സംഭവം എന്നു പാർത്തുകൊണ്ടു് മൗനം അവലംബിച്ചു. ഇങ്ങനെ മണിക്കൂറുകൾ പലതു കഴിഞ്ഞുവെന്നു് അവർ ചിന്തിച്ചപ്പോളാണ് മുകളിൽ നിന്നു ഒരു കൈക്കോവണി താഴെ എത്തിയതും, അതുവഴി മെനസ്സെ അവരുടെ പക്കൽ ആഗതനായതും. അയാൾ അവർക്കു ഭക്ഷണസാധനങ്ങളും ഹെബ്രോൻ പർവ്വതത്തിന്റെ വടക്കേ ചെരിവുകളിൽ വളൎന്ന മുന്തിരിച്ചെടികളിൽ നിന്നുണ്ടാക്കിയ ഒന്നാംതരം വീഞ്ഞും കൊണ്ടുചെന്നുകൊടുത്തു. "ഈ പട്ടണത്തിൽ നൂറു റോമൻഭടന്മാരുള്ള ഒരു സംഘത്തെക്കൂടി കാവലിനേർപ്പെടുത്തിയിട്ടുണ്ടു്. അവർ ഞങ്ങളുടെ പുരോഹിതന്മാരെ ഉപദ്രവിക്കുകയും ആരാധനമന്ദിരം കൈവശപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രക്തനികുതി സമാറിയായിൽനിന്നും വസൂലാക്കുമെന്നാണ് ശ്രുതി. ഭടന്മാർ തെരുവുകളിലെല്ലാം ചുററി നടന്നു കാവലുണ്ടു്. സന്ധ്യക്കു ശേഷം ആരെങ്കിലും വെളിയിൽ സഞ്ചരിക്കുന്നതായാൽ അവരെ പിടിച്ചു പണിപ്പുരകളിൽ ജോലിക്കയക്കുമെന്നു വിളംബരവുമുണ്ടായിട്ടുണ്ടു്." മെനസ്സെ ഇത്രയും പറഞ്ഞപ്പോൾ ബറാബാസും എസ്രായും ചാടിഎണീററു.

'എന്താ, നാം കുരുക്കിൽ അകപ്പെട്ടിരിക്കുന്നോ?" ബറാബാസ് ചോദിച്ചു.

"പട്ടണത്തിൽനിന്നു വെളിയിൽ പോകുക വളരെ പ്രയാസമാണു്. എന്തായാലും നിങ്ങൾ പോയേ കഴിയൂ. ഇവിടെയെങ്ങാനും നിങ്ങളെ കണ്ടാൽ അവർ നഗരം മുഴുവനും ചുട്ടു ചാമ്പലാക്കും."

"ഞങ്ങൾ ഇതാ പോകുന്നു" ബറാബാസ് പറഞ്ഞു. ഉടനടി എസ്രാ സമ്മതഭാവം കാണിച്ചു. "ഞങ്ങൾ പട്ടണത്തിൽ പ്രവേശിച്ച വഴിതന്നെ പട്ടണത്തിൽ നിന്നു പുറത്തിറങ്ങിക്കൊള്ളാം" ബറാബാസ് തുടൎന്നു.

"ഞാൻ നിങ്ങൾക്കു വഴി കാണിച്ചുതരാം" മെനസ്സെ പ്രസ്താവിച്ചു.

"ആ ഉപകാരം ഞങ്ങൾ പ്രതീക്ഷിച്ചതല്ലാ."

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുവിൻ. ഭക്ഷണാനന്തരം നമുക്കു പുറപ്പെടാം."

അവർ നിശ്ശബ്ദരായിതന്നെ ഭക്ഷണം കഴിച്ചു. അനന്തരം കോവണി കയറി മെനസ്സെയോടൊന്നിച്ചു മുകളിൽ പുരമുറിയിൽ എത്തി. ആ ഭവനം വിജനമായി തോന്നി. പെട്ടെന്നു അവർ പന്തൽ കടന്നു പിൻതെരുവിൽ പ്രവേശിച്ചു.

നഗരമെങ്ങും നിശ്ശബ്ദത വ്യാപിച്ചു. അങ്ങാടിഭാഗത്തു ഒരു നേരിയ പ്രകാശം കാണാമായിരുന്നു. ഭടന്മാർ ഉണ്ടാക്കിയ അടുപ്പുകളിൽനിന്നു പുറപ്പെട്ടതായിരുന്നു അതു്. തിരിച്ചറിയാൻ അസാദ്ധ്യമായിരുന്ന ചില സംഭാഷണശകലങ്ങളും ഇവർ കേട്ടു. കാവൽ നിന്ന ഭടന്മാർ ഓരോന്നു ചോദിക്കുകയും പറയുകയും ചെയ്തതിന്റെ സ്വരമായിരുന്നിരിക്കാം. (തുടരും)

ആത്മകഥാകഥനം

# കണ്ണുണ്ടായിട്ടും കാണാത്തവർ

[വറുഗീസ് പ്ലാമ്പറമ്പിൽ, തിരുവല്ലാ]

[തിരുവല്ലാ S. C. S. കവലയിൽ കോഴഞ്ചേരിറോഡിനു തൊട്ടടുത്തു് ഒരു ചെരിപ്പുകടയുണ്ടു്. പ്രഭാതം മുതൽ പ്രദോഷംവരെ ആ ചെറുകടയിൽ ഇരുന്നു ചെരുപ്പു തുന്നുന്ന ഒരു പണിക്കാരനാണ് 'കുഞ്ഞൂഞ്ഞു്' എന്നറിയപ്പെടുന്ന മി. വർഗ്ഗീസ്. യാത്രക്കാരായ അനേകർ അവിടെവന്നു വിശ്രമിക്കാറുണ്ട്. ഒരിക്കൽപ്പോലും സഭയെക്കുറിച്ചും വേദപുസ്തകത്തെക്കുറിച്ചും അവരോടു അയാൾ എന്തെങ്കിലും സൂചിപ്പിക്കാതെ ഇരിക്കയില്ല. വിൻസെൻറു് ഡിപോൾ സംഘടനയിലെ ഒരു സജീവാംഗമാണു് ഈ തൊഴിലാളി. മർത്തോമ്മാക്കാരോടും യാക്കോബായക്കാരോടും സി. എസ്. ഐക്കാരോടും പെന്തക്കോസ്തുകാരോടും അവരുടേതായ പ്രമാണങ്ങളേയും ആചാരങ്ങളേയും എടുത്തുകാട്ടി അയാൾ സംസാരിക്കുമ്പോൾ ഒരു വി. പൗലോസിന്റെ തീക്ഷ്ണതയാണു് അയാൾക്കുള്ളതു്.



മി. വറുഗീസ് പ്ലാമ്പറമ്പിൽ

വേദപുസ്തകത്തിലെ വാക്യങ്ങളും സംഭവങ്ങളും ചരിത്രങ്ങളും അയാൾക്കു നല്ല നിശ്ചയമാണു്. യുക്തിപൂർവ്വം സംസാരിക്കാനുള്ള വചോവിലാസവും കേട്ടകാര്യങ്ങളെ ഓർമ്മയിൽ സംഗ്രഹിച്ചു ആവശ്യാനുസാരം എടുത്തു പ്രയോഗിക്കാനുള്ള ഒരു പ്രത്യേക കഴിവും അയാൾക്കുണ്ട്. ധാരാളം കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വരുത്തിയും ശേഖരിച്ചും അനേകരെക്കൊണ്ടു വായിപ്പിക്കുന്നുണ്ടു് അദ്ധ്വാനനിരതനായ ആ ത്യാഗശീലൻ. പലരും ധാരണാപ്പിശകുമൂലവും ഔദ്ധത്യത്താലുമാണു കത്തോലിക്കാസഭയെക്കുറിച്ചു പഠിക്കാത്തതും അതിൽ പ്രവേശിക്കാത്തതും എന്നു അദ്ദേഹം ഏററം ലളിതമായി സ്വാനുഭവം വച്ചു വിവരിക്കുന്നു. J. A.]

സുമാർ ഇരുപത്തഞ്ചു വർഷങ്ങൾക്കപ്പുറം മാർ ഈവാനിയോസു തിരുമേനിയുടേയും അദ്ദേഹത്താൽ സ്ഥാപിതമായ ബഥനിമഠത്തിലെ ബ. കന്യാസ്ത്രീകളുടേയും ആദ്ധ്യാത്മികപരിപാലനത്തിൽ വളർന്ന ഞങ്ങൾ തികച്ചും സംതൃപ്തരായിരുന്നു; സന്തുഷ്ടരായിരുന്നു. പൊടുന്നനേ ഈവാനിയോസു തിരുമേനി കത്തോലിക്കനായി. ഈ വാർത്ത നാടാകെ നിറഞ്ഞു. വിവരമറിഞ്ഞ എന്റെ പിതാവു് മററനേകരെപ്പോലെ ഇതിൽ ദുഃഖിതനായി. ദുഃഖവും നിരാശയും, വാശിയും വിരോധവുമായി പകന്നു.

ഒരു ദിവസം മാർ ഈവാനിയോസുതിരുമേനി, പതിവുപോലെ ബഥനിമഠത്തിൽനിന്നു് ആശ്രമത്തിലേക്കു മടങ്ങുമ്പോൾ, തിരുമേനി കേൾക്കത്തക്കവിധം എന്റെ പിതാവു് വളരെയധികം ശകാരങ്ങളും ദൂഷിവാക്കുകളും പുലമ്പി. മൗനനായി തിരുമേനി നടന്നുപോയി. ആശ്രമത്തിലെത്തിയിട്ടു് അപ്പച്ചനെ വിളിക്കുവാൻ ഒരാളെ പറഞ്ഞയച്ചു. പാവപ്പെട്ട യാക്കോബായസഭയെ വഞ്ചിച്ചു കത്തോലിക്കാ സഭയിൽ ചേൎന്ന ആളോടു അപ്പച്ചനുണ്ടായിരുന്ന അമർഷം എത്രയെന്നു പറയുക പ്രയാസം. ഏതായാലും അപ്പച്ചൻ അവിടെ ചെന്നു. തിരുമേനി കത്തോലിക്കാ സഭയിൽ ചേൎന്നതിന്റെ കാരണം സവിസ്തരം പറഞ്ഞു. ദുർബ്ബുദ്ധിയും കോപകലുഷിതനുമായി അങ്ങോട്ടു ചെന്ന എന്റെ പിതാവു സൽബുദ്ധിയും സന്തുഷ്ടനുമായി മടങ്ങിവന്നു. പിന്നീടധികംനാൾ വേണ്ടിവന്നില്ല ഞങ്ങളും കത്തോലിക്കാ തിരുസഭയിൽ ചേരുന്നതിനു്. അന്നെനിക്കു് വയസ്സു പതിന്നാലേ ഉള്ളൂ. സാഹചര്യങ്ങളുടെ ഒഴുക്കിൽപെട്ടു കത്തോലിക്കാ വിശ്വാസം എന്തെന്നു ശരിക്കു മനസ്സിലാക്കാതെ മർത്തോമ്മാക്കാരും പെന്തിക്കോസ്തുകാരുമായ പല സ്നേഹിതരുമായി ഞാൻ കൂട്ടുകൂടി നടന്നു. കത്തോലിക്കാസഭ പുലയർ, പറയർ, മരയ്ക്കാന്മാർ മുതലായവരുടെ സഭയാണെന്നും അവർ നാമമാത്ര ക്രിസ്ത്യാനികളാണെന്നും മററും അപവദിക്കുന്നതിനുവേണ്ടി മാത്രം ഞങ്ങൾ പറഞ്ഞുതുടങ്ങി. അതേസമയം പെന്തിക്കോസ്തുകാരുടെ ബൈബിൾക്ലാസിനു സംബന്ധിക്കുകയും സമാന്തരത്തുടരം, അഹറോന്യപൗരോഹിത്യം, സെൻഹെദ്രീം സംഘം മുതലായവയെക്കുറിച്ചു പഠിക്കുകയും ചെയ്തു. പഴയനിയമവും പഴയനിയമകാലആചാരവും പുതിയനിയമത്തിന്റേയും പുതിയനിയമത്തിലെ സഭയുടേയും പ്രതിരൂപമായിരുന്നെന്നും പഴയതിൽ പറഞ്ഞിരിക്കുന്ന ബലികളും ഹോമബലികളുമെല്ലാം ക്രിസ്തുവിനെക്കുറിക്കുന്നവയാണെന്നും സഭ ദൃശ്യമല്ലെന്നും കൂദാശകൾ വെറും ബാഹ്യാചാരങ്ങൾ മാത്രമാണെന്നും അഹറോന്യ പൗരോഹിത്യം അവസാനിച്ചതോടെ വൈദികത്വം അവസാനിച്ചെന്നും, ഇപ്പോഴത്തെ കൈവെപ്പും പിൻതുടർച്ചയും തെററാണെന്നും അന്യഭാഷാവരത്തോടുകൂടെ പ്രത്യേകം ലഭിക്കുന്നതാണു് പരിശുദ്ധാത്മാഭിഷേകമെന്നും അപ്രകാരമുള്ള അഭിഷേകം പ്രാപിക്കാത്തവർ ക്രിസ്തീയസഭയുടെ അംഗമാകുകയില്ലെന്നും മററും പരസ്പരവിരുദ്ധങ്ങളായ ആശയഗതികൾ എന്നിൽ പററിക്കൂടി. വേദപുസ്തകാനുസാരം ജീവിക്കുന്ന ആരേയും കാണാനില്ല. തദനുസാരം പഠിപ്പിക്കുന്ന സഭകളെ ഒന്നിനെപ്പോലും ഞാൻ കണ്ടുമില്ല. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്നും ആത്മാവു സാദ്ഗ്ഗ്രാപ്തമാകണമെന്നും എനിക്കാഗ്രഹംവർദ്ധിച്ചു. അതിനുവേണ്ടി കൈയിൽ കിട്ടിയ എല്ലാ ചരിത്രപുസ്തകങ്ങളും ആദ്ധ്യാത്മികഗ്രന്ഥങ്ങളും വായിച്ചുകൊണ്ടിരുന്നു. അപ്പോഴും എന്റെ സംശയങ്ങൾ വർദ്ധിക്കുകയായിരുന്നു.

അപ്പോൾ തോന്നി ഈ കത്തോലിക്കരെക്കുറിച്ചുകൂടി ഒന്നു മനസ്സിലാക്കിക്കളയാം എന്നു്. പലരും ഈവാനിയോസുതിരുമേനിയുടെകൂടെ ചേരുന്നുമുണ്ടു്. അപ്പച്ചനും അമ്മച്ചിയും ചേൎന്നു കഴിഞ്ഞു. ഞാനും പേരിൽ കത്തോലിക്കനാണ്. പക്ഷേ, കത്തോലിക്കൻ എന്ന നിലയിൽ വിശേഷതരമായ അനുഭവങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. ആത്മസമാധാനമില്ലായ്മയാണു് ഏറെ ക്ലേശാവഹം. എങ്കിലും കത്തോലിക്കാസഭയുടെ വലുപ്പം, ഏകത്വം, ഒരിടയന്റെ കീഴിൽ പററം ചേൎന്നു നില്ക്കുന്ന ഐക്യബോധം ഇവയെല്ലാം എനിക്കു മനസ്സിലായി.

അങ്ങനെ ഇരിക്കെ ബ. ബ. ഫ്റാൻസിസ് കാളാശ്ശേരി അച്ചന്റെ ഒരു ധ്യാനപ്രസംഗത്തിൽ ഞാനും സംബന്ധിച്ചു. ബൈബിളിനെക്കുറിച്ചു കത്തോലിക്കർക്കു ഒരു ഗന്ധവും ഇല്ലെന്നു ധരിച്ചുവശായ എന്റെ ആബദ്ധ്യം പമ്പകടന്നു. ധ്യാനപ്രസംഗമെന്നു കേട്ടാൽ ഏതോ വല്ലാത്ത ഒരു പ്രതീതിയാണുണ്ടായിരുന്നതു്. ഏതായാലും എന്നിൽ കുന്നുകൂടിക്കിടന്നിരുന്ന സംശയക്കൂമ്പാരം ചിതറിക്കപ്പെട്ടു കുമ്പസാരം, തൈലാഭിഷേകം, സ്നാനം, അതിന്റെ വിവിധകർമ്മങ്ങൾ, ചരിത്രങ്ങൾ, കൈവെപ്പ്, വെസ്പുക്കാനാ, ബന്ധവിമോചനം മുതലായ വിഷയങ്ങളെക്കുറിച്ചു ഞാൻ അച്ചന്റെ പക്കൽനിന്നും, നല്ലവണ്ണം ഗ്രഹിച്ചു. അകത്തോലിക്കർ ചായമടിച്ചു പ്രദർശിപ്പിച്ചപോലല്ല വസ്തുതകളെന്നു എനിക്കു തിരിഞ്ഞു. അച്ചൻ ശാസ്ത്രീയമായും വേദപുസ്തകാനുസാരവും സംഗതികൾ പറഞ്ഞു മനസ്സിലാക്കിയപ്പോൾ സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞു കണക്കേ എന്റെ സംശയങ്ങൾ അസ്തംഗതങ്ങളായി. കത്തോലിക്കർക്കു വേദപുസ്തകമില്ല, വായിക്കുകയില്ല എന്നു ധരിച്ചിരുന്ന എനിക്കു വേദപുസ്തകത്തിൽനിന്നു തന്നെ തെളിവുകൾ വേണ്ടിടത്തോളം ലഭിച്ചു, എല്ലാ ചോദ്യങ്ങൾക്കും. അങ്ങനെ എന്റെ അകത്തോലിക്കാസ്നേഹിതന്മാർക്കു പറഞ്ഞുകൊടുത്തു ഗ്രഹിപ്പിക്കത്തക്ക ജ്ഞാനം എനിക്കു ലഭിച്ചു പല വിശ്വാസവിഷയങ്ങളെക്കുറിച്ചും.

ദൈവകൃപയാൽ പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തുതന്നെ ഞാൻ കത്തോലിക്കാസഭയിൽ ചേൎന്നിരുന്നു. എങ്കിലും ഒരു മുടിയൻ പുത്രനായികഴിയുകയായിരുന്നു. ശൗലിനെപ്പോലെ സഭയെ അധിക്ഷേപിക്കുകയും നശിപ്പിക്കയും ചെയ്യുന്നതിൽ ഞാൻ അന്നു ഉൽസുകനായിരുന്നു. തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരുന്ന എന്റെ മാതാപിതാക്കളുടേയും ബഥനിയിലെ ബ. കന്യകകളുടേയും പ്രാർത്ഥന ദൈവം ചെവിക്കൊണ്ടു. അവരോടുള്ള എന്റെ കൃതജ്ഞത നിസ്സീമമാണു്. എന്റെ മാനസാന്തരം അവരെ അതിമാത്രം സന്തോഷിപ്പിച്ചു.

സഭയിൽ ചേൎന്നിട്ടുപോലും അവളെ ദൂഷിക്കുകയും തെററിധരിക്കുകയും ചെയ്ത ഒരു നിർഭാഗ്യനാണു ഞാൻ. പക്ഷേ, താല്പര്യപൂർവ്വം തന്നെ അന്വേഷിക്കുന്ന ഒരു അജപോതത്തെ വനാന്തരങ്ങളിൽ ഉപേക്ഷിക്കുവാൻ ഇടയനായ ദൈവം അനുവദിക്കുമോ? അതുകൊണ്ടു നിഷ്കളങ്കവും ഹൃദയപൂർവ്വവുമായ അഭിവാഞ്ഛയോടെ സത്യത്തെ ഗ്രഹിക്കാൻ താല്പര്യപൂർവ്വം അടുത്തു വരുക. മുൻവിധികൾ ഉപേക്ഷിച്ചു ശ്രദ്ധാപൂർവ്വം അന്വേഷിക്കുമ്പോൾ കാണാം ക. തിരുസഭയാണു ക്രിസ്തുവിന്റെ മണവാട്ടിയെന്നു്. അതിൽ അംഗത്വം ഇല്ലാതെ പോകുന്നതും അവളുടെ പരിപാലനം ലഭിക്കാതെ പോകുന്നതും അപരിഹാര്യമായ ഒരു നഷ്ടമാണു്. വിനീതമായ ഈ കഥനം വായിക്കുന്ന ആർക്കെങ്കിലുംഎന്തെങ്കിലും ഉപകാരംലഭിച്ചാൽ ഞാൻ കൃതാർത്ഥനായി.



ചെറുകഥ

# ആത്മനാഥാ, ഇതാ ഞാൻ വരുന്നു!

[സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ]

അന്നു കുഞ്ഞമ്മ വളരെനേരം ഉറങ്ങാതെ മറിഞ്ഞും തിരിഞ്ഞും കിടന്നു. അവളുടെ ഹൃദയത്തിൽ കൂടി വിദ്യുൽപ്രവാഹംപോലെ പല ചിന്തകളും ആഗ്രഹങ്ങളും അങ്ങനെ വന്നും പോയുമിരുന്നു. അവളുടെ കിടക്കയ്ക്കു ചുറ്റും ഇരുട്ടു വ്യാപിച്ചിട്ടുണ്ടെങ്കിലും അവൾ മുഴുവൻ അന്ധകാരാവൃതയല്ല. കുഞ്ഞമ്മയുടെ ഹൃദയത്തിൽ വെളിച്ചം വീശുവാൻ തുടങ്ങിയിട്ടു വളരെനാളായി. ഇപ്പോഴും അതു പ്രകാശിക്കുന്നുണ്ട്. തന്റെ ഹൃദയത്തിൽ ആരുമറിയാതെ താൻ വച്ചു പൂജിച്ചിരുന്ന തന്റെ ആത്മനാഥൻ വളരെ അകലെയല്ലെന്നു തനിക്കു തോന്നുന്നു. പക്ഷെ ഇനിയും പ്രാർത്ഥിക്കണം, പ്രയത്നിക്കണം, കാത്തിരിക്കണം. തന്റെ പ്രാണവല്ലഭൻ തന്റെ ക്ഷമയെ അങ്ങേയററം പരിക്ഷിക്കുന്നതായി അവൾക്കു തോന്നുന്നു. "എങ്കിലും അദ്ദേഹത്തിനു സ്നേഹസമ്പന്നമായൊരു ഹൃദയമുണ്ടല്ലോ. എന്റെ സ്നേഹപാരവശ്യങ്ങൾ അദ്ദേഹം കാണുന്നില്ലേ?" ഇങ്ങനെ സ്നേഹത്തിൽനിന്നു പൊങ്ങിവന്ന പരിഭവത്തോടെ കുഞ്ഞമ്മ സുഖസുഷുപ്തിയിൽ മുഴുകി.

പ്രഭമങ്ങിയ ചന്ദ്രൻ പടിഞ്ഞാറെ അന്തരിക്ഷത്തിൽ കുഞ്ഞമ്മ സ്മേരമുഖമായിനിന്നു് കൂടുതൽ കൂടുതൽ വിളറിവശായി. തന്നിൽ നിന്നകന്നിരിക്കുന്ന തന്റെ ഹൃദയനാഥനെ കാണുവാനുള്ള അഭിവാഞ്ഛയാൽ കുഞ്ഞമ്മ ക്ഷമയററവളായിത്തീർന്നു. പ്രഭാതകൃത്യങ്ങൾക്കുശേഷം കുഞ്ഞമ്മ പള്ളിയിലേക്കു നടകൊണ്ടു. വി. കുർബാനസമയത്തു് തന്റെ പരിശുദ്ധമായ സ്നേഹത്തിന്റെ ചരിത്രം അവൾ പുനഃപരിശോധനചെയ്യുറപ്പിച്ചു. ആ സ്നേഹബന്ധം നിലനിറുത്തുവാൻ തന്റെ പിതാവിന്റെ അനുമതിയും ആശീസ്സും ലഭിക്കുവാൻ കുഞ്ഞമ്മ അകമഴിഞ്ഞു പ്രാർത്ഥിച്ചു. തന്റെ ബാല്യംമുതലേ ആ സ്നേഹസമ്പ

---

പാലുവായിമഠത്തിൽ സ്ഥാപിച്ചിട്ടുള്ള വി. അന്തോനീസുപുണ്യവാന്റെ മാദ്ധ്യസ്ഥതാൽ എന്റെ കാണാതായ ഒരു ആഭരണം അത്ഭുതമായി കിട്ടിയതിനു ഉപകാരസ്മരണ. താമസം നേരിട്ടതിനു ക്ഷമാപണം.

സി. കൊച്ചുറോസ

---

ന്നനിൽ അസാധാരണ സ്നേഹമുദിച്ചതും അതിനെ തന്റെപിതാവു് തടസ്സപ്പെടുത്തി തന്നെ ഇങ്ങനെ വീട്ടിൽ വച്ചുകൊണ്ടിരിക്കുന്നതും അവൾ സ്മരിച്ചു. അവളുടെ ഇപ്പോഴത്തെ ഏകാനന്ദം അനുദിനം തന്റെ ഹൃദയത്തിൽ എഴുന്നെള്ളിവരുന്ന ദിവ്യകാരുണ്യനാഥനോട് തന്റെ ഹൃദയരഹസ്യങ്ങൾ തുറന്നറിയിക്കുന്നതിലാണ്. ലോകായതികനായ അവളുടെ പിതാവു വിചാരിച്ചു ബോർഡിംഗ്‌വിട്ടു വീട്ടിൽ താമസിച്ചാൽ മകളുടെ മനസ്സു മാറിക്കൊള്ളുമെന്നു്!

x x x

കോലത്തു് കുര്യാക്കോയുടെ ഏകപുത്രിയാണ് സൗമാന്യവതി കുഞ്ഞമ്മ. ആധുനികങ്ങളായ എല്ലാ സുഖസൗകര്യങ്ങളും ധനാഢ്യനായ കുര്യാക്കോച്ചേട്ടൻ തന്റെ മകൾക്കു ഏർപ്പാടുചെയ്തുകൊടുത്തിട്ടുണ്ട്. സ്വതേ സന്തോഷചിത്തയായ കുഞ്ഞമ്മ ജീവിതക്ലേശങ്ങൾ യാതൊന്നുമറിയാതെ താരുണ്യത്തിലെത്തി. ജീവിതത്തിനൊരു മറുവശമുണ്ടെന്നു അവൾ അറിഞ്ഞിട്ടേയില്ല. സുന്ദരിയും ആരോഗ്യവതിയുമായ കുഞ്ഞമ്മ ഒരുകാര്യത്തിൽമാത്രം സ്വപിതാവിൽനിന്നു് വ്യത്യസ്തയായി കാണപ്പെട്ടതു് അവളുടെ അമ്മയുടെ

സ്വാധീനശക്തികൊണ്ടാണ്. മതതീക്ഷ്ണതയിൽ അദ്വിതീയയായിരുന്ന ത്രേസ്യാമ്മ സ്വപുത്രിയുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതാണ് ആ വ്യത്യാസത്തിനു കാരണം.

എന്നാൽ കുര്യാക്കോച്ചേട്ടന്റെ ഭാവം ഒന്നു വേറെയാണ്. സ്ത്രീവിദ്യാഭ്യാസം, സ്ത്രീധനത്തിന്റെ ആവശ്യകത തുടങ്ങിയ സാമുദായികപ്രശ്നങ്ങളെപ്പററി കുര്യാക്കോ തന്റെ അഭിപ്രായം ബലമായിത്തന്നെ ഉറപ്പിച്ചുപറയാറുണ്ട്. പെൺകുട്ടികൾ പഠിക്കണമെങ്കിൽ പഠിക്കട്ടെ. പക്ഷെ യൗവനാരംഭംവരെ മാത്രമേ പഠിക്കാവൂ. അവർ യൗവനാരംഭത്തിൽതന്നെ വിവാഹിതരായിക്കൊള്ളണം. സ്ത്രീകൾക്കു ഒററ ജീവിതപന്ഥാവേയുള്ളു. അതാണ് വിവാഹജീവിതം. രോഗിണികളും വിരൂപവതികളും വേണമെങ്കിൽ മഠത്തിൽ പൊയ്ക്കൊള്ളട്ടെ—ഇതെല്ലാമാണ് കുര്യാക്കോയുടെ വ്യക്തിഗതമായ അഭിപ്രായങ്ങൾ.

x x x

"എടി കുഞ്ഞമ്മേ, നീ തീരുമാനിച്ചോ?"

"ഉവ്വ്; അതു നേരത്തെതന്നെ തീരുമാനിച്ചതാണല്ലോ."

"എന്റെ പൊന്നുമോളല്ലേ?"

"അപ്പച്ചൻ എന്നെ പരീക്ഷിക്കുകയാണ്."

"കുഞ്ഞമ്മേ, നീ എന്നെ അനുസരിക്കുകയില്ലേ?"

"അപ്പച്ചാ, ക്ഷമിക്കണം. അപ്പച്ചന്റെ ഈ കല്പന എന്റെ ഭാവിജീവിതത്തെ ബാധിക്കുന്നതാണ്. അതനുസരിക്കുവാൻ എനിക്കു നിവൃത്തിയില്ല" കുഞ്ഞമ്മ

## സന്യാസിനികൾ



1) അസ്സീസി സഹോദരീസഭ

വ്യക്തമായി പറഞ്ഞു.

"ഇതു നിന്നോടാരു പറഞ്ഞെടീ."

"എന്റെ ആദ്ധ്യാത്മികപിതാവു പറഞ്ഞു. എന്റെ മനസ്സാക്ഷിയും അതുതന്നെ പറയുന്നു."

## സന്യാസിനീജീവിതം മലരണിയുന്നു



ഒരു ബാലികയിൽ ക്രിസ്തുവിന്റെ ആദ്യാഗമനം



ഒരു യുവതി ദൈവവിളിയെപ്പററി ആരായുന്നു

"നിന്റെ ആദ്ധ്യാത്മികപിതാവും മനസ്സാക്ഷിയും, ഒന്നാന്തട്ടി പോ എന്റെ കണ്ണുംവെട്ടത്തുന്നു."

നിറഞ്ഞ കണ്ണുകളോടെ കുഞ്ഞമ്മ നിഷ്ക്രമിച്ചു. ആ രംഗം അസമാധാനത്തിൽ അവസാനിച്ചു.

"പ്രാണനാഥാ, അങ്ങു് എന്നെ കൈവിടരുതേ! എന്റെ പിതാവിന്റെ മനസ്സു തിരിക്കേണമെ. വരപ്രസാദത്തിന്റെ ഇരിപ്പിടമായ അങ്ങേ തിരുഹൃദയഭണ്ഡാഗാരം എനിക്കായി തുറക്കേണമെ. എന്റെ പിതൃസന്നിധാനം എന്റെ നേർക്കു് അടയ്ക്കപ്പെട്ടിരിക്കുന്നുവെന്നു് അങ്ങു് അറിയുന്നുവല്ലോ" കുഞ്ഞമ്മയുടെ അകമഴിഞ്ഞ പ്രാർത്ഥന.

x x x

"എടാ, കുര്യാക്കോ, നീ എന്നാടാ ഈ പെണ്ണിനെ ഇങ്ങനെ വച്ചു വിലപറയുന്നതു്?" ആലോചനാനിമഗ്നനായി ചാരുകസേരയിൽ കിടന്നിരുന്ന കുര്യാക്കോ തലയുയർത്തിനോക്കി. കോരേൽ ചാണ്ടിമൂപ്പിന്നിന്റെ ശാസനാപൂർവ്വമായ ഒരു ചോദ്യശരമായിരുന്നു അതു്.

ഈ ചാണ്ടിമൂപ്പിന്നു് കുര്യാക്കോയുടെ വത്സലപിതാവിന്റെ ഒരു സ്നേഹിതനും സമവയസ്കനുമാണ്. അതിനാൽ കുര്യാക്കോയുടെ കാര്യങ്ങളിൽ മൂപ്പിന്നിനും സ്വല്പം സ്വാധീനശക്തി ചെലുത്തുവാൻ അവകാശമുണ്ടെന്നാണ് മൂപ്പിന്നിന്റെ ഭാവം. കുര്യാക്കോ മൂപ്പിന്നിന്റെ അഭിപ്രായം പലപ്പോഴും അത്ര വകവയ്ക്കാറില്ലെങ്കിലും ചിലതെല്ലാം അയാൾ പറയുന്നതു് കാര്യമാണെന്നു കുര്യാക്കോയും സമ്മതിക്കും. അങ്ങനെ ഒരു കാര്യമാണ് ഇപ്പോൾ മൂപ്പിന്നിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നതു്. അവളെ വിവാഹം കഴിപ്പിക്കണമെന്നുതന്നെ കുര്യാക്കോ തീരുമാനിച്ചിരിക്കുകയാണ്.

മൂപ്പിന്നു തുടർന്നു:- "മക്കളെ ചൊല്ലുവിളിക്കു നടത്തുവാൻ പഠിക്കണമെടാ! ഞങ്ങളുടെ ഒക്കെ ചെറുപ്പത്തിൽ അപ്പന്റെ മുമ്പിൽനിന്നു് മക്കൾ "കമാ" എന്നൊരക്ഷരം മിണ്ടുപ്പാറുന്നു. ഇപ്പോഴത്തെ ഈ ഗുണമില്ലാത്ത മക്കള്... ...? ഞാനറിഞ്ഞു നിന്റെ മകൾ പറഞ്ഞതെല്ലാം..."

"അവളെ കല്യാണം കഴിപ്പിക്കാൻതന്നെയാ ചാണ്ടിച്ചേട്ടാ തീരുമാനിച്ചിരിക്കുന്നതു്."

"അവൾ സമ്മതിച്ചില്ലെങ്കിലോ?"

"അതു അപ്പോൾ കാണാം" കുര്യാക്കോയുടെ പിതൃത്വം ഫണമുയർത്തി, അന്ധമായി.

അന്നു അത്താഴത്തിൻശേഷം കുടുംബസദസ്സ് സമ്മേളിച്ചു. ചാണ്ടിച്ചേട്ടന്റെ അഭിപ്രായവും കുഞ്ഞമ്മയെ കല്യാണം കഴിപ്പിക്കണമെന്നാണ്. ഇനി അതിനു് യാതൊരു മാററവുമില്ല. ത്രേസ്യാമ്മ മകളുടെ ഭാഗം പിടിച്ചുവാദിച്ചു. പക്ഷെ നിഷ്ഫലം. കുഞ്ഞമ്മയുടെ കണ്ണുനീർ കുര്യാക്കോയെ കോപാന്ധനാക്കി. അവളെ അടിക്കാൻപോലും ആ പിതാവു് ഓങ്ങി. ത്രേസ്യാമ്മ കടന്നുപിടിച്ചില്ലായിരുന്നെങ്കിൽ...!

പിതാവിന്റെ കഠിനമായ പ്രതിഷേധം കുഞ്ഞമ്മയെ വളരെ വേദനിപ്പിച്ചു. ഊണിലും ഉറക്കത്തിലും അവളുടെ ഏകചിന്ത ഇതുമാത്രമായിരുന്നു. സൗഷ്ഠവവതിയായിരുന്ന കുഞ്ഞമ്മയുടെ ശരീരം ആകെ ക്ഷീണിച്ചുവിളറി വിരൂപമായി. എങ്കിലും അവൾ തന്റെപ്രാണനാഥന്റെആഹ്വാനത്തിനു വിധേയയാകുവാൻതന്നെയുള്ള തന്റെ തീരുമാനത്തിൽനിന്നു് അണുപോലും വ്യതിചലിച്ചില്ല. അവൾക്കറിയാം ഇൗകൊടുങ്കാററിനുശേഷം ഒരു പ്രശാന്തതവരുമെന്നു്; ദുഃഖവെള്ളിയാഴ്ചയ്ക്കുശേഷം ഉയിർപ്പുഞായറാഴ്ച ഉദിക്കുമെന്നു്. എങ്കിലും മററു കാര്യങ്ങളിൽ വാത്സല്യനിധിയായ തന്റെ പ്രിയതാതൻ, തന്റെ ഭാവിയെ സാരമായി ബാധിക്കുന്ന ഇക്കാര്യത്തിൽ ഇങ്ങനെ മർക്കടമുഷ്ടിപിടിക്കുന്നതിൽ അവൾ ആകുലചിത്തയായിത്തീർന്നു. അവൾ ആരുമറിയാതെ കരഞ്ഞു; ഹൃദയവ്യഥ ശമിക്കുവാൻ കണ്ണുനീർ വാർത്തു. നിഷ്ഫലം.

x x x

കണ്ണുനീരിൽ നീന്തി രണ്ടുമൂന്നാഴ്ചകൾ കടന്നുപോയി. കോലത്തു് കുര്യാക്കോച്ചേട്ടന്റെ മകൾ ജ്വരബാധിതയായ വിവരം നാടാകെ നിറഞ്ഞു. അടുത്തുള്ള രണ്ടു നാട്ടുവൈദ്യന്മാരും ഒരു ഡാക്ടറും മാറിമാറിവന്നു, മരുന്നു, മടങ്ങിപ്പോയി. കുഞ്ഞമ്മയുടെ പനി ഒന്നിനൊന്നു കൂടിക്കൂടിവന്നു.

ആത്മാവു ദാഹിക്കുമ്പോൾ ശരീരവും അസ്വസ്ഥമാകും. തനിക്കു അസ്തിത്വം നൽകുന്ന ആധാരം അസ്വസ്ഥമാകുമ്പോൾ ആധേയവും അവശമായിത്തീരും, തീർച്ച.

സമർത്ഥനായ വേറൊരു ഡോ

---




---

ക്ടറെ കൊണ്ടുവന്നു. അയാൾ ഏറെനേരം മരുന്നു കുത്തിവച്ചു. പരവേശത്താൽ കിടന്നുരുണ്ടിരുന്ന കുഞ്ഞമ്മ അടങ്ങികിടന്നു. "അമ്മേ എനിക്കു ദാഹിക്കുന്നു" കണ്ണീരണിഞ്ഞ ത്രേസ്യാമ്മ മകളുടെ അധരത്തിൽ അവസാനമായി വെള്ളം പകർന്നുകൊടുത്തു. "എനിക്കെന്റെ ആത്മീയപിതാവിനെ കാണണം, കുമ്പസാരിക്കണം, വി. കുർബാനസ്വീകരിക്കണം, ഒപ്രുശുമായും വേണം."

അവളുടെ ആഗ്രഹങ്ങൾ—കുര്യാക്കോ കണ്ണുതുറന്നു. മകൾ മരിച്ചുപോയേക്കുമോ? തന്റെ മർക്കടമുഷ്ടിക്കു വിധേയയാണ് കുഞ്ഞമ്മയെന്നു് അയാൾക്കു മനസ്സിലായി. പക്ഷെ സമയം അതിക്രമിച്ചുപോയി.

അവളുടെ ആഗ്രഹങ്ങൾ സാധിതപ്രായമായി.

കുഞ്ഞമ്മ തന്റെ സ്നേഹനാഥ

(ശേഷം 10-ാംപേജിൽ)



2) തിരുഹൃദയസഭ 3) ആരാധനാസഭ 4) കർമ്മലീത്താസഭ 5) അഗതികളുടെ സഹോദരീസഭ 6) നസ്രത്തു് സഹോദരീസഭ 7) ധർമ്മഗിരി സെൻറു് ജോസഫ്‌സ് സഹോദരീസഭ 8) ക്ലാരിസ്റ്റ്സഭ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ MAY 30, ERNAKULAM ‖ No. 40


## ദൈവവിളിയുടെ പശ്ചാത്തലം

ദൈവവിളി. സുവ്യക്തമായ ഒരു പദമാണത്; പക്ഷെ വളരെ അവ്യക്തമായ ഒരാശയം അതുൾക്കൊള്ളുന്നു. ഒരു വ്യക്തിയുടെ അസ്തിത്വത്തിൽ ദൈവത്തിനുള്ള പ്ലാനാണ് അതിൽ മറഞ്ഞിരിക്കുന്നത്. എന്തുദ്ദേശ്യത്തോടുകൂടി അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആ ലക്ഷ്യത്തെ പ്രാപിക്കുന്നതിനു അവനെ സംബന്ധിച്ച് ദൈവം സജ്ജീകരിച്ചിട്ടുള്ള മാർഗ്ഗം അറിയുകയെന്നതാണ് ഒരുവൻ അവന്റെ ദൈവവിളിയെ മനസ്സിലാക്കുക എന്നതിനർത്ഥം. "ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കണം. നിങ്ങളുടെ ഫലം നിലനില്ക്കുകയും വേണം" എന്നാണ് ക്രിസ്തു ദൈവവിളിയെ സംബന്ധിച്ച് വിശുദ്ധ യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായം 16-ാം വാക്യത്തിൽ പറയുന്നത്. ശ്ലീഹന്മാരെ ക്രിസ്തു വിളിച്ച സംഭവത്തെ വിശുദ്ധ മർക്കോസ് സുവിശേഷകൻ 1-ാം അദ്ധ്യായം 17-18 വാക്യങ്ങളിൽ വർണ്ണിച്ചിട്ടുള്ളതിങ്ങനെയാണ്, "ഈശോ അവരോടു പറഞ്ഞു: നിങ്ങൾ വരിക, എന്നെ അനുഗമിക്കുക. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. ഉടനെ അവർ അവരുടെ വലയും ഉപേക്ഷിച്ച് അവിടുത്തെ അനുഗമിച്ചു." അവർ മീൻപിടുത്തക്കാരായിരുന്നു. അവർ ആ ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ഈ ആഹ്വാനമുണ്ടായത്. ഓരോ മനുഷ്യനെ സംബന്ധിച്ചും അവന്റെ ദൈവവിളി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണെന്നു നാം ധരിക്കണം. ഒരാൾ ഒരു വൈദികനാകുന്നു; ഒരാൾ സന്യാസിയാകുന്നു; ഒരാൾ കന്യാസ്ത്രീയാകുന്നു; ഒരാൾ ഗൃഹനാഥനാകുന്നു; ഒരാൾ ഗൃഹനായികയാകുന്നു. ഇവ വൃഥാ യാദൃച്ഛികമായി സംഭവിക്കുന്നവയല്ല; സംഭവിക്കേണ്ടവയുമല്ല. പ്രത്യുത നിത്യമായ ഒരു പ്ലാനിനോട് ഓരോ വ്യക്തിയും സഹകരിക്കുന്നതിന്റെ ഫലമായി രൂപപ്പെടുന്ന വസ്തുതമാത്രമാണ്. അതിന്റെ സാഫല്യത്തിനു ഓരോ വ്യക്തിയും ആത്മാർത്ഥമായി പരിശ്രമിച്ചെങ്കിൽ മാത്രമേ അതു വിജയപര്യവസായിയായിത്തിരുകയുള്ളൂ.

### പ്രത്യേകതരമായ ദൈവവിളി

മനുഷ്യന്റെ സാമൂഹികഘടനയനുസരിച്ച് ജീവിതസ്ഥിതിയെ സംബന്ധിക്കുന്ന പൊതുനിയമം അവൻ വിവാഹിതനാവുക എന്നതാണ്. മനുഷ്യോല്പത്തിയുടെ ആരംഭനാളുകളിൽ "വർദ്ധിച്ചു പെരുകുക" എന്നു ദൈവം ആജ്ഞാപിക്കുന്നതായി വേദപുസ്തകത്തിൽ നാം കാണുന്നു. എന്നാൽ ഈ ആജ്ഞ അപവാദരഹിതമെന്നു വിചാരിക്കേണ്ട യാതൊരു ന്യായവുമില്ല. ആരംഭകാലങ്ങൾ മുതൽ ജീവിതസ്ഥിതിയെ സംബന്ധിച്ച് ഈ സാധാരണഗതിയിൽനിന്നു വിഭിന്നമായതും, പ്രത്യേകതരമെന്നും ഉന്നതതരമെന്നും വിശ്വസിക്കപ്പെട്ടുപോന്നതുമായ വിവിധജീവിതാവസ്ഥകളെ മനുഷ്യർ അവലംബിച്ചുപോന്നിട്ടുള്ളതായി ചരിത്രം ഘോഷിക്കുന്നുണ്ട്. ഈ വിഭാഗം എണ്ണത്തിൽ വളരെ വലുതല്ലെങ്കിലും സാർവ്വത്രികവും സർവ്വജനീനവുമാണെന്നുള്ളതും ചരിത്രവസ്തുതയാണ്. ഇതിൽനിന്നു വിശദമാകുന്നത് മനുഷ്യരിൽ ഒരു വിഭാഗത്തിനു സാധാരണജീവിതത്തെക്കാൾ ഉന്നതതരമായ ജീവിതസ്ഥിതിയെ അവലംബിക്കുന്നതിനുള്ള പ്രത്യേകതരമായ അഭിനിവേശം അഥവാ ദൈവവിളി സ്വാഭാവികമായി ലഭിച്ചിരുന്നുവെന്നല്ലയോ? ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടെ ക്രിസ്തുവിന്റെ പാഠങ്ങളിൽനിന്നു ഇതു സുവ്യക്തമായി തെളിയുകയും ചെയ്തു. ഇതുകൊണ്ടാണ് ദൈവവിളിയെപ്പറ്റി പ്രതിപാദിക്കുമ്പോൾ സാമാന്യേന ദാമ്പത്യജീവിതത്തെവിട്ട് പൗരോഹിത്യത്തേയും സന്യാസത്തേയുംപറ്റിമാത്രം പ്രതിപാദിച്ചുകാണുന്നത്. അതുകൊണ്ട് ദാമ്പത്യം ദിവ്യമായ ഒരാഹ്വാനത്തെ ആദരിച്ചുള്ളതാണെന്നുള്ള വസ്തുത അവഗണിക്കപ്പെടുന്നുവെന്നു ധരിക്കേണ്ടതില്ല.

### പശ്ചാത്തലം

ഏതൊരു ശില്പവും ശോഭനമാകുന്നതിൽ അതിന്റെ പശ്ചാത്തലത്തിനു വളരെ പ്രാധാന്യമുണ്ട് എന്നുള്ളതു പരക്കെ അനുഭവപ്പെടുന്ന ഒരു യഥാർത്ഥ്യമാണ്. ഒരു ചിത്രകാരൻ അയാളുടെ ചിത്രത്തിനു അതു സജ്ജമാക്കുന്നു. ഒരു ഫോട്ടോഗ്രാഫറും അതുതന്നെ ചെയ്യുന്നു. ഗായകനും വേണം ഒരു പശ്ചാത്തലസംഗീതം. ഇങ്ങനെ ഓരോന്നിനും. ഇതുപോലെതന്നെ ദൈവവിളി പ്രായോഗികമാക്കുന്നതിലും പശ്ചാത്തലസജ്ജീകരണത്തിനു വലിയ പ്രാധാന്യമുണ്ട്. ദൈവവിളി എന്നതു ദൈവത്തിന്റെ ഉദാരമായ ഒരു പ്രത്യേകദാനമാണെങ്കിലും ഈ ആഹ്വാനം സാക്ഷാത്കരിക്കപ്പെടുന്നതിന്, അതു മനോഹരമായ വിധം പ്രായോഗികമാക്കപ്പെടുന്നതിന് ശ്രദ്ധാപൂർവ്വകമായ പശ്ചാത്തലസജ്ജീകരണങ്ങൾ ഒഴിച്ചുകൂടുവാൻ പാടില്ലാത്തവയാണ്. അതിനാദ്യമായിത്തന്നെ ദൈവവിളിയെപ്പറ്റി സമ്യക്കായ ഒരു പഠനം നടത്തേണ്ടിയിരിക്കുന്നു. ദൈവവിളിയുടെ സാഹചര്യങ്ങളേയും പ്രേരണകളേയും മനസ്സിലാക്കുന്നതിനു അനുഭവസ്ഥരുടെ സാക്ഷ്യങ്ങളാണാവശ്യം. എവംവിധമുള്ള ഒരു സർവ്വേ അഥവാ അനുഭവപരിശോധന നമ്മുടെ ഇടയിൽ നടന്നിട്ടില്ല ഇനിയും. അതുകൊണ്ട് മറ്റു ചില സ്ഥലങ്ങളിൽ നടത്തപ്പെട്ട സർവ്വേകളുടെ വെളിച്ചത്തിലാണ് വിഷയത്തെ ചർച്ചചെയ്യുന്നത്.

അമേരിക്കയിൽ ഓഹിയോ എന്ന സ്ഥലത്തെ കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുള്ള "സൊസൈറ്റി ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ്" എന്ന മിഷനറിസംഘം എല്ലാ സെമിനാരികളുടേയും മിഷൻപ്രവർത്തനനേതാക്കന്മാരുടേയും സഹകരണത്തോടുകൂടി എതാദൃശമായ ഒരു സർവ്വേ നടത്തുകയുണ്ടായി. രാജ്യത്താകെയുള്ള സെമിനാരികളിലേക്ക സ്ഥിതിവിവരങ്ങൾക്കുവേണ്ടി പ്രശ്നാവലികൾ അയച്ചുകൊടുത്തു. 6304 മറുപടികൾ ലഭിച്ചു. പ്രശ്നങ്ങൾ അയച്ചുകൊടുക്കപ്പെട്ടതിന്റെ 46 ശതമാനമായിരുന്നു അത്. ഓരോ വ്യക്തിയുടേയും കുടുംബജീവിതവും, മറ്റു ജീവിതസാഹചര്യങ്ങളും, വിദ്യാഭ്യാസവും, സാമ്പത്തികനിലയും മറ്റും അയാളുടെ ദൈവവിളിയെ അനുഗമിക്കുന്നതിൽ എങ്ങനെ പ്രവർത്തിച്ചുവെന്നുള്ള അനുഭവജ്ഞാനത്തിന്റെ ഒരു പ്രകാശനമായിരുന്നു ഈ ഉത്തരങ്ങൾ. ഇവയെ വച്ചുകൊണ്ടാണ് കമ്മിറ്റി ദൈവവിളിയെ സംബന്ധിക്കുന്ന അനുകൂലങ്ങളും പ്രതികൂലങ്ങളുമായ പശ്ചാത്തലസജ്ജീകരണം നിർവ്വഹിക്കുകയുണ്ടായത്. അവയിൽ പൊതുവായ ചില അനുമാനങ്ങൾ എല്ലാവർക്കും വിജ്ഞാനപ്രദങ്ങളാണ്.

### കുടുംബാന്തരീക്ഷം

ഒരു നല്ല കത്തോലിക്കാ കുടുംബത്തിലെ അന്തരീക്ഷവും മാതാപിതാക്കന്മാരുടെ മാതൃകാപരമായ ശിക്ഷണവുമാണ് തങ്ങളുടെ ദൈവവിളിയെ സഹായിച്ച ഏറ്റവും പ്രധാന ഘടകമെന്നാണ് അനുഭവങ്ങൾ രേഖപ്പെടുത്തിയവരിൽ 80 ശതമാനവും ദൃഢമായി പ്രസ്താവിച്ചത്. അവരുടെ ബാല്യകാലം മുതൽ അവർ അവിടെ ദർശിച്ചിരുന്ന പരസ്പരസ്നേഹവും, ക്ഷമയും, പ്രാർത്ഥനാരൂപിയും, വൈദികരോടും സന്യാസികളോടുമുള്ള ബഹുമാനവും അവരുടെ പിഞ്ചുഹൃദയങ്ങളിൽ മായാമുദ്ര പതിച്ചിരുന്നു. ബാല്യത്തിൽ ദൈവശുശ്രൂഷയെപ്പറ്റിയും വിശുദ്ധ കൂദാശകളെപ്പറ്റിയും, തിരുകർമ്മങ്ങളെ സംബന്ധിച്ചും മാതാപിതാക്കന്മാർ അവർക്ക് പാഞ്ഞുകൊടുത്തിരുന്ന കാര്യങ്ങൾ അവരെ അത്യധികം ആകർഷിക്കുകയും അവരുടെ ദൈവവിളിയെ കണ്ടുപിടിക്കുന്നതിൽ വളരെയേറെ സഹായിക്കുകയും ചെയ്തു. തിരുകർമ്മങ്ങളോടുള്ള മാതാപിതാക്കന്മാരുടെ ബഹുമാനവും അവയിൽ സംബന്ധിക്കുന്നതിനുള്ള ശുഷ്കാന്തിയും അവർക്ക് മറക്കാൻ വഹിയാത്ത ഉത്തേജനങ്ങളായിരുന്നു. എവംവിധം ബഹുമുഖപക്ഷത്തിനും ദൈവവിളിയെ അനുഗമിക്കുന്നതിനുള്ള പ്രധാനമായ പ്രോത്സാഹനം അവരുടെ കുടുംബത്തിൽനിന്നും മാതാപിതാക്കന്മാരിൽനിന്നുമാണ് ലഭിക്കുന്നത്. എന്നാൽ ഇതിനപവാദങ്ങളും ഇല്ലാതില്ല. അനുഭവങ്ങൾ രേഖപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഒരു ന്യൂനപക്ഷം അവർക്ക് അവരുടെ ദൈവവിളിയെ അനുഗമിക്കുന്നതിനു മാതാപിതാക്കന്മാരിൽനിന്നും ബന്ധുമിത്രാദികളിൽ നിന്നും ഉണ്ടായ ശക്തിയായ പ്രതിബന്ധങ്ങളെപ്പറ്റിയും വിവരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള അനുഭവങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും ഒരിക്കലും അത് അസാധാരണമായ ഒരു സാഹചര്യമല്ല. മിക്കപ്പോഴും അതു സംഭവിക്കുന്നത് ദൈവവിളിയെ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിലുള്ള അജ്ഞതയും മുൻവിധിയുംകൊണ്ടാണ്. അതിനെ നേരിടേണ്ടതു ദൈവവിളിയെ സംബന്ധിച്ച അറിവു കൂടുതൽ കൂടുതൽ പൊതുജനങ്ങൾക്കു നൽകിക്കൊണ്ടാണെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. ഏതാദൃശമായ ഏതെങ്കിലും പ്രതികൂലസാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവയെ വിജയപ്രദമായി നേരിടുന്നതിനുള്ള അറിവും ദൃഢചിത്തതയും യുവജനങ്ങൾക്കു പ്രദാനം ചെയ്യുന്നതിനും കാര്യക്ഷമമായ പദ്ധതികൾ ഉണ്ടാകണം.

### വൈദികരും മതകർമ്മങ്ങളുമായുള്ള അടുപ്പം

ഒരു നല്ല കുടുംബത്തിൽ ബീജാവാപം ചെയ്യപ്പെടുന്ന ദൈവവിളി ക്രമാനുഗതമായി വളരുകയും ദൃഢതപ്രാപിക്കുകയും ചെയ്യേണ്ടതു് വൈദികരോടും മതകർമ്മങ്ങളോടുമുള്ള അടുപ്പംകൊണ്ടാണ്. വൈദികശുശ്രൂഷയിൽ ആസ്വാദനീയമായ ആദ്ധ്യാത്മികാനന്ദങ്ങൾ അടുത്തറിയുവാൻ അതവസരം പ്രദാനം ചെയ്യുന്നു. ഒരു വൈദികന്റെയോ സന്യാസിയുടേയോ ജീവിതചര്യയെ അകലെ നിന്നു വീക്ഷിക്കുന്നവർക്ക് അവരനുഷ്ഠിക്കേണ്ടിവരുന്ന ത്യാഗങ്ങളേയും സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളേയും ക്ലേശങ്ങളേയും മാത്രമാണ് കാണുവാൻ സാധിക്കുക. നേരെമറിച്ചു പ്രസ്തുത ത്യാഗങ്ങളിൽനിന്നും കഷ്ടാരിഷ്ടതകളിൽനിന്നും അവർ ആന്തരികമായും ബാഹ്യമായിപ്പോലും അനുഭവിക്കുന്ന ആനന്ദാനുഭൂതി അവരുടെ ജീവിതവുമായി അടുത്തു പരിചയിച്ചെങ്കിൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. തിരുകർമ്മങ്ങൾ പരിശുശ്രൂഷചെയ്യുന്നതിൽ അവർക്കനുഭവവേദ്യമാകുന്ന ഹൃദയാനന്ദം, രോഗിസന്ദർശനങ്ങളിൽ അവരാസ്വദിക്കുന്ന ഹൃദയശാന്തി, അജ്ഞരെ പഠിപ്പിക്കുന്നതിൽ അവർക്ക് ലഭിക്കുന്ന സംതൃപ്തി ഇവയെല്ലാം ബാഹ്യനേത്രങ്ങൾക്കു അഗോചരങ്ങളാണ്. 90 ശതമാനം ദൈവവിളികളും വൈദികരുടേയും സന്യാസികളുടേയും ജീവിതമാതൃകയാൽ പ്രേരിതങ്ങളാണ് എന്നു അനുഭവം തെളിയിക്കുന്നുണ്ട്. അതുകൊണ്ടാണ് ദൈവവിളിയുടെ ഇളംതൈകൾ പാകിവളർത്തുന്ന തോട്ടങ്ങളാണ് അൾത്താരബാലസഖ്യം മുതലായ ഭക്തസംഘടനകൾ എന്നു പറയപ്പെടുന്നതു്. മേലുദ്ധരിച്ച സർവ്വേയിൽ അൾത്താരശുശ്രൂഷകൊണ്ടു തങ്ങളുടെ ദൈവവിളിയിൽ കാര്യമായ പ്രേരണയുണ്ടായിരുന്നില്ല എന്നു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതു് 4 ശതമാനം മാത്രമാണ്. എന്നാൽ മൂന്നിൽ ഒരു ഭാഗം സമ്മതിച്ചിട്ടുള്ളത് അവരുടെ ദൈവവിളികൾ സർവ്വപ്രധാനമായ പ്രേരണ ദിവ്യബലിയിൽ ശുശ്രൂഷിക്കുന്നതിൽ നിന്നു ലഭിച്ചു എന്നാണ്. അതുകൊണ്ടു ചെറുപ്പത്തിലെ കുഞ്ഞുങ്ങളെ വൈദികജീവിതവുമായി പരിചയപ്പെടുത്തുന്നതും മതകർമ്മങ്ങളിൽ ഭക്തിപൂർവ്വം സഹകരിക്കുന്നതിനു പരിശീലിപ്പിക്കുന്നതും ദൈവവിളിയുടെ പരിപോഷണത്തിൽ വളരെയധികം സഹായിക്കുന്നതാണ്.

### കുടുംബത്തിന്റെ സാമ്പത്തികനില

ദൈവവിളിയെ അനുഗമിക്കുന്നതിനു രാജാവെന്നോ പ്രജയെന്നോ, ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള സ്ഥിതിവ്യത്യാസം മൗലികമായി പരിഗണനീയമല്ല. എല്ലാ ജീവിതസ്ഥിതിയിലുള്ളവരും ധനസ്ഥിതിയിലുള്ളവരും അവരവരുടെ ദൈവവിളിയെ അനുഗമിക്കുന്നു. ധാരാളം ഉദാഹരണങ്ങൾ ചരിത്രം എടുത്തു കാണിക്കുന്നുണ്ട്. എങ്കിലും താരതമ്യേന അധികം ദൈവവിളികൾ കാണുന്നതു ഇടസ്ഥിതിയിലുള്ള സാധാരണകുടുംബങ്ങളിൽ നിന്നാണ്. മേലുദ്ധരിച്ച സർവ്വേ അനുസരിച്ച് 80 ശതമാനംപേരും ഇടത്തരം കുടുംബങ്ങളിൽനിന്നുള്ളവരായിരുന്നു. നാലുശതമാനം മാത്രം മികച്ച ധനികകുടുംബങ്ങളിൽനിന്നും 15 ശതമാനം ദരിദ്രകുടുംബങ്ങളിൽനിന്നും വന്നവരായിരുന്നു. ഒരു വൈദികനേയോ, സന്യാസിയേയോ, സന്യാസിനിയേയോ സംബന്ധിച്ച് ആ ജീവിതസ്ഥിതികളനുസരിച്ച വിദ്യാഭ്യാസച്ചിലവുകളും മറ്റും വഹിക്കുന്നതിനു സാമാന്യരീതിയിൽ ഒരുച്ചധനസ്ഥിതി ആവശ്യമാണെല്ലാം. കുടുംബത്തിന്റെ ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചും എല്ലാ വിഭാഗത്തിൽ പെട്ടവരേയും കാണുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടേയും, വ്യവസായികളുടേയും, കച്ചവടക്കാരുടേയും, കർഷകരുടേയും സന്താനങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസമൊന്നും കാണുന്നില്ല.

### വിദ്യാഭ്യാസം

ദൈവവിളിയുടെ സ്വീകരണത്തിലും അതിന്റെ ഫലസിദ്ധിയിലും വിദ്യാഭ്യാസത്തിനു വളരെ പ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ട്. ഉദ്ധൃതസർവ്വേയനുസരിച്ച് 70 ശതമാനം സെമിനാരിവിദ്യാർത്ഥികളും കത്തോലിക്കാവിദ്യാലയങ്ങളിൽ പഠനം നടത്തിയവരായിരുന്നു. 66 ശതമാനവും വൈദികരും സന്യാസികളും നടത്തുന്ന വിദ്യാലയങ്ങളിൽ പഠിച്ചവരുമായിരുന്നു. വിദ്യാലയങ്ങളിലെ സ്വച്ഛമായ കത്തോലിക്കാ അന്തരീക്ഷം ദൈവവിളിയെ നശിപ്പിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുമെന്നു മാത്രമല്ല അതിന്റെ പോഷണത്തിനു അനുകൂലമായ സൗകര്യങ്ങൾ പ്രദാനംചെയ്യുകയും ചെയ്യുന്നുവെന്നുള്ളതാണ് ഈ വ്യത്യാസത്തിനു നിദാനം. അതുകൊണ്ടു് കത്തോലിക്കാവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുക ഏറ്റം പ്രധാനമായ ഒരു കാര്യമാണ്. കത്തോലിക്കാവിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽ ആ കുറവു പരിഹരിക്കത്തക്കവണ്ണം ദൈവവിളിയേയും മററിതര കത്തോലിക്കാജീവിതചര്യകളേയും സംബന്ധിച്ച് യുവതീയുവാക്കന്മാർക്കുവേണ്ട അറിവു ലഭിക്കത്തക്ക സംഘടനകളും ക്ലബ്ബുകളും ചർച്ചായോഗങ്ങളും ഏർപ്പെടുത്തപ്പെടണം.

### ദൈവവിളിയെപ്പററിയുള്ള പഠനം

റവ. എഡ്വേർഡ് ജോയ്സ് എന്ന ദേഹം ഒരു ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ദൈവവിളി സാക്ഷാത്കരിക്കപ്പെടുന്നതിൽ ഏററം വലിയ പ്രതിബന്ധമായി നില്ക്കുന്നതു് പൊതുവെ അതേപ്പററി വേണ്ടത്ര അറിവില്ല എന്നുള്ള വസ്തുതയാണെന്നാണ്. ദൈവവിളിയെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ വിരളവും, ഉള്ളവതന്നെ വേണ്ടത്ര വിജ്ഞാനപ്രദമല്ലാത്തതുമാണ്. വൈദികരുടേയും സന്യാസിനിസന്യാസികളുടേയും ജീവിതചര്യകളെപ്പററി അജ്ഞരായ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ ദൈവവിളിക്കെതിരായി പടവെട്ടുന്നു. അതിന്റെ ഇരുളടഞ്ഞ വശങ്ങൾമാത്രം കാണുന്നതിനു സാധിച്ചിട്ടുള്ള യുവഹൃദയങ്ങൾ അവരുടെ തെററിദ്ധാരണമൂലം ദൈവവിളിയെ അകറ്റുന്നു. ദൈവവിളി എന്നതു് പരമകാരുണികനായ ദൈവത്തിന്റെ അതിശ്രേഷ്ഠമായ ഒരു ദാനമാണെന്നും, അതു് ഒരു വ്യക്തിയെ വേറൊരു ക്രിസ്തുവായി രൂപാംകൊടുത്തു് അവിടുത്തെ ദിവ്യദൗത്യനിർവ്വഹണത്തിൽ സഹകരിപ്പിക്കുകയാണെന്നും, അവർ ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിൽ മദ്ധ്യവർത്തികളായി പ്രവർത്തിക്കുകയാണെന്നും ഉള്ള മഹനീയതത്വങ്ങളെപ്പററി പഠനം നടത്താത്തതുകൊണ്ടാണ് വളരെ അമളികൾ പററിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് ദൈവവിളിയെ സംബന്ധിച്ച് സർവ്വംകഷമായ പഠനം നടത്തണം. സർവ്വോപരി വിളവുകളുടെ നാഥനോടു വയലിലേക്കു ധാരാളം വേ

ലക്കാരെ അയക്കുന്നതിനു തീവ്രമായി പ്രാർത്ഥിക്കാം.

### കുറിപ്പ്

ഈ പതിപ്പിൽ ദൈവവിളിയെ സംബന്ധിച്ച് സമഗ്രമായ ഒരറിവു നൽകുന്നതിനാണ് ഞങ്ങൾ സർവ്വോപരി ശ്രദ്ധിച്ചിട്ടുള്ളത്. കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ സന്യാസസഭകളെ സംബന്ധിച്ചും കഴിവതു ഗ്രഹിപ്പിക്കുന്നതിനു ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. പക്ഷെ അതു പൂർണ്ണമാക്കുവാൻ സാധിച്ചിട്ടില്ല. ഭാരതത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സഭകളെ സംബന്ധിച്ചും മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ചും കേരളീയർ അതിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രശസ്തമായ സേവനങ്ങളെ സംബന്ധിച്ചും സുലഭമായി പ്രതിപാദിക്കണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു. പലരും അക്കാര്യത്തിനുവേണ്ടി ഞങ്ങൾക്കെഴുതുകയും ചെയ്തിട്ടുണ്ട്. പക്ഷെ പരിമിതമായ ഈ പതിപ്പിൽ അവയെല്ലാം ചേർക്കുന്നതിനു കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. സദയം ക്ഷമിക്കണമെന്നപേക്ഷ. പത്രാധിപർ

# ദൈവവിളിയെ സംബന്ധിച്ച്

## ചില സംശയങ്ങൾക്കു മറുപടി

സംശയം 1. ഞാൻ തേർഡ് ഫാറം കഴിഞ്ഞതേയുള്ളു. എന്തിനിത്ര കാലേക്കൂട്ടി ദൈവവിളിയെപ്പററി പര്യാലോചിക്കണം; പഠനമെല്ലാം കഴിഞ്ഞുപോരേ?

മറുപടി: ഹൈസ്കൂളും കോളേജുമെല്ലാം കടന്നുപോകുന്നവരും ഇങ്ങനെതന്നെ പറയാറുണ്ട്. രണ്ടു അബദ്ധധാരണകളുടെ ഫലമാണ് ഈ അഭിപ്രായത്തിനു കാരണമെന്നു തോന്നുന്നു. അവർ കരുതുന്നതുപോലെ അത്രവളരെ പഠനവും പ്രായവും ആവശ്യമില്ല ജീവിതാവസ്ഥയുടെ കാര്യം തീരുമാനിക്കുവാൻ. ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പായിത്തന്നെ, പതിനഞ്ചുപതിനാറു വയസ്സാകുമ്പോഴേക്ക് അതു നിശ്ചയിക്കാവുന്നതാണ്. മാതാപിതാക്കന്മാരും ഗുരുഭൂതന്മാരുംകൂടി അതിനുവേണ്ട അറിവു യഥാകാലം നൽകണമെന്നുമാത്രം. ഇങ്ങനെയൊരു തീരുമാനം ചെയ്താലുടൻതന്നെ ആ ജീവിതാവസ്ഥയിൽ അവശ്യം പ്രവേശിക്കണമെന്ന് ആരും ഭയപ്പെടേണ്ടതുമില്ല. ഇതുകൊണ്ടു വളരെ ഉപകാരമുണ്ട്. ഈ നിശ്ചയം മുമ്പിൽവച്ചുകൊണ്ട് അവർക്കു പഠനം തുടരാം. അപ്പോൾ ലൗകികവ്യാമോഹങ്ങളിൽപെടാതെ തികഞ്ഞ ഉത്തരവാദബോധത്തോടെ കുട്ടികൾ വളർന്നുവരും. ജീവിതാവസ്ഥയിൽ പ്രവേശിക്കാനുള്ള ഒരു നല്ല ഒരുക്കംകൂടിയായിരിക്കും ആ പഠനകാലം. മാത്രമല്ല, അതിനു വേണ്ട കാര്യങ്ങൾ പരിശീലിക്കാൻ അവർക്കു സൗകര്യം ലഭിക്കുകയും ചെയ്യും.

സംശയം 2. എനിക്കു സെമിനാരിയിലോ സന്യാസസഭയിലോ ചേരുവാൻ വലിയ ആഗ്രഹമുണ്ട്. എങ്കിലും അതിനു വേണ്ട ഭക്തിയും അനുസരണവും മററും ഇല്ലെന്നാണ് എന്റെ മാതാപിതാക്കന്മാർ പറയുന്നത്. എനിക്കും അങ്ങിനെ സംശയം തോന്നുന്നു.

മറുപടി: ഇങ്ങനെയുള്ളവർ ഒരുകാര്യം പ്രത്യേകം ധരിക്കേണ്ടതുണ്ട്. ഉന്നതമായ ഒരു ജീവിതാവസ്ഥയ്ക്കനുയോജ്യമായ സുകൃതങ്ങളെല്ലാം സമ്പാദിച്ചുകൊണ്ടു വേണം അതിനു പുറപ്പെടുവാൻ എന്നാരും പറയുന്നില്ല; പിന്നെയോ സെമിനാരിയിലോ സന്യാസഭവനത്തിലോ ലഭിക്കുന്ന നീണ്ട ശിക്ഷണകാലത്ത് അതെല്ലാം സമ്പാദിച്ചുകൊണ്ടാൽ മതി. അതിനുള്ള നല്ല മനസ്സും സന്നദ്ധതയും ഉണ്ടായിരിക്കണമെന്നുമാത്രം. ഒരു കാലത്തു വഴിതെററി നടന്ന പലേ ആളുകളേയും ഇന്നു വിശുദ്ധാത്മാക്കളായി വണങ്ങുന്നുണ്ടെന്നു നമുക്കറിയാമല്ലോ.

സംശയം 3. എന്റെ അമ്മയ്ക്ക്, അപ്പനു് അഥവാ സഹോദരനു തീരെ ഇഷ്ടമില്ല ഞാൻ വൈദികജീവിതം സ്വീകരിക്കുന്നതിൽ. അവരെ ധിക്കരിച്ചു എനിക്കു പ്രവർത്തിക്കാമോ?

മറുപടി: ദൈവം തന്ന സന്താനങ്ങളെ ദൈവത്തിനു സമർപ്പിക്കുവാനുള്ള കടമയെപ്പററി എത്ര പറഞ്ഞാലും ചിലർക്കെല്ലാം അതൊട്ടും മനസ്സിലാകുകയില്ലതന്നെ; വിശ്വാസം ക്ഷയിക്കുകയും ലൗകികതാല്പര്യങ്ങൾ വളരുകയും ചെയ്യുന്നതുകൊണ്ടായിരിക്കാം. എന്നാൽ മക്കളും ആ വലിയ തത്വം മറക്കരുത്, മാതാപിതാക്കന്മാരെ അനുസരിക്കണമെന്നു കല്പിച്ചിരിക്കുന്ന ദൈവത്തെയാണ് അവർ കൂടുതൽ അനുസരിക്കേണ്ടതെന്ന്. ദൈവവിളി ഉപേക്ഷിക്കുന്ന മക്കൾ ദൈവത്തിന്റെ പരമാധികാരത്തെ ധിക്കരിക്കുന്നു. അതുകൊണ്ടാണ് വി. വലിയ ത്രേസ്യായും വി. ക്ലാരയും ആരുമറിയാതെ കന്യകാലയത്തിലേക്ക് ഓടി അഭയം തേടിയത്. അസ്സീസി, അൽഫോൻസ് ലിഗോരി, ഫ്രാൻസിസ് സേവ്യർ തുടങ്ങിയ വിശുദ്ധന്മാർ രക്ഷകർത്താക്കന്മാരുടെ അപ്രീതിയെ അവഗണിച്ചുകൊണ്ട് ഇറങ്ങിത്തിരിച്ചതും അതുകൊണ്ടാണ്. എന്നാൽ പലപ്പോഴും കാണുന്നതുപോലെ മക്കൾ അവരുടെ നിശ്ചയത്തിൽ സ്ഥിരമായി നിന്നാൽ ഒടുവിൽ മാതാപിതാക്കന്മാർ ദൈവഹിതത്തിനു വഴങ്ങിക്കൊടുക്കുകതന്നെ ചെയ്യും.

സംശയം 4. ഞാൻ വളരെ പ്രാർത്ഥിക്കയും ചിന്തിക്കയും ചെയ്തതിന്റെ ഫലമായി എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു, ഞാൻ സന്യാസം വരിക്കേണ്ടതാണെന്ന്. എങ്കിലും അതിനൊരാഗ്രഹവും എനിക്കു തോന്നുന്നില്ല; ഞാൻ എന്തുചെയ്യട്ടെ!

മറുപടി: അഭ്യസ്തവിദ്യരായ ഒട്ടുവളരെപ്പേരെ അലട്ടുന്ന ഒരു സംശയമാണിത്. ഫാദർ വില്യം ഡോയിൽ നൽകിയിട്ടുള്ള നിർദ്ദേശം ഇക്കൂട്ടർക്ക് ഏററം സ്വീകാര്യമായിരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "Desire is not vocation" ആഗ്രഹംകൊണ്ടുമാത്രം ദൈവവിളിയുണ്ടെന്നു വരുന്നില്ല. കാര്യകാരണസഹിതം ചിന്തിക്കയും പ്രാർത്ഥിക്കയും ചെയ്തതിന്റെ ഫലമായുണ്ടാകുന്ന ബോദ്ധ്യമാണ് അതിനാവശ്യം. ആകയാൽ ഒരാൾക്ക് എത്രവലിയ ആഗ്രഹമുണ്ടെങ്കിലും ആവശ്യമായ ഗുണവിശേഷങ്ങളില്ലാതെ വൈദികനാകാനോ സന്യാസിയാകാനോ സാദ്ധ്യമല്ല. അതുപോലെതന്നെ താല്പര്യം തോന്നുന്നില്ലെന്നു പറഞ്ഞു ബോദ്ധ്യമായ കാര്യം വെടിയുന്നതും ശരിയല്ല. കാരണം നമ്മുടെ താല്ക്കാലികതാല്പര്യങ്ങളെ തൃപ്തിപ്പെടുത്താനല്ല, പിന്നെയോ സനാതനതാല്പര്യങ്ങളെ സംരക്ഷിക്കുവാനാണ ജീവിതാവസ്ഥ സ്വീകരിക്കുന്നത്. മാത്രമല്ല, തല്ക്കാലം അനുഭവപ്പെടുന്ന വിപ്രതിപത്തി സന്യാസശിക്ഷണംകൊണ്ട് ഇല്ലാതാകുകയും ചെയ്യും.

സംശയം 5; ഞാൻ ആ ജീവിതാവസ്ഥയിൽ നിലനില്ക്കുമോ? അവർ എന്നെ ഡിസ്മിസ് ചെയ്താലോ?

മറുപടി: ഇതൊരു വല്ലാത്ത ആകുലതയാണ്; സംശയമില്ല. എന്നാൽ എല്ലാ കാര്യത്തിലും ഈ പരിഭ്രമം കാണുന്നില്ലല്ലോ. പത്തുക്ലാസ്സെങ്കിലും പഠിക്കുവാനായി ഒന്നാംഫാറത്തിൽ ചേരുന്ന കുട്ടി ഇങ്ങനെ സംശയിക്കുന്നുണ്ടോ? ഞാൻ ഈ ക്ലാസ്സെല്ലാം കടന്നുപോകുമോ? ഈ പുസ്തകമെല്ലാം പഠിക്കുമോ? എന്നൊന്നും പരിഭ്രമിക്കാതെ അവർ പഠനമാരംഭിക്കുന്നു. ഓരോ കൊല്ലവും കഴിയുന്തോറുംകൂടി അവന്റെ അറിവും കഴിവും വർദ്ധിക്കുകയും കൂടുതൽ കാര്യങ്ങൾ പഠിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണ് സെമിനാരിയിലെയും സന്യാസഭവനത്തിലെയും ശിക്ഷണവും. പടിപടിയായി കിട്ടുന്ന പരിശീലനത്തിന്റെ ഫലമായി എല്ലാം എളുപ്പമാകുകയും ജീവിതാവസ്ഥയുടെ പൂർണ്ണമായ ചുമതലകൾ ഏറെറടുക്കുവാൻ കഴിവുണ്ടാകുകയും ചെയ്യും. സർവ്വോപരി ദൈവാനുഗ്രഹത്തിന്റെ അത്ഭുതകരമായ സഹായവും നമുക്കു ലഭിക്കുന്നതാണ്. അധികാരികളുടേയും ആവശ്യമായ എല്ലാ സഹായങ്ങളും നിരന്തരം നൽകിക്കൊണ്ടിരിക്കും. ഇനിയും പള്ളിക്കൂടത്തിൽ ചേരുന്ന വിദ്യാർത്ഥികളെ അദ്ധ്യാപകനും മനഃപൂർവ്വം തോല്പിക്കുകയില്ലെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്? വിജയവും പരാജയവും സ്വന്തം പരിശ്രമത്തേയും സന്നദ്ധതയേയും ആശ്രയിച്ചിരിക്കുന്നു.

സംശയം 6: ഞാൻ നോക്കിയിട്ട് എല്ലാം വിഷമംതന്നെ. ആകയാൽ ഒന്നും വേണ്ട. ഇങ്ങനെ ഇൻഡിപെൻഡൻറ് ആയി അങ്ങു നില്ക്കുകയാണ് എന്നാണ് ഞാനുദ്ദേശിക്കുന്നത്.

മറുപടി: ആധുനികലോകത്തിന്റെ ഭൗതികവും സുഖലോലുപവുമായ ചിന്താഗതിയുടെ സന്താനമാണിത്. ഇക്കൂട്ടരോടു സഹതപിക്കാതെ നിവൃത്തിയില്ല. അവർ ഒരു ജീവിതാവസ്ഥയിലും പ്രവേശിക്കയില്ലെന്നു മാത്രമല്ല ഈ ലോകത്തിൽ ഉപകാരപ്രദമായി ഒന്നുംതന്നെ ചെയ്യുകയുമില്ല. അവർക്കെല്ലാം ക്ലേശകരമാണ്; വിഷമമാണ്. യാതൊരു ഉത്തരവാദബോധവുമില്ലാതെ പുലരുന്ന അലസവും അനിയന്ത്രിതവുമായ ഒരു ജീവിതമാണ് അവരുടെ ലക്ഷ്യം. പാരത്രികമായ സനാതനഭാഗ്യത്തിലേക്ക് എത്തിച്ചേരുവാനുള്ള വിശ്വാസമോ ശരണമോ സ്നേഹമോ അവർക്കില്ല. "സ്വയം ത്യജിച്ചു സ്വന്തം കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കുക" എന്നുള്ള ലോകൈകനേതാവായ ക്രിസ്തുനാഥന്റെ ആഹ്വാനം അവർ എന്നും ധ്യാനവിഷയമാക്കട്ടെ. വി. സേവ്യറിനെപ്പോലെ "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" എന്ന നിത്യസത്യം നിരന്തരം അനുസ്മരിക്കയും ചെയ്യട്ടെ.

ഒരു സ്വതന്ത്രജീവിതം നയിച്ച് സുഖമനുഭവിക്കാനുള്ള ഈ പുറപ്പാടു പലേ പരാജയങ്ങൾക്കും വഴിതെളിക്കുക സാധാരണമാണ്. കുടുംബജീവിതത്തിന്റെ ആനുകൂല്യങ്ങൾ കൂടാതെ അതിന്റെ ആപത്തുകൾ അഭിമുഖീകരിക്കുകയും സന്യാസജീവിതത്തിന്റെ സംരക്ഷണം ലഭിക്കാതെ അതിന്റെ ബൃഹത്തായ ഒരു ചുമതല വഹിക്കുകയും ചെയ്യുക എളുപ്പമല്ലതന്നെ. എന്നാൽ ഇങ്ങനെയുള്ള ഒരു ജീവിതം നയിക്കാനുള്ള ഒരു പ്രത്യേക ദൈവവിളി ആർക്കെങ്കിലും ലഭിക്കുന്നുവെങ്കിൽ അവരെ കർത്താവിന്റെ സവിശേഷമായ അനുഗ്രഹങ്ങൾ കാത്തുരക്ഷിച്ചുകൊള്ളുമെന്നു പ്രതീക്ഷിക്കാം.

---

പരി: ദേവമാതാവിന്റേയും, വി. ശൗരിയാർ പുണ്യവാന്റേയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ചെറിയ ഒരു ജോലി കിട്ടിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

P. V. F.

---

# 'എന്താണ് ഇനി ചെയ്യേണ്ടതു്?'

(എ. ററി. മഞ്ഞക്കുന്നേൽ, അറക്കുളം)

മിഡ്സമ്മർ വെക്കേഷൻ! സുദീർഘമായ വിദ്യാലയവർഷം കഴിഞ്ഞു. പഠനത്തിന്റെ ജയാപജയങ്ങൾ അറിയുവാൻ ചിലർ കാത്തിരിക്കയാണ്. എന്നിട്ടുവേണം ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവേശിക്കുവാൻ, അതിനു പ്ലാനിടുവാൻ. വിസ്തൃതമായ ഭാരതവയലിലെ വലിയ വേലക്കാരായ മിഷനറിമാർ വളക്കൂറുള്ള നമ്മുടെ നാട്ടിലെ വയലുകളിൽനിന്നും വിത്തുകൾ ശേഖരിക്കുവാൻ അവയെ തേടിനടക്കുന്ന ഈ ശുഭാവസരത്തിൽ എന്താണു സംഭവിക്കുന്നതെന്നു ഞാൻ കുറിക്കുകയാണ്. യൗവനാരംഭത്തോടുകൂടി ഓരോ മനുഷ്യനും ജീവിതാവസ്ഥ തിട്ടപ്പെടുത്തുന്നു. ഈ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുമല്ലോ മനുഷ്യന്റെ ഭാവിജീവിതം. യുവതിയുവാക്കളെ അലട്ടുന്ന ഒന്നാണ് ഭാവിയെപ്പററിയുള്ള ചിന്ത. പഠനം ഏതാണ്ടു പൂർത്തിയായി. അവർ ചിന്തിക്കയാണ്, "എന്താണു ഇനി ചെയ്യേണ്ടതു്?" സ്നേഹിതന്മാരും സഹപാഠികളും തമ്മിൽ കൂടിയാലോചനകളായി: "എന്താണു തോമാച്ചാ ഇനി നിന്റെ പ്ലാൻ, ഒന്നു കേൾക്കട്ടെ. എന്നിട്ടേ ഞാൻ നിശ്ചയിക്കുന്നുള്ളു." "എന്താ അച്ചാമ്മേ, ഇന്ത്യ നമുക്കു മിഷനു..." "ഇല്ല, ഞാൻ വടക്കോട്ടില്ല, ഇന്നാട്ടിലെ മഠത്തിലേക്കാ." "ഞാൻ ഇവിടെയെങ്ങും നില്ക്കുന്നില്ല. പോകുന്നെങ്കിൽ ഇൻഡോറിനേയുള്ളു. നീ പോരുന്നെങ്കിൽ..." ഇങ്ങനെ പോകുന്നു പലരുടേയും ആലോചനകൾ.

സ്കൂളുകളേയും കലാലയങ്ങളേയും വിട്ടുപിരിഞ്ഞു വിശ്രമിക്കുമ്പോൾ ഏതു ജീവിതമാണ് ഇനി തിരഞ്ഞെടുക്കേണ്ടതെന്നു നിങ്ങൾ ചിന്തിച്ചോ? ഒരുപക്ഷേ നിങ്ങൾ പല ആഗ്രഹക്കോട്ടകളും മനസ്സിൽ വാർത്തിരിക്കാം. ഒരു വക്കീലോ, എൻജിനീയറോ, ഡോക്ടറോ, മന്ത്രിയോ, പൈലററോ, പോലീസ് ഇൻസ്പെക്ടറോ ആകുവാൻ നിങ്ങളിൽ ചിലർ ആഗ്രഹിച്ചു് അവസ്സുടിത്തായിടുവാനായിരിക്കും പ്ലാനിട്ടതു്. സ്നേഹനാഥനായ ഈശോ നിങ്ങളോട് ഇപ്രകാരം സംസാരിക്കുന്നതായി വിചാരിക്കുക: "മകനേ, (മകളേ) നീ നിന്റെ ജീവിതാവസ്ഥ തിട്ടപ്പെടുത്തേണ്ട ഘട്ടത്തിലെത്തിയിരിക്കുന്നു. അതത്യാവശ്യമാണ്. നിനക്കതിനു സ്വാതന്ത്ര്യമുണ്ട്. എന്നാൽ എന്റെ ആഹ്വാനംകൂടി നീ ശ്രവിക്കൂ, എന്നിട്ടു നീ നിന്റെ സ്വാതന്ത്ര്യം വിനിയോഗിക്കുക. ഞാൻ നിന്റെ സ്രഷ്ടാവാണ്; രക്ഷിതാവുമാണ്. എന്റെവയൽ വിസ്തൃതമത്രെ. വേലക്കാർ വളരെ കുറവു്. അതിനാൽ വേലയ്ക്കായി നീ നിന്റെ മാതാപിതാക്കന്മാരേയും ബന്ധുമിത്രാദികളേയും അയൽവാസികളേയും നാട്ടുകാരേയും ഉപേക്ഷിച്ചുശേഷം നിനക്കു സൗജന്യമായി ലഭിച്ച സത്യവിശ്വാസ ദീപവുമേന്തി എന്റെ വയലിലേക്കു വരിക. സഹപ്രവർത്തകരോടുകൂടിച്ചേർന്ന് ആ ദിവ്യദീപം തെളിക്കൂ നീ എന്റെ വേലക്കാരിൽ ഒരാൾ—വൈദികനോ, സന്യാസിയോ, സഹോദരനോ, സന്യാസിനിയോ, സഹോദരിയോ—ആകുക. നിന്റെ ഭാവി മഹത്വപ്പെട്ടും......"

നോക്കുക, എത്ര സ്നേഹാർദ്രമായ വാക്കുകൾ. യാചനാക്ഷണം. മാതാപിതാക്കന്മാരോടും മററുമുള്ള സ്നേഹം, നാടിനേയും വീടിനേയും വിട്ടുപിരിയാനുള്ള മടി തുടങ്ങിയവ ചിലരെ അലട്ടിയേക്കാം. എങ്കിലും ദിവ്യരാജന്റെ ആഹ്വാനം വിസ്മരിക്കാമോ? പാടില്ല. ഈയവസരത്തിൽ യുവതീയുവാക്കൾ ദൈവസഹായം അഭ്യർത്ഥിക്കുന്നു. ദിവ്യപ്രകാശനത്താൽ അവർ ബോധ്യംപ്രാപിക്കുന്നു. ദിവ്യാഹ്വാനം സ്വീകരിക്കുവാൻ വെമ്പൽകൊള്ളും ചിലരുടെ ആദ്ധ്യാത്മികതിക്ഷ്ണതനിറഞ്ഞ ഹൃദയം. സ്വാഭിലാഷം മാതാപിതാക്കളെ അറിയിക്കുന്നു.

യുവതീയുവാക്കളേ, ദൈവവിളിയെപ്പററി പരിചിന്തനം ചെയ്യേണ്ട അവസരമാണിത്. ഇതേപ്പററി ചിന്തിക്കാത്ത കൊച്ചുകള്ളന്മാരും ചിലർ നിങ്ങളിൽ കണ്ടിരിക്കാം. ഉടനെ ചിന്തിക്കുക. അതിനു സഹായകമായ പ്രസ്ത

---

പരി: അമലോത്ഭവമാതാവിന്റെ അനുഗ്രഹത്താലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സഹോദരൻ രോഗശാന്തി പ്രാപിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

P. C. Kunjannam
Padayattil House,
N. Parur

---


## മെഡിക്കൽ സിസ്റ്റേഴ്സ് അർത്ഥിനികളെ ക്ഷണിക്കുന്നു

സന്യാസജീവിതം നയിച്ച് ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന കത്തോലിക്കാ യുവതികളെ ഇപ്പോൾ സ്വീകരിക്കും. സ്കൂൾഫൈനൽ പരീക്ഷയെങ്കിലും ജയിച്ചിരിക്കണം. ഇന്റർ, ബി. എസ്സ്സി. മുതലായ പരീക്ഷായോഗ്യതയുള്ളവർക്ക് മുൻഗണന നൽകും. കൂടുതൽ വിവരങ്ങൾക്കു എഴുതുക.

സിസ്റ്റർ സുപ്പീരിയർ, ധർമ്മഗിരി, കോതമംഗലം



## സെൻറ് ജോസഫ്സ് മിഷൻഹോം

പാലാ p. o.

ഇന്ത്യയിലോ പാക്കിസ്ഥാനിലോ ഉള്ള ഏതെങ്കിലും മിഷനിൽ ചേരുവാൻ ആഗ്രഹിക്കുന്ന വൈദികാർത്ഥികൾ (S. S. L. C. ക്കാർ) നേരിട്ടു കാണുകയോ അപേക്ഷിക്കുകയോ ചെയ്യുക.

ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട്

ധികരണങ്ങൾ വായിക്കുക. അടുത്തയവസരത്തിൽ ദേവരപ്രസ്സിൽനിന്നും പ്രസിദ്ധീകൃതമായിരിക്കുന്ന "വയലിലേക്കു" എന്ന ഗ്രന്ഥം ഇക്കാര്യത്തിൽ നിങ്ങളെ അല്പമെങ്കിലും സഹായിക്കും. ദൈവത്തിൻെറ ദാനമാണു ദൈവവിളി. അതേ മഹാദാനം. ക്രിസ്തുവിൻെറ പ്രതിനിധി, ക്രിസ്തുവിൻെറ സ്നേഹമണവാട്ടിയാകുവാൻ ആന്തരികപ്രചോദനമുണ്ടോ യോ? ആരെങ്കിലും ഉത്തേജനം നൽകിയോ? ഉണ്ടെങ്കിൽ നിങ്ങൾ അതിനെ പരിപോഷിപ്പിക്കുക. ആത്മപാലകനായ ബഃ വൈദികനെ സമീപിക്കുക. വിദഗ്ധമായ ഉപദേശം സ്വീകരിക്കുക. സ്നേഹഗുരുവോ അദ്ദേഹംവഴി നിങ്ങളോടു സംസാരിക്കും. മനുഷ്യൻെറ ജീവിതോദ്ദേശ്യം ദൈവത്തെ മഹത്വപ്പെടുത്തുകയെന്നതാണു്.

വൈദികവൃത്തിയുടേയും സന്യാസജീവിതത്തിൻേറയും വൈവാഹികജീവിതത്തിൻേറയും മാഹാത്മ്യങ്ങളെല്ലാം നമുക്കു സുവിദിതങ്ങളത്രെ. മിശിഹായുടെ സ്ഥാനപതിയായി ബലിയർപ്പിക്കുവാനും പാപങ്ങൾ മോചിക്കുവാനും വിശ്വാസികളെ സത്യവിശ്വാസത്തിൽ നിലനിർത്തുവാനും പ്രത്യേകം ദീർഘപരിശീലനം നേടി പ്രവർത്തനനിരതരാകുന്ന വൈദികരുടെ ജീവിതാവസ്ഥയുടെ ഔന്നത്യം സ്വയം വ്യക്തമാണല്ലോ. തക്കജ്ഞാനം വൈവാഹികജീവിതത്തെക്കുറിച്ചും ആവശ്യമത്രെ. ബാല്യകാലം മുതൽ സഹപാഠികളും ജീവിതത്തിലും സ്വഭാവത്തിലും വളരെ യോജിപ്പുള്ളവരും ജീവിതാവസ്ഥ തിട്ടപ്പെടുത്തുമ്പോൾ പ്രതീക്ഷകളെ ഉല്ലംഘിച്ചുകൊണ്ടു് ഒരാൾ പൗരോഹിത്യവും, അപരൻ വിവാഹാന്തസ്സും തിരഞ്ഞെടുക്കുന്നതായി കാണാം. കാരണം, ചിലർക്കേ ദൈവവിളി—പൗരോഹിത്യദൈവവിളി—(സന്യാസമടെ വവിളി)യുള്ളൂ. "ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തതു്. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല" എന്ന ദിവ്യനാഥനും, "ഓരോരുത്തനും കർത്താവു് വിഭജിച്ചു കൊടുത്തിരിക്കുന്നതുപോലെയും, ഓരോരുത്തൻ ദൈവം അവനെ വിളിച്ചിരിക്കുന്നതുപോലെയും നടക്കട്ടെ" എന്നു വി. പൗലോസും ഉദ്ബോധിപ്പിക്കുന്നതു് എത്രയോ ചിന്താർഹം.

ഭാരതത്തിലെ സഭ ഇന്നു ഒരു പ്രതിസന്ധിഘട്ടത്തിലാണു്. അതിൽനിന്നു ഭാരതത്തെ വിമുക്തയാക്കുവാൻ കഴിവുകളുള്ള കേരളസഭ ഉണരുകയാണിന്നു്. മിഷനറിമാർ യുവപ്രേഷിതരെ ധാരാളമായി ക്ഷണിക്കുന്നു. "കൊയത്തുവളരെ, വേലക്കാർ ചുരുക്കം" "നിങ്ങളും എൻെറ തോട്ടത്തിലേക്കു പോകുവിൻ" "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം." ഇതാണു് സ്വീകാര്യമായ സമയം. ഈ അവസരം ഓരോരുത്തരും വിട്ടുകളയാതിരിക്കട്ടെ! ഓരോ യുവതീയുവാക്കളും "എന്താണു് ഇനി ചെയ്യേണ്ടതു്" എന്നു നിർണ്ണയിക്കുക. "ഇതാ, അവിടുത്തെ ദാസൻ (ദാസി) അവിടുത്തെ സേവിക്കുവാനും അവിടുത്തോടു സഹകരിക്കുവാനും ഞാൻ സന്നദ്ധനാണു്" എന്നു സ്നേഹനാഥനോടുണർത്തിക്കുക. ദൈവവിളിയാകുന്ന മഹാദാനസ്വീകരണത്തിനായി അങ്ങേപ്പക്കൽ അഭയംതേടുക.

# കപ്പൂച്ചിൻസഭ ഭാരതത്തിൽ



ഇന്ത്യയിൽ ആജ്മീർ, ആഗ്രാ, ഗൊരാക്പൂർ, ജാൻസി, ജല്ലന്തർ, ലാഹോർ, ലക്നോ, മീററു് മുതലായ രൂപതകളിൽ കപ്പൂച്ചിൻ സഭാംഗങ്ങൾ മിഷൻജോലി നിർവ്വഹിക്കുന്നു.

ഇന്ത്യൻ പ്രോവിൻസിൽ ആശ്രമങ്ങൾ 11. വൈദികർ 98. വൈദികവിദ്യാർത്ഥികൾ 49. ഉണസഹോദരന്മാർ 60.

കപ്പൂച്ചിൻ സന്യാസസഭയിൽ ചേരുന്നതിനാഗ്രഹിക്കുന്നവർ ഭരണങ്ങാനത്തെ അസ്സീസി ആശ്രമം സുപ്പീരിയർക്കെഴുതിയാൽ വിശദവിവരങ്ങൾ ലഭിക്കുന്നതാണു്.

→ ഇന്ത്യയിലെ പ്രഥമ കപ്പൂച്ചിൻ നാട്ടുമെത്രാപ്പോലീത്താ, റൈററു് റവ. ഡോക്ടർ ഡോമിനിക്കു് അത്തായിഡു് ഒ. എഫ്. എം. (Cap)— ആഗ്രാ മെത്രാപ്പോലീത്താ. (അഭിഷേകം—മേയ് 20)



കോയമ്പത്തൂർ ശാന്തി ആശ്രമത്തിൽ ലത്തീൻ പഠിക്കുന്ന വിദ്യാർത്ഥികൾ.



അഖിലകേരള ചെറുപുഷ്പമിഷൻ ലീഗിൻെറ 9-ാമത്തു വാർഷികത്തിൽ ചെമ്മലമററത്തു് . പ്രദർശിപ്പിച്ച ഭാരതത്തിലെ വിവിധസന്യാസസഭകളെ കാണിക്കുന്ന മിഷൻ പ്രകടനം.

(7-ാംപേജ് തുടർച്ച)

നെ അവസാനമായി സ്വീകരിച്ചു. തൻെറ ബാല്യത്തിൽ താൻ കന്യാസ്ത്രീവേഷം അണിഞ്ഞു കളിച്ചതും, ആ ആഗ്രഹം കന്യാസ്ത്രീകളുടെ നേതൃത്വത്തിൽ വികസിച്ചതും അങ്ങനെ തൻെറ സ്രഷ്ടാവിനെ ആത്മനാഥനായി വരിച്ചതും തൻെറ ആത്മപിതാവിനെ ഇക്കാര്യം അറിയിച്ചതും അദ്ദേഹം അതു ശരിവച്ചതും...എല്ലാം അവളുടെ മനോമുകുരത്തിൽക്കൂടി കടന്നുപോയി. ആ രക്ഷാകരമായ ചിന്തകൾ അവളുടെ വാടിയ മുഖത്തു പ്രസരിച്ചു. സ്വർഗ്ഗീയാനന്ദം കളിയാടിയ ആ മുഖചന്ദ്രൻ പെട്ടെന്നു വിളറി, തൻെറ പിതാവിൻെറ വിസമ്മതം ഓർത്തപ്പോൾ.

"അപ്പച്ചാ എനിക്കു കന്യാസ്ത്രീയാകണം" അവളറിയാതെ പറഞ്ഞുപോയി. കുര്യാക്കോയുടെ പിതൃഹൃദയം അലിഞ്ഞുപോയി. അയാളുടെ രണ്ടു മൂന്നു കണ്ണുനീർ കണങ്ങൾ കുഞ്ഞമ്മയുടെ നെററിത്തടത്തിൽ വീണു. അവളുടെ സ്വർഗ്ഗീയ കിരീടത്തിൻെറ ശോഭയേറിയ രണ്ടുമൂന്നു രത്നങ്ങൾ അവയുടെ പിതാവു് അങ്ങനെ അവളെ അണിയിച്ചു.

"പനി സുഖമാകട്ടെ, മകളേ!" ഈ സമ്മതം താമസിച്ചുപോയി.

കുഞ്ഞമ്മയുടെ ഭാവം പെട്ടെന്നു മാറി. ആത്മനാഥൻെറ ആഹ്വാനം അവൾ ശ്രവിക്കുന്നു...

കുഞ്ഞമ്മയുടെ ജ്വരബാധിതമായ ദേഹമാസകലം വിയർത്തു. പരവേശം വർദ്ധിച്ചു. ശ്വാസം ഉറക്കെ വലിക്കുവാൻ തുടങ്ങി. കണ്ണുകൾ നിർന്നിമേഷമായി; അധരങ്ങൾ ചലിച്ചു. ത്രേസ്യാമ്മ ഉറക്കെ നിലവിളിച്ചു.

കുഞ്ഞമ്മയുടെ അധരങ്ങൾ വ്യക്തമായി വിടന്നു: "അമ്മേ, അപ്പ....ച്ചാ, ഞാൻ പോ...കട്ടെ" "ആത്മനാഥാ, ഞാ...ൻ വ...രുന്നു, അങ്ങെ...ന്നെ സ്വീക...രിക്കേണ....മേ." ആ ധീരാത്മാവു് തൻെറ ദിവ്യാഹ്വാനം ശ്രവിച്ചു.

—ാ—

## അടുത്തയാഴ്ചയിൽ

മേയ്
31 വ്യാ: വി. കുർബാനയുടെ തിരുനാൾ

ജൂൺ
1 വെ: വി. വാലെൻസ്
2 ശ: വി. എവുജേനിയൂസ്
3 ഞാ: പന്തക്കുസ്ത2-ാംഞായർ
4 തി: വി. ഒപ്റ്റാത്തൂസ്
5 ചൊ: വി. ബോനിഫസ്
6 ബു: വി. നോർബർട്ടു്

## മിൻസെന്തിയുടെ ഡെപ്യൂട്ടി

ഹംഗറിയിലെ കർദ്ദിനാൾ മിൻസെന്തി തിരുമനസ്സിലെ രണ്ടാമത്തെ ഡെപ്യൂട്ടിയായിരുന്ന, എഗാർ അതിരൂപതയിലെ സ്സാപ്പിക്കു് മെത്രാപ്പോലീത്താ ഒരു ശസ്ത്രക്രിയയെ തുടർന്നു ആസ്പത്രിയിൽ വച്ചു നിര്യാതനായിരിക്കുന്നു. മരണത്തിനുമുൻപു വെസ്പ്രേം മെത്രാൻ അദ്ദേഹത്തിനു അന്ത്യകൂദാശകൾനൽകി. സ്സാപ്പിക്കു് മെത്രാപ്പോലീത്തായുടെ മരണത്തോടുകൂടി ഹംഗേറിയൻസഭയ്ക്കു ഒരു നേതാവില്ലാതായിരിക്കുന്നതു്. അദ്ദേഹത്തിനു ഒരു പിൻഗാമിയെ നിയമിക്കണമോയെന്നു തിരുസിംഹാസനം തീരുമാനിക്കുന്നതാണു്.





താമസിച്ചതിനു ക്ഷമാപണം

എ. ജെ. ജോസഫ്, എരുത്തുപുഴയിൽ, കടപ്പാമററം


## പ്യാരി ഔഷധസോപ്പിനു്

### ഗോൾഡ് മെഡൽ സർട്ടിഫിക്കററുകൾ

1955-ലും, 56-ലും നടത്തപ്പെട്ട കോഴിക്കോട്ട് അഖിലേന്ത്യാ പ്രദർശനങ്ങളിൽ പ്യാരി ഔഷധസോപ്പിനു് സ്വർണ്ണമെഡൽ സർട്ടിഫിക്കററ് ലഭിച്ചിരിക്കുന്നു

പ്യാരി ഔഷധസോപ്പ്:— ശുദ്ധിചെയ്ത മരോട്ടി എണ്ണയിൽ പ്രത്യേക മരുന്നുകൾ ചേർത്ത് ശാസ്ത്രീയമായി തയാർചെയ്യപ്പെട്ടതു്. ചർമ്മരോഗങ്ങളെ മാററി ത്വക്സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു. ചൊണങ്ങ്, താരൻ, മുഖക്കുരു, പുഴക്കടി, നിറഭേദങ്ങൾ മുതലായവയ്ക്കു് സിദ്ധൌഷധം. തലയിൽ താരൻകൊണ്ടുണ്ടാകുന്ന ചൊറിച്ചിലും തൻമൂലമുണ്ടാകുന്ന മുടികൊഴിച്ചിലും പ്യാരി ഔഷധസോപ്പ് പെട്ടെന്നു് സുഖപ്പെടുത്തും. വിവിധ ഡോക്ടർമാരും, ത്വക്രോഗവിദഗ്ദ്ധന്മാരും പരിശോധിച്ച് ഏററവും ഫലപ്രദമെന്നു ശുപാർശചെയ്തിട്ടുള്ളതു്. അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്യാരി ഔഷധസോപ്പ് മുന്നേറുന്നു. എല്ലാ പ്രധാന കടകളിലും കിട്ടുന്നതാണു്.

## ചെറുകഥ

# ഓർമ്മക്കുറിപ്പുകൾ

[തൃക്കൊടിത്താനം ചാക്കോ]

ഭൂതകാലത്തിന്റെ മാധുര്യമേറിയ ഏടുകളിലേക്കു ഞാനൊന്നു തിരിയുകയാണ്. അത്യഗാധതയിൽ താണുപോയ പല സംഭവങ്ങളും പെറുക്കി എടുത്ത് ഒരുമിച്ചു ചേർക്കുവാൻ ഇന്നെനിക്കു പ്രയാസമുണ്ട്. കാലമാകുന്ന നാഴികമണിയിലെ സൂചികൾ ഒന്നിനൊന്നു മാറിക്കഴിഞ്ഞു. അന്നു എന്റെ ഓർമ്മയിൽ സ്ഥലംപിടിച്ചിരുന്ന പലതും ഇന്നു കാണ്മാനില്ല.

മറക്കുവാനോ......മായിക്കുവാനോ വഹിയാത്ത ഒരു സംഭവം ഇന്നും എന്റെ സ്മൃതിമണ്ഡലത്തിൽ തിളച്ചു പൊങ്ങുന്നു. അതേ! അതുതന്നെ ഇവിടെ കുത്തിക്കുറിക്കാം.

മനോഹരമായ ആ പട്ടണത്തിൽനിന്നും ഒരു മൈൽ ഉള്ളിലേക്കു കയറിയാൽ കഷ്ടിച്ചു പതിനഞ്ചടി വീതിയുള്ള ഒരു പാത. അതിന്റെ ഇരുവശങ്ങളിലും തേക്ക്, ഇരട്ടി മുതലായ വൻവൃക്ഷങ്ങൾ വളരുന്നുണ്ട്. ആ പാതയിൽക്കൂടി ഒരു ഫർലാംഗോളം നടന്നുകഴിഞ്ഞാൽ കാണുന്നതു ഒരു വലിയ കുന്ന്. ആ കുന്നിലായിട്ടാണ് എന്റെ വിദ്യാലയം.

ആവശ്യത്തിൽ കവിഞ്ഞ സ്ഥലം അവിടെ നിരപ്പാക്കിയിട്ടുണ്ട്. ആ കുന്നിന്റെ മദ്ധ്യത്തിലായി ഒരു രണ്ടുനില കെട്ടിടവും. അതോടനുബന്ധിച്ചു മൂന്നുനാലു വലിയ "ഹോളുകളും" പണികഴിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമുള്ള കളിസ്ഥലം, കിണറ് എന്നുവേണ്ട ആയിരം ആയിരത്തി അഞ്ഞൂറു വിദ്യാർത്ഥികൾക്കു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ഉള്ളതായിരുന്നു ആ വിദ്യാലയം.

കുന്നിന്റെ മദ്ധ്യത്തിലായി ഉയർന്നുനില്ക്കുന്ന കെട്ടിടത്തിൽനിന്നു നോക്കിയാൽ പട്ടണം കാണാം. പച്ചില വിരിച്ച വൻകാടുകളും, തിങ്ങിത്തിങ്ങി വളരുന്ന കുററിച്ചെടികളും, അതിനടിയിൽക്കൂടി ഒഴുകുന്ന കുഞ്ഞരുവികളും... ഇതിനെല്ലാം ഉപരിയായി കുന്നിന്റെ താഴ്വരയിൽക്കൂടി മരക്കുന്നുകളെ ഭേദിച്ചുകൊണ്ടു മുന്നോട്ടു പോകുന്ന തീവണ്ടിപ്പാതയും... എന്തിനു്... ആകെക്കൂടി ഭാവനകൾ മൊട്ടിടുന്ന എല്ലാ സാഹചര്യങ്ങളും പ്രകൃതി അവിടെ കോർത്തിണക്കിയിട്ടുണ്ട്. ആ ഏകാന്തതയുടെമൂർത്തീകരണത്തിൽ ഭാവനകൾ എങ്ങിനെ കൂമ്പിവിടരാതിരിക്കും!!

കർഷകരുടേയുംഫാക്ടറിത്തൊഴിലാളികളുടെയും സന്താനങ്ങളാണു അവിടെ കൂടുതലും വിദ്യ അഭ്യസിക്കുന്നതു്. അവരിൽ ചിലരാണ് എന്റെ ചങ്ങാതിമാരും. ആ ബാല്യകാലസ്നേഹിതന്മാരേക്കുറിച്ചു സ്മരിക്കുമ്പോൾ കുട്ടിക്കാലത്തെ എന്റെ ചാപല്യങ്ങളോർത്തു് ഞാൻ ഇന്നു ലജ്ജിക്കുന്നു.

ചില ചില്ലറ സ്കൂൾബഹളങ്ങൾ ഒഴിവാക്കിയാൽ ഏതാണ്ടു ഒരു മാതൃകാവിദ്യാലയംതന്നെ അതെന്നു പറയുന്നതിൽ തെററില്ല. ആൺകുട്ടികളും പെൺകുട്ടികളും ഏകോദരസഹോദരങ്ങളെപ്പോലെയാണ് വർത്തിച്ചിരുന്നതു്. യാതൊരു വിധമായ വൃത്തികേടുകളും കൊണ്ടു ആ പരിസരം മലിനപ്പെടുത്തുവാൻ ആരുംതന്നെ അന്നു ഒരുമ്പെട്ടിട്ടില്ലെന്നാണ് എന്റെ ഓർമ്മ.

കുന്നിനടിവാരത്തിലാണ് "ഒററക്കണ്ണൻ" വേലുവിന്റെ കാപ്പിക്കട. ഇന്നത്തെപ്പോലെ പരിഷ്കൃതമായ ആഹാരസാധനങ്ങളോ, കറങ്ങുന്ന കസേരകളോ ഒന്നുംതന്നെ അന്നു ഒററക്കണ്ണന്റെ കടയിലില്ല.

സ്കൂൾവിദ്യാർത്ഥികളുടേയും ചില അദ്ധ്യാപകന്മാരുടേയും പററു മാത്രമേ അയാൾ പ്രതീക്ഷിച്ചിരുന്നുള്ളു. സ്കൂൾ അവധിദിവസം ഒററക്കണ്ണന്റെ കടയ്ക്കും അവധിയാണ്.

"കൊയ്ത്തുകാരിപ്പെണ്ണേ...... നൃത്തമാടും പെണ്ണേ"...... എന്ന ഗ്രാമീണ ഈരടികൾ ഒററക്കണ്ണൻ വേലുവിന്റെ "മാസ്റ്റർപീസ്" ആയിരുന്നു. ചായയും കട്ടനും ധൃതിയായി എടുക്കുന്ന അവസരത്തിലാണ് ഈ ഈരടികൾ മിക്കവാറും മൂളുന്നതു്. ആ രാഗം ഇന്നും ഞാൻ ഓർക്കുന്നുണ്ട്.

ഇനിയും നിങ്ങൾക്കറിയേണ്ടതു ആ സംഭവമാണ്... അല്ലേ....?

അതേ! അതാണ് എനിക്കു നിങ്ങളോടു പറയുവാനുള്ളതും. ആ സംഗതി എന്റെ ഓർമ്മയിൽ തെളിഞ്ഞപ്പോൾ ഈ ചുററുപാടും വെള്ളിത്തിരയിലെന്നോണം കാണപ്പെട്ടുപോയി. ആ സൗന്ദര്യസാക്ഷാൽക്കാരത്തെ എങ്ങിനെ മറക്കും....? നടന്നു വാടിത്തളർന്നു വരുമ്പോൾ... പച്ചപ്പരവതാനി വിരിച്ച പുൽത്തകിടിയിൽ ഇരുത്തി ശീതളകരങ്ങൾകൊണ്ടു തലോടിയ ആ പരിസരം എങ്ങിനെ ഓർക്കാതിരിക്കും? അവയെല്ലാം രൂപം കൊടുത്തതു തെററാണെങ്കിൽ നിങ്ങളോടു ഞാൻ മാപ്പു ചോദിക്കുന്നു.

ആ സംഭവം നടന്നതു ഏതാണ്ടിലാണെന്നു എനിക്കു നിശ്ചയമില്ല.

നിറയുന്ന കണ്ണുകളോടും പതറുന്ന ശബ്ദത്തോടും വിറയ്ക്കുന്ന കരങ്ങളോടും കൂടിയാണ് ഈ സംഭവം നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതു്. പുറകോട്ടുനോക്കിയാൽ അഭിമാനിക്കത്തക്ക നിരവധി കാര്യങ്ങളുണ്ട്. എങ്കിലും അതെല്ലാം ഈ ഒരു സംഭവത്തോടുകൂടി മാഞ്ഞുപോകുന്നു.

അന്നു പണിമുടക്കുകളുടെ കാലമായിരുന്നു. അവിടത്തെ കടലാസുകമ്പനിയിലും പണിമുടക്കു നടക്കുന്ന അവസരം. നിസ്സാരകാര്യങ്ങൾക്കുപോലും വിദ്യാർത്ഥികൾ ക്ലാസുകൾ വിട്ടിറങ്ങി ബഹളം കൂട്ടുക പതിവായിരുന്നു. ഏതോ ഒരു കോളേജിൽ നടന്ന വിദ്യാർത്ഥി സമരത്തോടനുഭാവസൂചകമായി ഞങ്ങളുടെ സ്കൂളിലും പഠിപ്പു മുടക്കുവാൻ നേതാക്കന്മാർ തീരുമാനിച്ചു.

അന്നൊക്കെ ക്ലാസിൽനിന്നും ഇറങ്ങി കീജേയും സിന്ദാബാദും വിളിച്ചുനടക്കുന്നതിൽ വലിയ രസമായിരുന്നു. ഫീസുകൊടുത്തു പഠിച്ചിരുന്ന കാലമായിരുന്നുവെങ്കിലും തുടർച്ചയായി പഠിപ്പുമുടക്കു നടത്തുന്നതിൽ ഞങ്ങളുടെ സ്കൂൾ മററു സ്കൂളുകളെ അപേക്ഷിച്ചു വളരെയധികം പുരോഗമിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ ഭാഷയിൽ പറഞ്ഞാൽ "വർഗ്ഗബോധം" ശരിക്കു മനസ്സിലാക്കിയിരുന്നു.

ഒരു ദിവസം, അതായതു് അതികഠിനമായ വേനല്ക്കാലത്തു്, ഞാൻ സ്കൂളിലേക്കു യാത്രയായി. ഒററക്കണ്ണൻ വേലുവിന്റെ കടയുടെ അടുത്തായപ്പോൾ പഠിപ്പുമുടക്കിന്റെ ഒരു ബോർഡു കണ്ടു. പാതയുടെ ഇരുവശത്തുള്ള വൃക്ഷങ്ങളിൽ ചുവപ്പക്ഷരങ്ങൾകൊണ്ടുള്ള പോസ്റ്ററുകൾ സ്ഥലം പിടിച്ചിരുന്നു. തികഞ്ഞ ആഹ്ലാദത്തിളപ്പോടുകൂടി ഞാനും എന്റെ സ്നേഹിതന്മാരും ഒന്നിച്ചു സ്കൂളിലേക്കോടി. സ്കൂൾപരിസരത്തുനിന്നും വിദ്യാർത്ഥികളുടെ മുദ്രാവാക്യഘോഷണങ്ങൾ കേൾക്കാം. ഞങ്ങൾ വളരെ വേഗം സ്കൂളിലെത്തി. ചുരുങ്ങിയ സമയത്തിൽ ഇത്രവേഗതയോടുകൂടി ആ കുന്നു ഓടിക്കയറിയ ഒരു സന്ദർഭവും പിന്നീടൊരിക്കലും എനിക്കുണ്ടായിട്ടില്ല.

വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായി സ്കൂൾപരിസരത്തു നിൽക്കുന്ന "ഇരട്ടി"യുടെ ചുവട്ടിൽ നിലയുറപ്പിച്ചിട്ടുണ്ട്.

മററു ക്ലാസിലെ ശബ്ദത്തെ ഭയന്നു് ആ ഇരട്ടിയുടെ ചുവട്ടിൽവച്ചു പല പ്രാവശ്യവും ഞങ്ങൾക്കു ക്ലാസുകൾ നടത്തിയിട്ടുണ്ട്.

വിദ്യാർത്ഥിനേതാക്കന്മാർ "മെഗാഫോണിൽ"ക്കൂടി പഠിപ്പുമുടക്കിൽ സഹകരിക്കുവാൻ വിളിച്ചുപറയുന്നുണ്ട്. എല്ലാവരുടേയും മുഖത്തു് ആഹ്ലാദത്തിന്റെ തിരതല്ലൽ ദൃശ്യമായിരുന്നു. അന്നത്തെ വിദ്യാർത്ഥിബഹളം ഏതാണ്ട് പെരുന്നാളു സ്ഥലത്തെയോ ഉത്സവസ്ഥലത്തെയോ പ്രതീതിയാണുണ്ടാക്കിയതു്.

സ്കൂൾസമയത്തിന്റെ മുന്നറിയിപ്പു കേട്ടു. വിദ്യാർത്ഥികൾ എന്താണു ചെയ്യേണ്ടതെന്നറിയാതെ അന്യോന്യം നോക്കിനിന്നു.

ഏതായാലും ക്ലാസിൽ കയറണ്ടാ എന്നുതന്നെ ഞാനും എന്റെ സ്നേഹിതന്മാരും തീരുമാനിച്ചു.

എന്തിനുവേണ്ടിയാണ് സ്കൂളിൽ കയറാതിരിക്കുന്നതെന്നും അതുകൊണ്ടു എന്തു പ്രയോജനമാണു ഉണ്ടാകുവാൻ പോകുന്നതെന്നും മററുമുള്ള കാര്യങ്ങളെക്കുറിച്ചൊന്നും ഞങ്ങൾ അന്നു ചിന്തിച്ചിരുന്നില്ല.



Mr. & Mrs. Chacko Chetattu Thrikodithanam
Wedding—9th April 1956

ഹെഡ്മാസ്റ്റർ വന്നു തിരക്കി. പക്ഷേ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ക്ലാസിനു പുറത്താണ്. അന്നു ഞങ്ങൾ ചെയ്ത ബുദ്ധിശൂന്യമായ പ്രവർത്തനത്തെ ഓർത്തു ഞാൻ ഇന്നു പശ്ചാത്തപിക്കുന്നു.

മഹത്തായ ഞങ്ങളുടെ കടമകളെ നേതാക്കന്മാർ തിരശ്ശീലകൊണ്ടുമൂടി. ഞങ്ങളുടെ കർത്തവ്യത്തെക്കുറിച്ചു ഞങ്ങൾ ഓർത്തിരുന്നാൽതന്നെ വിപ്ലവാവേശത്താൽ എന്തും പ്രവർത്തിക്കുവാൻ മടിയില്ലാത്ത നേതാക്കന്മാരുടെ മുമ്പിൽ ഞങ്ങൾ അന്നേ "വിരുദ്ധന്മാരായേനെ."

പണിമുടക്കു (പഠിപ്പുമുടക്ക്) മൂന്നുദിവസമായി. ഇനിയും തുടർന്നുകൊണ്ടുപോകുന്നതിനു എനിക്കും മററൊരു വിഭാഗത്തിനും ആഗ്രഹമില്ലാതായിത്തീർന്നു. പഠിപ്പുമുടക്കിന്റെ പേരിൽ വിദ്യാർത്ഥികളെ വഴിതെററിക്കുന്ന ഈ സമ്പ്രദായത്തോടു എതിർപ്പുകൾ അങ്ങിങ്ങായി കരുത്തുതുടങ്ങി.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

ആഴ്ച ഒന്നു ഇതിനകം നീങ്ങിക്കഴിഞ്ഞു. ക്ലാസുകളിൽ വിദ്യാർത്ഥികൾ കുറേശ്ശെ കയറിത്തുടങ്ങി. അദ്ധ്യാപകർ വിദ്യാർത്ഥികളുടെ ചുമതലയെക്കുറിച്ചു അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. ഓരോ ദിവസം കഴിയുന്തോറും ക്ലാസുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവന്നു.

കമ്മ്യൂണിസ്റ്റ് ചായ്വുള്ള നേതാക്കന്മാർ അവരുടെ നയമൊന്നു മാററി. ഓരോ ക്ലാസിന്റെ മുന്നിലും പിക്കററിംഗ് സമ്പ്രദായം ആരംഭിച്ചു. ക്ലാസിൽ കയറണമെന്നാഗ്രഹമുള്ളവരെയും ബലംപ്രയോഗിച്ചു അവർ തടഞ്ഞു. ഇതേ നയംതന്നെ പെൺകുട്ടികളുടെ ക്ലാസിന്റെ വാതുക്കലും തുടർന്നു. സ്കൂൾ അധികൃതർ ഇവരുടെ നയത്തെ പഴിച്ചു. ഈ നയം മാററിയില്ലെങ്കിൽ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമെന്നു തീർത്തുപറഞ്ഞു.

ഗ്രാമത്തിലും പട്ടണത്തിലും ഇതൊരു സംസാരവിഷയമായിത്തീർന്നു. ഭയവിഹ്വലരായ വിദ്യാർത്ഥിനികൾ സ്കൂളിലേക്കുള്ള വരവു തല്ക്കാലം നിറുത്തി. മേലധികാരികൾ രക്ഷാകർത്തൃസമ്മേളനം വിളിച്ചുകൂട്ടി. ഏതാനും വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന ഈ കുഴപ്പത്തെ എല്ലാവരും അപലപിച്ചു. അവരെ പ്രേരിപ്പിക്കുന്ന രാഷ്ട്രീയ ചരടുവലികൾ അവസാനിപ്പിക്കാത്തപക്ഷം അനന്തരനടപടി, വേണ്ടിവന്നാൽ പോലീസിനെ വരുത്തുക എന്ന തീരുമാനത്തിൽ സമ്മേളനം എത്തിച്ചേർന്നു. പക്ഷേ ഈ തീരുമാനങ്ങൾകൊണ്ടൊന്നും അവർ കുലുങ്ങിയില്ല. തങ്ങൾ പിടിച്ച മുയലിനു മൂന്നു കൊമ്പ് എന്ന മട്ടിൽതന്നെ ഉറച്ചുനിന്നു.

അന്നു വിദ്യാർത്ഥികളോടുപദേശിച്ചു പൂജ്യരായ അദ്ധ്യാപകർ, അതെ, അവരിൽ ചിലരെല്ലാം ആ സ്കൂളിനോടും മറക്കാത്ത പരിസരത്തോടും യാത്രപറഞ്ഞു പിരിഞ്ഞുപോയ്ക്കഴിഞ്ഞു. മററു ചിലർ കാലത്തിന്റെ നിഷ്ഠുരമായ യവനികയ്ക്കുള്ളിൽനിന്നും ഇങ്ങിനി തിരിച്ചുവരാത്തവണ്ണം മറഞ്ഞുകഴിഞ്ഞു. ആ ഗുരുഭൂതരുടെ അജ്ഞാതമായ ശവകുടീരത്തിൽ എന്റെ ഹൃദയാഞ്ജലികൾ ഇതാ സമർപ്പിക്കുന്നു. സ്നേഹം വഴിഞ്ഞൊഴുകുന്ന അവരുടെ പെരുമാററം ഇന്നും ഞാൻ മറന്നിട്ടില്ല.

ദിവസങ്ങൾ ഒന്നിനുപുറകെ ഒന്നായി ഓടിമറഞ്ഞുകൊണ്ടിരുന്നു. ഓരോ ദിവസവും ആശകളേയും പ്രതീക്ഷകളേയും ഗർഭം ധരിക്കുകമാത്രം. ചതുരുപായങ്ങളിൽ അവസാനത്തെ ഒന്നുമാത്രം ഇനി പ്രയോഗിച്ചുനോക്കാനുണ്ട്. അതു പ്രായോഗികമാക്കുവാനുള്ള സംരംഭവുമായിട്ടാണ് അന്നു ദിനകരൻ പൂർവ്വദിക്കിൽ ഉദിച്ചുപൊങ്ങിയതു്.

പിക്കററിംഗു നടത്തുന്ന വിദ്യാർത്ഥികളോടു അദ്ധ്യാപകർ യാചിച്ചു. എന്തിനു്, അന്നു ആദ്യമായി ആ സ്കൂൾപരിസരത്തു പോലീസ് വാൻ വന്നുകഴിഞ്ഞു. ഞങ്ങൾ ഭയന്നു അടുത്തു നടക്കുവാൻപോകുന്നതെന്താണെന്നറിയാതെ വിഷമിച്ചു.

പോലീസുകാരും ഇൻസ്പെക്ടറും അങ്ങനെ എല്ലാവരും ശ്രമിച്ചു. സമാധാനപരമായിത്തീരുന്നതിനുള്ള അന്ത്യശ്രമവും പരാജയത്തിൽ കലാശിച്ചു. നിയമം അതിന്റെ കർത്തവ്യം മുറപോലെ നിർവ്വഹിച്ചു! കുഴപ്പങ്ങൾ സൃഷ്ടിച്ചവരെ ഓരോന്നായി വാനിൽ കയററി. ആ രംഗം സത്യത്തിൽ ഞങ്ങൾ കണ്ണുനീരിൽക്കൂടിയാണ് കണ്ടതു്. കുറച്ചുനിമിഷങ്ങൾക്കുള്ളിൽ വാൻ കുന്നിൻചരുവുകളിൽക്കൂടി അതിശീഘ്രം പൊയ്ക്കഴിഞ്ഞു.

അങ്ങനെ ആ സ്കൂളിന്റെ ചരിത്രത്തിൽ അന്നാദ്യമായി കരിപുരണ്ട ആ സംഭവം എഴുതിച്ചേർക്കപ്പെട്ടു. ശോകസമ്പൂർണ്ണമായ ഞങ്ങളുടെ അപ്പോഴത്തെ നില അതേപടി ഇവിടെ പകർത്തുവാൻ എനിക്കു വാക്കുകൾപോരാ. പോലീസ് ഇടപെട്ടതിൽ അല്പകുണ്ഠിതം ഞങ്ങൾക്കും ഇല്ലാതില്ല. എന്തുചെയ്യാനാണ്. പഠിക്കുക എന്നുള്ള ഭൂരിപക്ഷത്തിന്റെ ആവശ്യത്തെ കൈവിരലിൽ എണ്ണിത്തീർക്കാവുന്ന ചിലരുടെ തോന്ന്യാസങ്ങൾക്കു എങ്ങനെ വിട്ടുകൊടുക്കും? സമാധാനപരമായ എല്ലാ സമീപനങ്ങളും തകർന്നതിനുശേഷമാണ് ഈ തീരുമാനം അധികൃതർ കൈക്കൊണ്ടതു്. എന്തിനുവേണ്ടിയാണ് പഠിപ്പുമുടക്കു തുടർന്നുകൊണ്ടുപോയതെന്ന സംഗതി ഇന്നും എനിക്കജ്ഞാതമാണ്.

പട്ടണവും പരിസരവും ഒരു നീണ്ട നിശ്ശബ്ദതയിൽ കഴിയുന്നു. അന്നത്തെ രാത്രി, ആ കാളരാത്രി, പിന്നീടൊരിക്കലും എനിക്കനുഭവപ്പെട്ടിട്ടില്ല. പിറേറദിവസം ഞങ്ങൾ കൂട്ടത്തോടെ ഹെഡ്മാസ്റ്ററെ സമീപിച്ചു. അദ്ദേഹത്തിന്റെ ഹൃദയവും നീറുകയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ തങ്ങിനിന്ന വേദന ഒലിച്ചിറങ്ങുവാൻതുടങ്ങി. ഒടുവിൽ അദ്ദേഹം ഞങ്ങളെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു: "അവരെ ഉപദ്രവിക്കാതിരിക്കുവാനും അവർക്കു വേണ്ടുന്ന എല്ലാ സുഖസൗകര്യങ്ങൾ നൽകുവാനും ഞാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കഴിയുന്നതും വേഗം അവരെ മോചിപ്പിക്കാം..."

സ്നേഹസമ്പന്നനായി ഞങ്ങളോടു പെരുമാറുന്ന അദ്ധ്യാപകൻ, അതേ ഞങ്ങളുടെ ഒന്നാം സാർ, ആ നാമധേയത്തിന്റെ മുൻപിലും എന്റെ കൈകൾ കൂമ്പിപ്പോകുന്നു. നരച്ചു വെള്ളിക്കമ്പിപോലെ ചിരിക്കുന്ന തലയിലെ രോമങ്ങളും കരുണയുടെ ഉറവിടമായ ആ മുഖഭാവവും ഈ വാക്കുകൾ കുത്തി

# എന്തപ്പാ! സെമ്മിനരി!!

(J. P. V.)

"ഗുഡ്മോണിങ്ങ്", ജോൺ."

"ഗുഡ്മോണിങ്ങ്. എന്താ മാത്യു പാസ്സായില്ലേ?"

"ഉവ്വ്, ക്ലാസ്സുണ്ട്, നിങ്ങളോ?"

"ഞാനും പാസ്സായി. ഇംഗ്ലീഷിൽ പൊട്ടുമെന്നുകരുതി ഭയമായിരുന്നു. പക്ഷേ നല്ല മാർക്കുണ്ട്."

ജോൺ:- മാത്യു, ഇനിയെങ്ങനെയാ. കോളേജിലേക്കായിരിക്കും അല്ലേ?

മാത്യു:- അല്ല. ഞാൻ സെമ്മിനാരിയിൽ ചേരണമെന്നാണുദ്ദേശിക്കുന്നതു്.

ജോൺ:- സെമ്മിനാരിയിലോ? എന്തപ്പാ! ഈ സെമ്മിനാരിജീവിതം യാതൊരു സ്വാതന്ത്ര്യവുമില്ലാത്ത ഒരുതരം കാരാഗൃഹമാണെന്നാണു് എന്റെ അറിവു്. വൃഥാ നിങ്ങൾ ആ അപകടത്തിനൊന്നും പോകണ്ട.

മാത്യു:- മി. ജോൺ, ഞാനും ആ അഭിപ്രായക്കാരനായിരുന്നു. പക്ഷേ ഇതെന്താണെന്നു ഒന്നു നേരിട്ടറിയണമെന്നു കരുതിയിരിക്കുമ്പോഴാണു് ഒരവസരം വന്നതു്. ഞങ്ങളുടെ ഇടവകയിൽ ഒരു "ദൈവവിളിവാരം" ആചരിച്ചു ഞങ്ങൾ ഈ സെമ്മിനാരിയിലും മററും പോയി അവരുടെ ജീവിതചര്യകളെല്ലാം മനസ്സിലാക്കി. ഇപ്പോഴല്ലേ കാര്യം മനസ്സിലായതു്!

ജോൺ:- ഉവ്വ്, ഉവ്വ്, വളരെ മനസ്സിലായി. ഇതൊക്കെ തട്ടിപ്പല്ലേ മിസ്റ്റർ. നമ്മുടെ നാട്ടിൽ നിന്നു സഖാക്കളെ കൊണ്ടുപോയി റഷ്യാ കാണിച്ചുവിടുന്നില്ലേ, അതുപോലെ. അല്ലെങ്കിൽതന്നെ ഈ ആളെപ്പിടുത്തമെന്തിനാ. നല്ലതാണെങ്കിൽ വേണ്ടവർ അറിഞ്ഞുചെല്ലുകയില്ലേ? ഈ "ദൈവവിളിവാരം" വും മററും ഒരുതരം തട്ടിപ്പുതന്നെയാണു്.

മാത്യു:- സ്നേഹിതൻ അങ്ങനെ കണ്ണടച്ചു വിധിപറയരുതു്. ഏതു കാര്യത്തിലും മുൻവിധികളഞ്ഞു് നാം വസ്തുതകളിലേക്കു കടന്നു പരിശോധിക്കണം. അപ്പോൾ പല പുതിയ അറിവുകളും നമുക്കു കിട്ടുന്നതാണു്. എന്റെ അനുഭവത്തിൽനിന്നാണു് ഞാൻ പറയുന്നതു്. നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ എന്റെ അനുഭവം ഞാൻ കുറഞ്ഞൊന്നു വിശദമാക്കിത്തരാം.

ജോൺ:- മാത്യു തെററിദ്ധരിക്കരുതു്. ഞാൻ എന്റെ അഭിപ്രായം പറഞ്ഞെന്നേയുള്ളു. അപ്പച്ചൻ കഴിഞ്ഞദിവസം എന്നോടു ചോദിച്ചു, ഇനി നിന്റെ ഉദ്ദേശമെന്താണെന്നു്. ഞാൻ നമ്മുടെ പാപ്പച്ചനെ കണ്ടപ്പോൾ അവൻ കുഞ്ഞപ്പൻ സെമ്മിനാരിയിൽ പോകുന്ന കാര്യത്തെക്കുറിച്ചു പറഞ്ഞു. പാപ്പച്ചനാണു് ഈ വിവരങ്ങളെല്ലാം എന്നോടു പറഞ്ഞതു്.

മാത്യു:- ജോണേ, പാപ്പച്ചന്റെ കാര്യം പറഞ്ഞപ്പോൾ ഒരു കാര്യം ഞാനോർത്തു. പാപ്പച്ചനുമായുള്ള ജോണിന്റെ കൂട്ടുകെട്ടു അത്ര നല്ലതല്ല. അവൻ ഇതയിടെയായി വളരെ വഷളായിട്ടുണ്ടു്. നാട്ടിലുള്ള ചീത്തപ്പുസ്തകങ്ങളെല്ലാം വായിച്ചുകൂട്ടുകയാണു്. മാത്രമല്ല കമ്മ്യൂണിസ്റ്റു് സ്റ്റഡിക്ലാസ്സുകളിൽ സംബന്ധിക്കുന്നുണ്ടെന്നും കേട്ടു. അതുകൊണ്ടു അയാളുടെ അഭിപ്രായങ്ങൾ അത്രമാത്രത്തിലേ വരൂ.

ജോൺ:- എന്റെ മാത്യൂ, എനിക്കും കുറച്ചു സംശയം തോന്നി. അതാണു് ചങ്ങാതി വൈദികരെപ്പററിയും സെമ്മിനാരിയെപ്പററിയും മററും കണക്കിനു ചീത്തപറഞ്ഞതു്. ഞാനതൊന്നും പറഞ്ഞില്ലന്നേയുള്ളു. ആകട്ടെ, മാത്യു എന്താണു് ദൈവവിളിയെപ്പററിയും സെമ്മിനാരിജീവിതത്തെപ്പററിയും മനസ്സിലാക്കിയിട്ടുള്ളതു്. നമുക്കിവിടെ ഈ മരത്തിന്റെ തണലിലിരിക്കാം. ഇതൊക്കെ ഒന്നു അറിക്കു മനസ്സിലാക്കണമെന്നു വിചാരിച്ചിട്ടു കുറേക്കാലമായി. പോരെങ്കിൽ ഇപ്പോൾ എന്തെങ്കിലും ഒന്നു നിശ്ചയിക്കേണ്ട അവസരവുമല്ലേ?

മാത്യു:- എനിക്കുണ്ടായ അനുഭവവും അറിവും ഞാൻ പാട്ടുപോലെ വിവരിച്ചുകേൾപ്പിക്കാം. വാസ്തവത്തിൽ നമ്മുടെ ദൈവവിളി അറിയുന്ന കാര്യം, ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യം വളരെ ഗൗരവമുള്ളതുതന്നെയാണു്. ദൈവവിളിവാരാചരണത്തിനു പോയപ്പോൾ അതിനു ഉപകാരപ്രദമായിരിക്കുമെന്നു എനിക്കു തോന്നിയിരുന്നില്ല.

ജോൺ:- അതു നമ്മുടെ ധ്യാനംപോലെയല്ലേ? കുറെ പ്രാർത്ഥനയും പ്രസംഗവുമെല്ലാം ഉണ്ടായിരിക്കും. മിണ്ടാൻപാടില്ലാത്തതാണു് വലിയ കുഴപ്പം. അതുകൊണ്ടാണു് ഞാൻ ഈ ഏകാന്തധ്യാനത്തിനു പോകാത്തതു്.

മാത്യു:- അയ്യേ, എന്റെ ജോണേ, അതല്ല ദൈവവിളിവാരമെന്നു പറയുന്നതു്. ഇതു ഏറാകുളം നമ്മുടെ "സ്റ്റുഡൻറ് സെമിനാർ" ഇല്ലേ, ആ മോഡലിലാണു്. വാസ്തവത്തിൽ ആ ആഴ്ച വളരെ രസകരമായിരുന്നു.

ജോൺ:- ആഹാ, അങ്ങനെയാണോ! എന്നാൽ കേൾക്കട്ടെ.

മാത്യു:- ഞങ്ങളെല്ലാവരും അവിടെ ചെന്നുചേർന്നുകഴിഞ്ഞപ്പോൾ അതിന്റെ നേതൃത്വം വഹിക്കുന്ന അച്ചൻവന്നു ഓരോരുത്തരുമായി പരിചയപ്പെട്ടു. ചില ചെറിയചെറിയ ഫലിതങ്ങളും പറഞ്ഞു ചിരിപ്പിച്ചുല്ലസിച്ചു് അദ്ദേഹം ഞങ്ങളുടെ ഇടയിൽക്കൂടി കടന്നുപോയപ്പോൾതന്നെ ഒരു പ്രത്യേകാനന്ദം—ഞങ്ങൾ ഒരു പുതിയ കുടുംബത്തിലാണെന്നുള്ള ബോധം—ഞങ്ങൾക്കുണ്ടായി. അതിനുശേഷം അദ്ദേഹം ഈ വാരാചരണം എന്തിനാണെന്നും അതെങ്ങിനെയാണു് ഫലപ്രദമായി കഴിക്കേണ്ടതെന്നും ഒരുപദേശം പറഞ്ഞു. പിന്നീടു് ഞങ്ങളെ ഓരോ ഗ്രൂപ്പുകളായി തിരിച്ചു് ഓരോ ഗ്രൂപ്പും ഓരോ ബ്ര: ശെമ്മാശന്റെ നേതൃത്വത്തിൽ ഏല്പിച്ചു. അങ്ങനെയാണു് ആരംഭിച്ചതു്.

ജോൺ:- പിന്നെ അതു കഴിയുന്നതുവരെ മിണ്ടാൻ പാടില്ലല്ലോ.

മാത്യു:- എന്റെ ജോണേ, ഇതു ഏകാന്തധ്യാനമല്ലെന്നേ. ഞങ്ങൾക്കെല്ലാം സംസാരസമയമുണ്ടു്. പാട്ടുപാടി പരിശീലിക്കുന്ന സമയമുണ്ടു്. കളികൾക്കു സമയമുണ്ടു്. സെമ്മിനാരിയിലേക്കു രണ്ടു ദിവസം ദീർഘിച്ച ഒരു പിക്നിക്കുണ്ടായിരുന്നു.

ജോൺ:- അപ്പോൾ അതൊരു എസ്കർഷൻപോലാണല്ലോ.

മാത്യു:- വാസ്തവം. അങ്ങിനെയാണു ഞങ്ങൾ അനുഭവപ്പെട്ടതു.

ജോൺ:- എന്തൊക്കെയായിരുന്നു നിങ്ങളുടെ പരിപാടികൾ.

മാത്യു:- ഞങ്ങൾ കാലത്തു അഞ്ചരമണിക്കു എഴുന്നേൽക്കും. ആറേകാൽമണിക്കാണു് കുർബാന. കുർബാനയിൽ സഹായിയുടെ ഭാഗം ഞങ്ങൾ ഒന്നിച്ചുചൊല്ലാൻ പരിശീലിപ്പിക്കപ്പെട്ടിരുന്നതുകൊണ്ടു് എല്ലാവർക്കും ആ ദിവ്യബലിയിൽ സജീവമായി പങ്കെടുക്കാൻ സാധിച്ചിരുന്നു. അതു കഴിഞ്ഞു 8 മണിവരെ നിശ്ശബ്ദമായി എന്തെങ്കിലും വായിക്കും. 8 മണിക്കാണു് പ്രഭാതഭക്ഷണം. 9 മണിക്കു ഗ്രൂപ്പുകൾ തനിച്ചുകൂടി ഗ്രൂപ്പുഡയറക്ടറുടെ നേതൃത്വത്തിൽ സെമ്മിനാരിജീവിതക്രമങ്ങളെപ്പററി വിശദീകരണങ്ങളും സംശയനിവാരണങ്ങളും മററുമായി 10 മണിവരെ കഴിക്കും. ദിവ്യബലിയിൽ ശുശ്രൂഷിക്കുന്നതിനു പരിചയിക്കുക, കുർബാനയിലെ പാട്ടുകൾ പരിശീലിക്കുക, തിരുകർമ്മഭാഗങ്ങൾ വ്യാഖ്യാനിക്കുക എന്നിതെല്ലാം അതിൽപെടുന്ന വിഷയങ്ങളാണു്. വിനോദാത്മകമായ ഒരു പഠനസമയം എന്നതാണതിന്റെ സ്വഭാവം. പത്തേകാൽമണിക്കു എല്ലാവരും സമ്മേളിക്കുന്നു. പൊതുഡയറക്ടർ തന്നെയോ അല്ലെങ്കിൽ മററാരെങ്കിലുമോ അതിൽ വിവിധജീവിതാവസ്ഥകളെ സംബന്ധിച്ചും ദൈവവിളിയെ സംബന്ധിച്ചും സേവനജീവിതത്തെ സംബന്ധിച്ചും മററും വിശേഷമായ പ്രസംഗങ്ങൾ പറയുകയും അവസാനത്തിൽ സംശയനിവാരണത്തിനുവേണ്ടി ചോദ്യങ്ങൾക്കു ഉത്തരം നൽകുകയും ചെയ്യും. 12 മണിക്കു ആത്മപരിശോധനയും മദ്ധ്യാഹ്ന പ്രാർത്ഥനയും കഴിഞ്ഞു ഉച്ചഭക്ഷണം കഴിക്കും. 2 മണിവരെ വിശ്രമസമയമാണു്. 2 മണിക്കു ക്ലാസ്സുകൾ ആരംഭിക്കും. അതിൽ ലത്തീൻ, സുറിയാനി, ഹീബ്രു മുതലായ ഭാഷകളെ സംബന്ധിച്ചും അവ പഠിക്കുന്ന രീതിയും അവയുടെ മേന്മയും സംബന്ധിച്ചും അദ്ധ്യാപകൻ വിശദീകരിക്കും. സെമ്മിനാരിയിൽ ചേർന്നാൽ ഈ ഭാഷകളെല്ലാം പഠിക്കണമെന്നുള്ള ഭയംകൊണ്ടുതന്നെ ചിലർ അവരുടെ ദൈവവിളിയെ ഉപേക്ഷിക്കാറുണ്ടു്. അനാവശ്യമായ ഈ ഭയം ഇല്ലാതാക്കുന്നതിനാണു് അതേപ്പററി ഇങ്ങനെ പഠനക്ലാസ്സുകൾ നടത്തുന്നതു്. ഒരാഴ്ചകൊണ്ടു ഞങ്ങളിൽ പലരും കുറച്ചു ലത്തീൻ വശമാക്കി എന്നതു ഒരു യാഥാർത്ഥ്യം മാത്രമാണു്. 4 മണിക്കു കാപ്പിയും അതു കഴിഞ്ഞാൽ കളിയോ നടക്കാൻ പോകയോ ഇഷ്ടംപോലെ ആകാം. പൊതുവായി ഏതെങ്കിലും സ്ഥലം സന്ദർശിക്കുന്നുണ്ടെങ്കിൽ അങ്ങിനെ. സാമൂഹികസേവനരീതികളെപ്പററി പഠിപ്പിക്കുന്നതിനു പാവപ്പെട്ടവരുടെ കോളനികളിലും മററും കൊണ്ടുപോവുകയും അവരെ സമാശ്വസിപ്പിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ചിലപ്പോൾ അവസരമുണ്ടാക്കുകയും ചെയ്യും. രാത്രിയിലും പൊതുഉപദേശമുണ്ടു്. പൊതുപ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞു എല്ലാവരും വിശ്രമിക്കും. ഇങ്ങനെ പഠനവും ഭക്തകൃത്യങ്ങളും ഉല്ലാസവും ഇടകലർന്നുള്ള പരിപാടികളിൽക്കൂടി ഓരോ ദിവസവും കടന്നുപോകുന്നതറിയുകയില്ല.

ജോൺ:- ഇങ്ങനെയാണോ സെമ്മിനാരിജീവിതം. നിങ്ങൾ സെമ്മിനാരി സന്ദർശിച്ചപ്പോൾ എന്തഭിപ്രായമാണുണ്ടായതു്.

മാത്യു:- ആ വമ്പിച്ച കെട്ടിടവും വിശാലമായ കോമ്പൗണ്ടും കണ്ടപ്പോൾതന്നെ ഒരു പുതിയ ലോകമാണതെന്നു തോന്നിപ്പോയി. എത്ര ചന്തമുള്ള ഒരു സ്ഥലം! അതിൽ 400 ഓളം ശെമ്മാശന്മാരും പത്തിരുപതു പ്രൊഫസറന്മാരും. എല്ലാവരും ഉല്ലാസവാന്മാരും അന്തസ്സായ ഗൗരവത്തോടുകൂടിയവരും. കളിവിനോദങ്ങളും അട്ടഹാസവും മുറയ്ക്കു നടക്കുന്നു. പക്ഷേ എല്ലാം അന്തസ്സായവിധത്തിൽതന്നെ. വിശാലമായ ക്ലാസ്സുമുറികൾ, മിററിംഗുഹാളുകൾ, ബൃഹത്തായ ഗ്രന്ഥശേഖരം, വിവിധതരത്തിൽ അകത്തും പുറത്തുമുള്ള കളിക്കോപ്പുകൾ ഇങ്ങനെ എല്ലാം ആ ചെറിയ ലോകത്തിലുണ്ടു്. അവരുടെ സ്നേഹം അവിസ്മരണീയമാണു്. സാക്ഷാൽ സാഹോദര്യത്തിന്റെ കേളിരംഗമാണതു്. ഞങ്ങളെ ഓരോ ഗ്രൂപ്പുകാരേയും അവർ സസ്നേഹം ഓരോ ഭാഗങ്ങളും കൊണ്ടുനടന്നു കാണിച്ചുതന്നു. സൗഭാഗ്യം നിറഞ്ഞ ജീവിതം അവിടെയാണു് ഞാൻ കണ്ടതു്.

ജോൺ:- മാത്യു എന്നോടു പരമാർത്ഥം പറയണം. നീയെന്താണുദ്ദേശിക്കുന്നതു്.

മാത്യു:- ഞാൻ തീർച്ചയാക്കിക്കഴിഞ്ഞു. പെററിസെമ്മിനാരിയിലേക്കു അപേക്ഷയുമയച്ചിട്ടുണ്ടു്.

ജോൺ:- വാസ്തവത്തിൽ ഞാനൊരു ധർമ്മസങ്കടത്തിലായിരുന്നു. വൈദികനാകണമെന്നു പണ്ടേ ആഗ്രഹമുണ്ടായിരുന്നു. അപ്പച്ചനും അമ്മച്ചിക്കും അതു വളരെ ഇഷ്ടവുമാണു്. പക്ഷേ, സെമ്മിനാരിജീവിതത്തെക്കുറിച്ചുള്ള എന്റെ തെററിധാരണകളും പാപ്പച്ചനെപ്പോലുള്ളവരുടെ തെററിധരിപ്പിക്കലുകളും എന്നെ ത്രിശങ്കുസ്വർഗ്ഗത്തിലാക്കിയിരിക്കുകയായിരുന്നു. മാത്യുവിന്റെ ഈ അനുഭവം എന്നെ ഒരു ദൃഢനിശ്ചയത്തിലെത്തിച്ചിരിക്കുന്നു. നമുക്കൊരുമിച്ചുപോകാം സെമ്മിനാരിയിലേക്കു്.

മാത്യു:- ദൈവവിളിയെ പാലിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.


## കാർമ്മെൽ അപ്പസ്തോലിക്ക് സ്കൂൾ

എറണാകുളം

കർമ്മലീത്താ നിഷ്പാദുക ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്യുകൊണ്ടുമുള്ള ജീവിതം നയിക്കുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ & കോളേജ് വിദ്യാർത്ഥികൾ നേരത്തെ അപേക്ഷിക്കുക.

The Rev. Fr. Director.
Carmel Ap: School
St. Teresa's Monastery,
Banerji Road, Ernakulam-1


...ക്കറിക്കുന്ന അവസരത്തിൽ എന്റെ മുൻപിൽ വന്നുനില്ക്കുന്നതായി എനിക്കു തോന്നുന്നു.

അടുത്തദിവസം സമയം ഉച്ചയോടടുത്തു. ഒരു കാറിന്റെ മുരൾ ശബ്ദംകേട്ടു. വിദ്യാർത്ഥികൾ കൂട്ടമായി ക്ലാസിനു പുറത്തിറങ്ങി. കാർ ഓഫീസ്റൂമിന്റെ വാതുക്കൽ വന്നുനിന്നു. നേതാക്കന്മാർ ഓഫീസ്റൂമിൽ കയറി എന്തൊക്കെയോ എഴുതി ഒപ്പിട്ടുകൊടുത്തു.

ഞങ്ങൾ ആനന്ദപുളകിതരായി. അവരെല്ലാവരും വരാന്തയിൽ വന്നുനിന്നു. പക്ഷെ അവർക്കു ഞങ്ങളോടു എന്തോ പകയുണ്ടെന്നു അവരുടെ മുഖഭാവം വിളിച്ചുപറയിച്ചു. അവരെ അറസ്റ്റു ചെയ്ത അവസരത്തിൽ ഞങ്ങൾ ആവേശഭരിതരായി ആ ബഞ്ചനിലകൊട്ടിടം മുഷ്ടികൾകൊണ്ടു ഇടിച്ചു നിരത്താഞ്ഞതിലാണോ? അതോ അവരുടെ വഴിപിഴപ്പിക്കുന്ന ആദർശത്തിന്റെ പിന്നാലെ കണ്ണടച്ചു പിൻതുടരാതിരുന്നതിലാണോ? എന്തോ?

അവർ ഞങ്ങളെനോക്കി കരിങ്കാലികളായും ചെങ്കാലികളായും മുദ്രകുത്തി. ആ സ്കൂളിൽ ചുരുക്കം ചിലരൊഴിച്ചുള്ളവർ ചെങ്കാലികളും കരിങ്കാലികളുമായിത്തീർന്നു.

അങ്ങനെ ആ സംഭവം അവസാനിച്ചു. പിന്നീടൊരിക്കലും ഇതുപോലൊരു സംഭവം ഉണ്ടായതായി എനിക്കോർമ്മയില്ല. ആ കൊച്ചുന്നാളിലത്തെ ഓർമ്മകളുടെ കൂമ്പാരങ്ങൾ ഒന്നിനുപുറകെ ഒന്നായി പൊന്തിവരുന്നു. രാഷ്ട്രീയചതുരംഗക്കളിക്കു വേണ്ടി വിദ്യാർത്ഥികളെ കരുക്കളാക്കുന്ന സംഭവങ്ങൾ എന്റെ ഓർമ്മക്കുറിപ്പുകളിൽ ഇന്നലത്തെപ്പോലെ ഇന്നും തെളിഞ്ഞുനില്ക്കുന്നു.


## ലൂർദ്ദ് പള്ളിക്കുറി ആപ്പീസ്സ്, തൃശ്ശൂർ

ദർശനസഭയിൽനിന്നു തുടങ്ങുന്ന

★ പുതിയ മാസക്കുറി ★

(As per Govt. order No. D. Dis. 14225/56/Fin. dated 30-4-54)

നറുക്ക് 1ക്ക് 100ക. 111 നറുക്ക്. 11,100ക.

ഒന്നാംതവണ 1956 ജുലായി 25-ാംനു / 1131 കർക്കിടകം 10-ാംനു

കുറിയിൽ കുറഞ്ഞതു് 32-ൽ ഒരംശം (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണ്.

കുറിയെസംബന്ധിച്ച കൂടുതൽ വിവരത്തിനും, അപേക്ഷാഫാറത്തിനും കുറിയാപ്പീസ്സിലേയ്ക്കു് ഉടനെ എഴുതുക.

Trichur,
1-5-'56

Vicar & Trustee,
The Lourdes Church Dharshana Sabha


For favours received



Fr. J. Puthenkary

## വിനോദശാല

അദ്ധ്യാപകൻ— കർമ്മണിപ്രയോഗം പറയുക: എന്തെങ്കിലും നാശം ഉണ്ടാകുന്നതിനുമുമ്പു അഗ്നിശമനക്കാർ തീ കെടുത്തി.

വിദ്യാർത്ഥി— അഗ്നിശമനക്കാരാൽ എന്തെങ്കിലും നാശം ഉണ്ടാകുന്നതിനുമുമ്പു തീ കെടുത്തപ്പെട്ടു. * * *



"നിങ്ങളെന്തേ ചെങ്ങാതി ഒന്നും മിണ്ടാതെ കണ്ടക്ടർ നോക്കി യന്ത്രത്തെപ്പോലിങ്ങിനിരിക്കുന്നതു്?"

"ടിക്കററിന്റെ ബാക്കി ഒരണ തരാനൊണ്ടു് വണ്ടി പത്തു മൈലോടിട്ടും ഇതേവരെ തന്നിട്ടില്ല. കിട്ടിയാലെ എനിക്കു സമാധാനാവു പൊന്നേ!!"

# കേരളത്തിലെ സന്യാസസഭകൾ

സന്യാസം ഭാരതീയരുടെ പാരമ്പര്യത്തിനും അഭിനിവേശങ്ങൾക്കും യോജിച്ചതാണെന്നുള്ള വസ്തുത സുവിദിതമാണല്ലോ. ഹിന്ദുസന്യാസികളും ബുദ്ധസന്യാസികളും ഏതു കുഗ്രാമങ്ങളിൽ താമസിക്കുന്നവർക്കും അപരിചിതരല്ല. കേരളം ഈ പാരമ്പര്യത്തിൽ ഒട്ടും പുറകിലല്ലതന്നെ. എന്നാൽ ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടുകൂടി ഭാരതത്തിലേയും പ്രത്യേകിച്ച് കേരളത്തിലേയും സന്യാസജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു. സന്യാസജീവിതത്തെ സംബന്ധിക്കുന്ന ക്രിസ്തുമതത്തിന്റെ മഹോന്നതതത്വങ്ങൾ പ്രായോഗികമാക്കുന്ന ഒരു സൈന്യംതന്നെയായിത്തീർന്നു ആ വിഭാഗം. അവർ ഭക്തപരിപാടികളിലും സാമൂഹികസേവനങ്ങളിലും നിസ്വാർത്ഥമായും പരിത്യാഗപൂർവ്വവും പ്രവർത്തിക്കുന്നതിനു തുടങ്ങി. ക്രിസ്തീയരാജ്യങ്ങൾ ചിരപരിചയംകൊണ്ട് ആർജ്ജിച്ചിരുന്ന പ്രായോഗികജ്ഞാനവും സന്യാസജീവിതത്തിനു ഏററം അനുയോജ്യമായ പദ്ധതികളും ഇവിടേയും സ്വീകരിക്കപ്പെട്ടു. ഇങ്ങനെയാണ് പാശ്ചാത്യവും പൗരസ്ത്യവുമായ വിവിധരാജ്യങ്ങളിൽ നിലവിലിരുന്ന സന്യാസസഭകളെ അനുകരിച്ച് നിരവധി സഭകൾ ഇവിടേയും സ്ഥാപിതമായത്. കേരളത്തിൽ ഓരോ രൂപതകളിലും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വിവിധ സഭകളെ സംബന്ധിച്ച് ഒരു സ്ഥൂലജ്ഞാനമെങ്കിലും നൽകുന്നതു് മലയാളിയെപ്പററിയുള്ള പരിചിന്തനത്തിനു സഹായകമാകാതിരിക്കുകയില്ലല്ലോ.

കേരളത്തിലെ മൂന്നു ഹയരാർക്കികളിലുമുള്ള ഓരോ രൂപതകളിലും സ്ഥാപിതമായിട്ടുള്ള സന്യാസസഭകളുടെ ഒരു പട്ടികയാണ് താഴെ ചേർക്കുന്നതു്:-

### എറണാകുളം അതിരൂപത

സന്യാസസഭകൾ—

1 കേരളസുറിയാനികമ്മലിത്താസഭ—കൊവേന്തകൾ 7. പ്രിയോർജനറൽ വെരി റവ ഫാദർ മാവുരൂസ്, എറണാകുളം. പ്രൊവിൻഷ്യൽ—വെരി റവ ഫാദർ ജോൺ ബെക്കമാൻസ്, ആലുവാ

2 വിൻസെൻഷ്യൻസഭ—ആശ്രമങ്ങൾ 2. സുപ്പീരിയർ വെരി റവ ഫാദർ ജോർജ് മണ്ണാറ, തോട്ടകം, വൈക്കം

3 ചെറുപുഷ്പസന്യാസസഭ—സുപ്പീരിയർ വെരി റവ ഫാദർ ബസ്സിലിയോസ്, മൂക്കന്നൂർ, അങ്കമാലി

സന്യാസിനീസഭകൾ—

1 സുറിയാനികമ്മലിത്താസഭ—മഠങ്ങൾ 27. മദർജനറൽ റവ സിസ്റ്റർ റജീനാ, എറണാകുളം.

2 ക്ലാരിസ്റ്റ സഭ— മഠങ്ങൾ 12. മദർജനറൽ റവ സിസ്റ്റർ ഇസ്സബെല്ല, അങ്കമാലി

3 അഗതികളുടെ സഹോദരീസഭ—മഠങ്ങൾ 17. മദർജനറൽ റവ സിസ്റ്റർ കാതറൈൻ, ചുണങ്ങംവേലി, ആലുവാ

4 ആരാധനസഭ— മഠങ്ങൾ 8. മദർജനറൽ റവ സിസ്റ്റർ മേരി സിയന്നാ, കൊരട്ടി

5 തിരുഹൃദയസഭ— മഠങ്ങൾ 5. മദർജനറൽ റവ സിസ്റ്റർ മേരി മാർഗ്ഗരററ് മൈലക്കൊമ്പു, തൊടുപുഴ

6 സെൻറു് ജോസഫ്സ് മെഡിക്കൽ സിസ്റ്റേഴ്സ്— മഠങ്ങൾ 7. മദർജനറൽ റവ. സിസ്റ്റർ റോസ് മേരി ജോസഫ് ധർമ്മഗിരി, കോതമംഗലം

7 നസ്രത്തു സിസ്റ്റേഴ്സ്—മഠങ്ങൾ 2. മദർജനറൽ റവ സിസ്റ്റർ സെലിൻ, പാദുവാപുരം, കറുകുററി

8 അമലോത്ഭവമാതാവിന്റെ അസ്സീസിസഹോദരികൾ— മഠങ്ങൾ 2. മദർജനറൽ റവ സിസ്റ്റർ മഗ്ദലയിൻ മേരി, ചേർത്തല

### തൃശ്ശൂർ രൂപത

സന്യാസസഭകൾ—

1 കേരളസുറിയാനികമ്മലിത്താസഭ— കൊവേന്തകൾ 9



അവർ യുവതികളെ കൈവേലകൾ പരിശീലിപ്പിക്കുന്നു

പ്രൊവിൻഷ്യൽ വെരി റവ ഫാദർ ക്ലമൻസ്, തൃശ്ശൂർ

2 ഫ്രാൻസിസ്കൻ (കപ്പുച്ചിൻ)സഭ— ആശ്രമം 1. സുപ്പീരിയർ വെരി റവ ഫാദർ അത്തനേഷ്യസ് തൃശ്ശൂർ

3 മലബാർ മിഷനറി യൂണിയൻ—സുപ്പീരിയർ വെരി റവ ഫാദർ സക്കറിയാസ്, തൃശ്ശൂർ



അവർ വൃദ്ധജനങ്ങളെ പരിചരിക്കുകയും പാട്ടുള്ള ജോലികൾ ഏല്പ്പിച്ചു് അവരെ സംരക്ഷിക്കുകയും ചെയ്യും.

സന്യാസിനീസഭകൾ—

1 സുറിയാനികമ്മലിത്താസഭ—മഠങ്ങൾ 27. മദർജനറൽ റവ സിസ്റ്റർ ഇഗ്നേഷ്യ, ഒല്ലൂർ

2 ക്ലാരിസ്റ്റ സഭ—മഠങ്ങൾ 18 മദർജനറൽ റവ സിസ്റ്റർ സെലിനാ, കണ്ണവണ്ണൂർ

3 തിരുക്കുടുംബസഭ— മഠങ്ങൾ 14. മദർജനറൽ റവ സിസ്റ്റർ അന്നാ, കുഴിക്കാട്ടുശേരി, ഇരിഞ്ഞാലക്കുട

4 ഉപവിയുടെ സഹോദരികൾ—മഠങ്ങൾ 7. മദർജനറൽ റവ സിസ്റ്റർ ആഞ്ചല, ചൊവ്വന്നൂർ, കുന്നംകുളം

### ചങ്ങനാശേരി രൂപത

സന്യാസസഭകൾ—

1 കേരളസുറിയാനികമ്മലിത്താസഭ-കൊവേന്തകൾ 9. പ്രൊവിൻഷ്യൽ വെരി റവ ഫാദർ ഡാനിയേൽ മാന്നാനം

2 ദിവ്യകാരുണ്യമിഷനറി സഭ-ആശ്രമങ്ങൾ 4. സുപ്പീരിയർ വെരി റവ ഫാദർ ജോസഫ പാറേടത്തു, കാടഞ്ചേറ

സന്യാസിനീസഭകൾ—

1 സുറിയാനികമ്മലിത്താസഭ-മഠങ്ങൾ 14. മദർജനറൽ റവ സിസ്റ്റർ കൊച്ചുത്രേസ്യാ, ചങ്ങനാശേരി

2 ക്ലാരിസ്റ്റ സഭ-മഠങ്ങൾ 11. മദർജനറൽ റവ സിസ്റ്റർ മേരി അനസ്താസ്യ, ചങ്ങനാശേരി

3 ആരാധനസഭ-മഠങ്ങൾ 18. മദർജനറൽ റവ സിസ്റ്റർ ഫിലോമിനാ, ചങ്ങനാശേരി

4 തിരുഹൃദയസഭ-മഠങ്ങൾ 6. മദർജനറൽ റവ സിസ്റ്റർ അഗസ്സം പാറേൽ

5 മെഡിക്കൽമിഷൻ സിസ്റ്റേഴ്സ്-മഠം 1. മദർ റവ സിസ്റ്റർ അഗസ്റ്റീനാ, കോട്ടയം

### കോട്ടയം രൂപത

സന്യാസസഭകൾ—

1 തിരുഹൃദയദാസസമൂഹം-സുപ്പീരിയർ വെരി റവ ഫാദർ ജെയിംസ് തെക്കനാട്ട്, കോട്ടയം

സന്യാസിനീസഭകൾ—

1 വിസിറേറഷൻസഭ- മഠങ്ങൾ 11. മദർജനറൽ റവ സിസ്റ്റർ മേരി ആഞ്ചെലാ, കോട്ടയം

2 സെൻറു് ജോസഫ്സ് സിസ്റ്റേഴ്സ്-മഠങ്ങൾ 2. മദർജനറൽ റവ സിസ്റ്റർ ജോസഫിന കൈപ്പുഴ

### പാലാ രൂപത

സന്യാസസഭകൾ—

1 സുറിയാനികമ്മലിത്താസഭ-കൊവേന്തകൾ 4. പ്രൊവിൻഷ്യൽ വെരി റവ ഫാദർ ഡാനിയേൽ മാന്നാനം

2 ദിവ്യകാരുണ്യമിഷനറി സഭ-ആശ്രമം 1. സുപ്പീരിയർ വെരി റവ ഫാദർ ജോസഫ് പറേടത്തു, മററക്കര

സന്യാസിനീസഭകൾ—

1 സുറിയാനികമ്മലിത്താസഭ-മഠങ്ങൾ 13 മദർജനറൽ റവ സിസ്റ്റർ കൊച്ചുത്രേസ്യാ, മുത്തോലി

2 ക്ലാരിസ്റ്റ സഭ-മഠങ്ങൾ 15. മദർജനറൽ റവ സിസ്റ്റർ ഉർസുലാ, മണിയൻകുന്നു, പൂഞ്ഞാർ

3 ആരാധനസഭ-മഠങ്ങൾ 10 മദർജനറൽ റവ സിസ്റ്റർ സെലസ്റ്റീനാ, മുത്തോലപുരം, ഇലഞ്ഞി

4 തിരുഹൃദയസഭ-മഠങ്ങൾ 7. മദർജനറൽ റവ സിസ്റ്റർ കൊച്ചുത്രേസ്യാ, പാലാ

5 മെഡിക്കൽമിഷൻ സിസ്റ്റേഴ്സ്-മഠം 1. മദർ റവ സിസ്റ്റർ ഡാമിയൻ, ഭരണങ്ങാനം

### തലശ്ശേരി രൂപത

സന്യാസസഭകൾ—

1 സുറിയാനികമ്മലിത്താസഭ-കൊവേന്തകൾ 2. പ്രിയോർ റവ ഫാദർ ലെയോൻസിയസ്, കടലുണ്ടി

സന്യാസിനീസഭകൾ—

1 സേക്രഡ് ഹാർട്ട്സ് മഠം. മദർ റവ സിസ്റ്റർ മേരി വിയാന്നി, മരിയാപുരം അങ്ങാടിപ്പുറം.

### വരാപ്പുഴ അതിരൂപത

സന്യാസികൾ

1. കർമ്മലീത്താ ഒന്നാംസഭ—ആശ്രമങ്ങൾ 2 സെൻറു തെരെസാസ്, എറണാകുളം; സെൻറു ജോസഫ്സ് വരാപ്പുഴ

2. കർമ്മലീത്താ മൂന്നാംസഭ—ആശ്രമങ്ങൾ 4 ഇമ്മാക്കുലേററ കൺസപ്ഷൻ മഞ്ഞുമ്മേൽ, സേക്രഡ് ഹാർട്ട് ആലുവാ, ആസ്സീൻറു്സ് ഹൗസ് എറണാകുളം, സെൻറു തോമസ് മിഷൻഹൗസ് കൊടുങ്ങല്ലൂർ.

3. സെൻറു തെരെസാസ് മൂന്നാംസഭ (ബ്രദേഴ്സ്) തൃക്കാക്കര.

സന്യാസിനികൾ

1. ക്ലാരിസ്റ്റ്സഭ മഠങ്ങൾ 1 ആലുവാ

2. മൗണ്ട്കാർമൽ മൂന്നാംസഭ മഠങ്ങൾ 6

3. കർമ്മലീത്താ മൂന്നാംസഭ മഠങ്ങൾ 8



അവർ യുവതികൾക്കു സങ്കേതങ്ങൾ ഏർപ്പെടുത്തുകയും കുടിൽവ്യവസായങ്ങൾകൊണ്ടു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും.


## ST. JOSEPH'S COLLEGE, DEVAGIRI

### KOZHIKODE

(Conducted by the Syro-Malabar Carmelite Fathers of the St. Joseph's Province)

— *Affiliated to the University of Madras* —

**(Opening of the College: 2nd July, 1956)**

***COURSES FOR 1956-1957 :—***

B. A. Degree : Group I B: Mathematics.
Group IV B: Economics & History.

***Pre-University Course:***

Part I : English—All candidates should take English and any one of the following languages: Malayalam, Hindi, Sanskrit, Syriac or Latin.

Part II : Applicants should also take any one of the following combinations :

1 Mathematics, Physical Science, World History and Commerce.

2 Mathematics, Physical Science, World History and Advanced English or Logic.

3 Natural Science, Physical Science, World History and Logic.

4 Natural Science, Physical Science, World History and Advanced English or Syriac.

HOSTEL ACCOMMODATION AVAILABLE.

Prospectus and Application Form for admission to the Pre-University and Junior B. A. classes can be obtained from the College Office at Amalapuri, near 4th Rly. Gate, Kozhikode, after the 20th May 1956 on remittance of the Registration Fee of Rs. 2 (Rupees Two) which will not be refunded.

Fr. Theodosius, T. O. C. D., M. A., Ph. D.,
Principal,
St. Joseph's College—Devagiri,
P. B. No. 17—Kozhikode-1

# കേരളത്തിലെ സന്യാസസഭകൾ

4. സിസ്റ്റേഴ്സ് ഓഫ് ചാരിററി (മിലാൻ) മഠങ്ങൾ 3
5. ഫ്രൻസിസ്കൻ മിഷനറി സിസ്റ്റേഴ്സ് ഓഫ് മേരി മഠങ്ങൾ 2.

### കോഴിക്കോട് രൂപത

സന്യാസിനികൾ

1 അപ്പോസ്തലിക്ക് കാർമൽ മഠങ്ങൾ 9
2 ഇററാലിയൻ സിസ്റ്റേഴ്സ് ഓഫ് ചാരിററി മഠങ്ങൾ 6
3 ഉർസുലൈൻ സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേററ് മഠങ്ങൾ 3
4 മംഗലാപുരം ബഥനി സിസ്റ്റേഴ്സ് മഠങ്ങൾ 3
5 സിസ്റ്റേഴ്സ് ഓഫ് ദി ഓർഡർ ഓഫ് ദി മോസ്റ്റ് ഹോളി സേവിയർ (ബ്രിജെററയിൻസ്) ആബെസ് റവ സി. എം. ജോസഫാ, മേരികുന്ന്
6 കനോസിയൻ സിസ്റ്റേഴ്സ് ഓഫ് ചാരിററി സുപ്പീരിയർ റവ. സി. എം. കറോലിനാ ററംകാലി, ചെറുകുന്നു.
7 വിസിറേറഷൻ മൂന്നാംസഭ. സുപ്പീരിയർ റവ. സി. എം. ഫിയാനാ ഇരിക്കൂർ.

### കൊച്ചി രൂപത

സന്യാസികൾ

1 ലത്തീൻകർമ്മലിത്താ മൂന്നാം സഭ ആശ്രമങ്ങൾ 2 സുപ്പീരിയർ വെരി റവ. ഫാദർ ആൻറണി പെരുമ്പടപ്പ്, പള്ളുരത്തി.
2 ഫ്രൻസിസ്കൻസഭ— ആശ്രമം 1 സുപ്പീരിയർ വെരി റവ. ഫാദർ ഡങ്ക്തസ് പള്ളുരുത്തി.

സന്യാസിനികൾ

1 ലത്തീൻകർമ്മലിത്ത മൂന്നാം സഭ മഠങ്ങൾ 2കുമ്പളങ്ങി, തങ്കി.
2 കനോസിയൻ സിസ്റ്റേഴ്സ് ഓഫ് ചാരിററി മഠങ്ങൾ 2 ഫോർട്ടുകൊച്ചിൻ വൈപ്പിൻ
3 ഫ്രൻസിസ്കൻ മിഷനറി സഭ മഠങ്ങൾ 2 പള്ളുരുത്തി കാട്ടിപ്പറമ്പ്

### ആലപ്പുഴ രൂപത

സന്യാസികൾ

1 ഈശോസഭ— ഹൌസ് 1 ആലപ്പുഴ
2 സുറിയാനി കർമ്മലിത്താ മൂന്നാംസഭ—ഹൌസ് 1 ആലപ്പുഴ
3 മിഷനറിബ്രദേഴ്സ് ഓഫ് അസ്സിസി—ഹൌസ് 1 ഇല്ലിച്ചിറ

സന്യാസിനികൾ

1 കനോസിയൻസിസ്റ്റേഴ്സ് ഓഫ് ചാരിററി 1 ആലപ്പുഴ
2 ഹോളിക്രോസ് സിസ്റ്റേഴ്സ്, ആലപ്പുഴ
3 വിസിറേറഷൻ സിസ്റ്റേഴ്സ്—ഹൌസ് 7

### കോട്ടാർരൂപത

സന്യാസികൾ

1 കർമ്മലിത്താ ഒന്നാംസഭ—ഹൌസ് 1 തക്കല
2 കർമ്മലിത്താ മിഷ്യനറിസഭ ഹൌസ് 1 മാവേലിക്കര
3 ഫ്രൻസിസ്കൻ മിഷനറി സഹോദരന്മാർ ഹൌസ് 2 കുഴിത്തുറ, കൊൽവെൽ

സന്യാസിനികൾ

1 വി. അഗുസ്തീനോസിൻെറ മിഷനറി കനോനെസ്സുകൾ—മഠങ്ങൾ 7
2 മറിയത്തിൻെറ വിമലഹൃദയസഭ—മഠങ്ങൾ 5
3 ഹോളിക്രോസ് സിസ്റ്റേഴ്സ്—മഠങ്ങൾ 1
4 സെൻറ് ആൻസ് സഹോദരികൾ—മഠങ്ങൾ 3
5 കർമ്മലിത്താ മൂന്നാംസഭ—മഠങ്ങൾ 1

### കൊല്ലം രൂപത

സന്യാസികൾ

1 ഫ്രയേഴ്സ്മൈനർ കപ്പുച്ചിൻ—ഹൌസ് 1 തില്ലേരി കൊല്ലം
2 ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സ്—ഹൌസ് 1 കൊല്ലം

സന്യാസിനികൾ

1 ഫ്രൻസിസ്കൻ നിത്യാരാധനസഭ—ഹൌസ് 1 കൊല്ലം
2 ഹോളിക്രോസ് സിസ്റ്റേഴ്സ്—ഹൌസ് 3
3 കർമ്മലിത്താ മൂന്നാംസഭ (അപ്പസ്തോലിക്ക്) ഹൌസ് 2
4 വിമലഹൃദയസഭ— മഠങ്ങൾ 9
5 ശ്ലീഹന്മാരുടെ രാജ്ഞിയുടെ സഹോദരികൾ (വിയന്നാ) ഹൌസ് 1
6 കർമ്മലരാജ്ഞിയുടേയും വി. ത്രേസ്യായുടേയും അപ്പസ്തോലിക്ക് മൂന്നാംസഭ—ഹൌസ് 2

### തിരുവനന്തപുരം രൂപത

സന്യാസികൾ

1 കർമ്മലിത്താ സഭ—ആശ്രമം 1
5 കനോസിയൻ സിസ്റ്റേഴ്സ്—ഹൌസ് 1
6 മറിയത്തിൻെറ ഫ്രൻസിസ്കൻ മിഷനറിസഹോദരികൾ ഹൌസ് 1
7 സെൻറ് ആൻസ് സിസ്റ്റേഴ്സ് (ട്രിച്ചിനാപ്പിള്ളി), ഹൌസ് 1



അവർ ആശുപത്രികൾനടത്തി ആതുരരക്ഷ നിർവ്വഹിക്കും

### വിജയപുരം രൂപത

സന്യാസികൾ

1 കർമ്മലിത്താ ഒന്നാംസഭ—ആശ്രമം 1 കോട്ടയം

സന്യാസിനികൾ

1 കർമ്മലിത്താസഭ മഠങ്ങൾ 2
2 കർമ്മലിത്താ മൂന്നാംസഭ—മഠങ്ങൾ 3
3 മറിയത്തിൻെറ വിമലഹൃദയത്തിൻെറ സഹോദരികൾ—മഠം 1



അവർ രോഗികളെ മാതൃഋല്യം പരിചരിക്കും

ങ്ങൾ 2 തിരുവനന്തപുരം

സന്യാസിനികൾ

1 കർമ്മലിത്താ അപ്പസ്തോലിക്ക് മൂന്നാംസഭ— മഠങ്ങൾ 3
2 ഹോളിക്രോസ് സിസ്റ്റേഴ്സ്—മഠങ്ങൾ 3
3 സെൻറ് അഗസ്റ്റിൻസ് കനോനെസ് മിഷ്യനറിസഭ—മഠങ്ങൾ 2
4 വരാപ്പുഴ കർമ്മലിത്താമൂന്നാം സഭ—മഠം 1

### തിരുവനന്തപുരം അതിരൂപത

സന്യാസികൾ

1 ക്രിസ്ത്വാനുകരണസഭ— ആശ്രമങ്ങൾ 7
2 ഫ്രൻസിസ്കൻ മിഷനറി സഹോദരന്മാർ ആശ്രമങ്ങൾ 3

സന്യാസിനികൾ

1 ക്രിസ്ത്വാനുകരണസഭ— മഠങ്ങൾ 6
2 ഡോട്ടേഴ്സ് ഓഫ് മേരി സഭ—മഠങ്ങൾ 8



അവർ കുഷ്ഠരോഗാശുപത്രികൾ നടത്തി അവരെ ചികിത്സിക്കുകയും സംരക്ഷിക്കുകയും ചെയ്യും

### തിരുവല്ലാ രൂപത

സന്യാസികൾ

1 ക്രിസ്ത്വാനുകരണസഭ— ആശ്രമം 1

സന്യാസിനികൾ

1 ക്രിസ്ത്വാനുകരണസഭ— മഠങ്ങൾ 5.

ഈ പട്ടികയിൽ അവശ്യം ആവശ്യമായ പല വിവരങ്ങളും വേണ്ടവിധത്തിൽ നൽകുന്നതിനു സാധിച്ചിട്ടില്ല എങ്കിലും സന്യാസസഭകളെപ്പററി ഒരു ഏകദേശജ്ഞാനം സമ്പാദിക്കുന്നതിനും അതേപ്പററി കൂടുതലായി അന്വേഷിച്ചറിയുന്നതിനും ഈ വിവരണം സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

## മറപടിക്കത്ത്

(15-ാംപേജ് തുടർച്ച)

ചെലമണ്ടാകാതെ പോകുകയാണെങ്കിലും നിങ്ങൾക്കു കുററമൊന്നുമില്ല. ശ്രമിക്കാനുള്ള കടമയെ നിങ്ങൾക്കുള്ളൂ.

ഏതായാലും വൈദികാന്തസ്സിലേക്കോ സന്യാസാന്തസ്സിലേക്കോ ഉള്ള ആഹ്വാനം ദൈവം ഒരു മനുഷ്യനു നൽകാവുന്നതിൽ ഏററവും വലിയ ഒരനുഗ്രഹമാണെന്നു ധരിച്ചുകൊണ്ട് അതു ലഭിക്കുന്നതിനായി പ്രാർത്ഥിക്കയും ലഭിക്കുന്നപക്ഷം നഷ്ടപ്പെടുത്താതിരിക്കാൻ ശ്രമിക്കയും ചെയ്യേണ്ടതാണ്.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവ്





ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

31-12-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,475 രൂപാ |
| കരുതൽ ധനം ... | 14,60,819 രൂപാ |
| ആകെ ഡിപ്പോസിററ് ... | 6,54,99,106 രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,18,32,059 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,01,20,173 രൂപാ |
| ആകെ മുതൽ ... | 7,10,39,655 രൂപാ |

കെ. ജോസഫ് ആഗസ്തി

മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)

ചെറുകഥ (ബാലപംക്തി)

# "മോള് പൊയ്ക്കോ"

(രജനി നീലങ്കാവിൽ, മെമ്പർ Reg. No 6)

"തങ്കമണിയെന്താ ഒരു ചിന്താവിഷ്ടയായി, ഉള്ളകാര്യം എന്നോടു തുറന്നു പറയൂ. അല്പം കാര്യമെന്തെങ്കിലും മനസ്സിലായി" മേരിക്കുട്ടി പറഞ്ഞുനിർത്തി.

"നിനക്കെന്താ ഭ്രാന്തായിപ്പോയോ മേരി? നിനക്ക് മറ്റുള്ളവരെ കളിയാക്കുവാൻ നല്ല വശമുണ്ടെന്നെനിക്കറിയാം" തങ്കമണി മേരിക്കുട്ടിയോടു നീരസത്തിൽ പറഞ്ഞു.

അവരിരുവരും സ്കൂളിലേക്കു പോകുംവഴിക്കാണ് ഈ സംഭാഷണം നടന്നത്. ആറാംക്ലാസിലെ തങ്കമണി അവർ പത്താംക്ലാസിലെ ഒരു വിദ്യാർത്ഥിനിയാണ്. പേരിനനുസരിച്ചു തങ്കക്കുടംതന്നെയാണവൾ. എന്നിട്ടും അവൾക്കഹങ്കാരമില്ല. അവൾ അന്നാട്ടിലെ സാമാന്യം ഭേദപ്പെട്ട മാടത്തെവീട്ടിലെ പാപ്പച്ചന്റേയും റീത്താമ്മയുടേയും ജ്യേഷ്ഠസന്താനമാണ്. അവൾക്കെല്ലാ കാര്യത്തിനും കഴിവുണ്ട്, സാമർത്ഥ്യമുണ്ട്. എന്നാൽ ഗുണവതിയായ അവൾ ആദ്ധ്യാത്മികകാര്യങ്ങൾക്കാണ് അധികം വിലകല്പിച്ചിരിക്കുന്നത്.

മേരിക്കുട്ടി അവൾ അയൽവക്കത്തെ ചാക്കോച്ചന്റെ ഏകസന്താനവും തങ്കമണിയുടെ സ്നേഹിതയുമാണ്. അവർ ഇരുവരും ഒരേ സ്കൂളിൽ ഒരേ ക്ലാസിൽ പഠിക്കുന്നവരാണ്. അവർ രണ്ടുപേരും കൂടി സ്കൂളിലേക്കു പോരേണ്ടപ്പോഴെ ഒരുമിച്ചുപോകുന്നുണ്ടെങ്കിലും കുറച്ചുനാളുകളായി തങ്കമണിയുടെ മുഖത്തിനൊരു മ്ലാനത. ഇതിന്റെ കാരണമറിയാനാണ് മേരിക്കുട്ടി പലപല ചോദ്യങ്ങൾ ചോദിച്ചത്.

മേരിക്കുട്ടി തുടർന്നു: "ഓ നിനക്ക് നിന്റെ അപ്പച്ചൻ ഒരു പുതിയ മാല വാങ്ങിതന്നു. അതിന്റെ തൂക്കമായിരിക്കും അല്ലേ?"

"നിയെന്തിനാ അതൊക്കെ അന്വേഷിക്കണേ?" ഒരു താക്കീതിന്റെ സ്വരത്തിൽ തങ്കമണി പറഞ്ഞു

"എനിക്കോ. ഹാ, അതറിഞ്ഞിട്ട് ചില കാര്യങ്ങളുണ്ട്. അല്ലേ... എവിടന്നാ കാണാൻ വന്നത്?"

"ആരെക്കാണാൻ?"

"തങ്കമണിയെക്കാണാൻ"

"അതേടി, നിനക്കൊരു പണിയുമില്ല. വെറുതെ തോന്നിയതു പറയാ" ദേഷ്യത്തോടെ പറഞ്ഞു.

"എന്നാൽ ഞാനിനി അക്കാര്യം ചോദിക്കുന്നില്ല (അല്പം ആലോചിച്ച്) അല്ലാ, ഞാനിനി മിണ്ടുകപോലുമില്ല." മേരിക്കുട്ടി പരാജയപ്പെട്ടവിധത്തിൽ അവരുടെ അപ്പോഴത്തെ സംസാരത്തിനു ഒരു പൂർണ്ണവിരാമമിട്ടു

അവർ ഇരുവരും സ്കൂളിലെത്തി മണിയടിച്ചു. ക്ലാസ്സിൽ ഗുരുനാഥ പാഠമെടുത്തുതുടങ്ങി. പാഠമെല്ലാം പഠിച്ചുകഴിഞ്ഞു. വൈകുന്നേരം സ്കൂൾ വിട്ടുവരാനുള്ള സമയമായി. തങ്കമണിക്ക് ഒരു വിഷമം; തന്റെ കൂട്ടുകാരി ഇടഞ്ഞതിൽ അവൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഒരുപക്ഷേ ആ തെറ്റിദ്ധാരണ ഒന്നുരണ്ടു ദിവസത്തിനുള്ളിൽ കുട്ടികളുടെ ഇടയിലെല്ലാം പരക്കും. ഇന്നുതന്നെ മേരിക്കുട്ടിയോട് സംഗതിയെല്ലാം വിശദമായി പറഞ്ഞറിയിച്ചാലോ. അതെ അതു തന്നെയാണ് നല്ലത്. അല്ലെങ്കിൽ പല വിഷമങ്ങൾക്കും ഇടയായിത്തീരും. തങ്കമണി തന്നത്താൻ ചിന്തിച്ചു.

സ്കൂൾ വിട്ടു. ഇരുവരും ഒരുമിച്ചു തന്നെ പുറപ്പെട്ടു പക്ഷെ ഒരക്ഷരംപോലും ഉരിയാടിയില്ല. ഏതാണ്ട് കുറച്ചുദൂരം പോയപ്പോൾ തങ്കമണി ആ മൗനതയെ ഭഞ്ജിച്ചുകൊണ്ടു പറഞ്ഞു: "മേരിക്കുട്ടി, നീയെന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു. ഞാൻ ഉള്ള കാര്യമങ്ങു തുറന്നുപറയാം. എന്നാൽ നീയതു ആരോടും പറയരുത്."

"നിനക്കെന്നെ വിശ്വാസമുണ്ടെങ്കിൽ പറഞ്ഞാൽ മതി, തങ്കമണി. ആ പറവൂരിൽനിന്നു വന്ന കാര്യമായിരിക്കാം, അല്ലേ?"

"മേരിക്കുട്ടീ!" ദേഷ്യത്തോടും വ്യസനത്തോടുംകൂടി ഒരു താക്കീതിന്റെ സ്വരത്തിൽ തങ്കമണി വിളിച്ചു

"എന്നാൽ പറയണമെന്നില്ല" മേരിക്കുട്ടി ഇടഞ്ഞു.

തങ്കമണി ഒന്നു മന്ദഹസിച്ചു: "മേരിക്കുട്ടി, ഞാൻ പറയുന്നതു മുഴുവൻ കേൾക്കൂ. എന്നെ പരിഹസിച്ചതു മതി. നിനക്കെപ്പോഴും ഇതു കളിയാക്കലേയുള്ളു. നീ കഴിഞ്ഞ ധ്യാനദിവസങ്ങളിൽ ധ്യാനഗുരു പറഞ്ഞതു വല്ലതും ഓർക്കുന്നുണ്ടോ?"

"ഓ ദേഹം, നീയൊരു പുണ്യവാളത്തിയാകാൻ പോകാം!"

"ഒരുപക്ഷെ അങ്ങനെ ആയിക്കൂടെന്നില്ല. നീ കേട്ടില്ലേ, ആ ഫിലോമിനാപുണ്യവതിയുടെ ചരിത്രം. ആ വിശുദ്ധയുള്ള എന്തിലുമായിരുന്നു കുറവ്. സമ്പത്തിലോ, സൗന്ദര്യത്തിലോ. എന്നിട്ടും അവൾ "കന്യാസാക്ഷിനി"യായിത്തീർന്നില്ലേ? അതൊക്കെ പോകട്ടെ. നമ്മുടെ രാജ്യത്തിന്റെ ഓരോ മാതാവും എത്രയെത്ര ആത്മാക്കളാണ് നശിച്ചുപോകുന്നത്. അവരുടെ ആദ്ധ്യാത്മികജീവിതത്തിലുള്ള കുറവുകളെ പൂരിപ്പിക്കാനിപ്പ് ഈ സംഘത്തെ പരിഹരിക്കുന്നതല്ലേ? അതിനുവേണ്ടിയല്ലേ മിഷൻസഹോദരിയായിട്ട് നമ്മുടെ ദേശത്തിൻ കഴിഞ്ഞകൊല്ലം പോയത്. ആത്മാക്കളെ തേടുന്നത് ഒരു മഹത്തായ പ്രവൃത്തിയല്ലേ. ചിലപ്പോൾ, അല്ല പലപ്പോഴും പലതും സഹിക്കേണ്ടതായ് വരും. എങ്കിലും എത്രയോ പാപികളുടേയും അക്രൈസ്തവരുടേയും മനസ്സുതിരിക്കുവാൻ സാധിക്കും. ധ്യാനം കഴിഞ്ഞപ്പോൾ എനിക്കൊരാഗ്രഹം, മിഷൻപ്രവർത്തനത്തിനു പോകണമെന്നു"

ഇടയ്ക്കു കയറിക്കൊണ്ട് മേരിക്കുട്ടി പറഞ്ഞു: "അതൊക്കെ ശരിയാ. അപ്പനും അമ്മച്ചിയും സമ്മതിക്കണ്ടേ?"

"സ്വന്തം ആഗ്രഹമാണ് കൂടുതൽ ഉണ്ടാകേണ്ടത്. പിന്നെ അപ്പച്ചനേയും അമ്മച്ചിയേയും സമ്മതിപ്പിക്കുവാൻ ശ്രമിക്കണം. ഏതായാലും ഞാനുറച്ചു കഴിഞ്ഞു ഇക്കൊല്ലത്തെ പരീക്ഷയുംകൂടി കഴിയട്ടെ ഞാൻ തീർച്ചയായും മിഷൻപ്രവർത്തനത്തിനു പോകും."

തങ്കമണി ചിന്താഗ്രസ്തയായി പല അഹോരാത്രങ്ങൾ തള്ളിനീക്കി. ഇന്നവൾ സ്കൂൾഫൈനൽ പാസ്സായ ഒരു യുവതിയാണ്. അവൾക്കിപ്പോൾ ഒരൊററ ദുഃഖമേയുള്ളു. അവളുടെ അപ്പച്ചനു വാർദ്ധക്യം ബാധിച്ചിട്ടില്ലെങ്കിലും അദ്ദേഹം ഒരു മാറാവ്യാധിക്കടിമപ്പെട്ടവനായി. ഈ ഘട്ടത്തിൽ സ്വന്തം പിതാവിനെ ഉപേക്ഷിച്ച് എങ്ങനെ സ്ഥലംവിട്ടുപോകും. ഇപ്പോൾ പോകാതിരുന്നാൽ കാര്യം കഴിപ്പതിൽ കലാശിക്കുകയും ചെയ്യും. അപ്പച്ചനാകട്ടെ ഒരൊററ ചിന്തയേയുള്ളു, മരിക്കുന്നതിനുമുമ്പ് മകളുടെ മെകപിടുത്തം കഴിച്ചുകാണണമെന്ന്.

മേരിക്കുട്ടിയുടെ കല്യാണം ഇതിനിടയിൽ നടന്നുകഴിഞ്ഞു. അവളുടെ ദാമ്പത്യജീവിതത്തിലേക്കുള്ള പ്രവേശനം തങ്കമണിയുടെ മനസ്സുതിരിക്കുന്നതിനു പര്യാപ്തമായില്ല. അവളുടെ ദൃഢനിശ്ചയത്തിനു യാതൊരിളക്കവും ഉണ്ടായില്ല. ഒരുദിവസം അവൾ അപ്പച്ചനെ സമീപിച്ചു പറഞ്ഞു: "അപ്പച്ചാ, വ്യസനിക്കരുത്. ഞാൻ അടുത്ത ശനിയാഴ്ച മിഷനു പോകാൻ ഉറപ്പിച്ചിരിക്കുന്നു. ദൈവം അപ്പച്ചനു സൗഖ്യം തരും. എന്നെ കൊണ്ടുപോകുന്നതിനു മിഷനറിസഹോദരികൾ വരും. അപ്പച്ചൻ യാതൊരു തടസ്സവും പറയരുത്."

അപ്പച്ചന്റെ കണ്ഠത്തിൽനിന്നു് വാക്കുകൾ പുറത്തേക്കു വരുന്നില്ല. കൺമടകളുടെ ഇരുവശങ്ങളിലേക്കും ഓരോ കണ്ണീർ ത്തുള്ളികൾ പുറപ്പെട്ടു. "മകളെ പൊയ്ക്കോ... തങ്ക... മണീ... നീ അതു പറയരുത്!!" ശബ്ദം ഉയരുന്നില്ലെങ്കിലും ചുണ്ടുകൾ തമ്മിൽ കൂട്ടിമുട്ടുന്നുണ്ട്.

അവൾ അവിടെനിന്നു പോയി. നേരെ ഇടവകപ്പള്ളിയിൽ ചെന്നു വികാരിയച്ചനോടു സകല സംഗതികളും സവിസ്തരം പറഞ്ഞു. വികാരിയച്ചൻ തങ്കമണിയുടെ മനോവൈഷമ്യത്തെ പരിശോധിക്കുന്നതിനു് അവളുടെ അപ്പച്ചന്റെ നിസ്സഹായതയെപ്പററി പറഞ്ഞു. പക്ഷെ അവൾക്കൊരു കുലുക്കവുമുണ്ടായില്ല. വികാരിയച്ചൻ വളരെ സന്തോഷിച്ചു അവളുടെകൂടെ വന്നു് പാപ്പച്ചനു് പല ഉപദേശങ്ങളും നൽകി അദ്ദേഹത്തെ സമാധാനിപ്പിച്ചു.

വെള്ളിയാഴ്ച സമാഗതമായി. അന്നും അവൾ പതിവുപോലെ പള്ളിയിൽപോയി മടങ്ങിവന്നു് പോകുവാനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. തന്റെ സ്നേഹിതകളോടു യാത്രപറഞ്ഞു. മതപുസ്തകങ്ങളും അത്യാവശ്യംവേണ്ട സാധാരണവസ്ത്രങ്ങളും പെട്ടിയിൽവച്ചു പൂട്ടി. വീട്ടിൽ ആകെ ഒരു മൗനം! അന്നും കുടുംബപ്രാർത്ഥനകളിൽ തന്റെ മാതാവിനെ സഹായിക്കുവാൻ അവൾ ഉപേക്ഷ കാണിച്ചില്ല. അന്നുരാത്രി അവൾ ഉറങ്ങിയില്ല. ശനിയാഴ്ച അവൾ പള്ളിയിൽപോയി തിരുകർമ്മങ്ങളിലെല്ലാം പങ്കുകൊണ്ടു. വികാരിയച്ചനോടു യാത്രപറഞ്ഞു എല്ലാവരും അവളെ ഉററുനോക്കി. പലരും പല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു, അവളുടെ മനക്കരുത്തിനെക്കുറിച്ച്. അവളുടെ യാത്രാസമയത്തെ ശാന്തമാക്കുന്നതിനു ബ: വികാരിയച്ചനും വീട്ടിലെത്തി. പാപ്പച്ചനു് ഒരു സമാധാനവുമില്ല. വികാരിയച്ചൻ പല ഉപദേശങ്ങളും പറഞ്ഞു കൊണ്ടു മിഷനറിസഹോദരികളും ഇതിനകം വന്നുചേർന്നു. പാപ്പച്ചന്റെ ശയനസ്ഥിതിയിൽ അവരും അനുതപിച്ചു. വീട്ടിൽ ആളുകൾ തടിച്ചുകൂടി. തങ്കമണി പെട്ടിയെടുത്തു് അപ്പച്ചൻ ശയിച്ചിരുന്ന കട്ടിലിന്റെ സമീപം ചെന്നു് മുട്ടുകുത്തി യാത്രചോദിച്ചു. പാപ്പച്ചനിൽ അപ്രതീക്ഷിതമായ ഒരു വ്യത്യാസം വന്നതുപോലെ തോന്നി. അദ്ദേഹം പ്രശാന്തനായി എഴുന്നേററിരുന്നു് ഓമനമകളെ തലോടിക്കൊണ്ടു പറഞ്ഞു: "മോള് പൊയ്ക്കോ, അപ്പച്ചനുവേണ്ടി അപേക്ഷിച്ചാൽ മതി"

അവിടെ കൂടിയിരുന്ന എല്ലാവരിലും ഒരു കുളുർമ്മ അനുഭവപ്പെട്ടു ദൈവാനുഗ്രഹത്തിന്റെ അരൂപി ആ ഗൃഹാന്തരീക്ഷത്തിൽ പരന്നു.

# നവപൂജാർപ്പണം



റവ. ഫാദർ ജോസഫ് ഡി ബ്രിട്ടോ ഒ. എഫ്. എം. (Cap)

കമ്പളങ്ങി സെൻറ് പീറേഴ്സ് പള്ളി ഇടവക കണ്ണങ്കരി വക്കോ അവർകളുടെ പുത്രൻ റവ. ഫാദർ ജോൺ ഡി ബ്രിട്ടോ ഒ. എഫ്. എം. അവർകൾ ഇത്തിരിമെത്രാൻ തിരുമേനിയിൽനിന്നു വൈദികപട്ടം സ്വീകരിച്ചു മേയ് 14-ാംതീ അദ്ദേഹത്തിന്റെ ഇടവകയിൽവന്നു നവപൂജാർപ്പണം നടത്തിയിരിക്കുന്നു. ആവസരത്തിൽ റവ. ഫാദർ ഫെലിക്സ് ഒ. സി. ഡി. പൗരോഹിത്യത്തെപ്പററി ഒരു പ്രസംഗം ചെയ്തു കൊച്ചിമെത്രാൻ മൊറാർ റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു തിരുമേനി തിരുകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. 30-ൽ പരം വൈദികരും വലിയ ഒരു ജനക്കൂട്ടവും തദവസരത്തിൽ സന്നിഹിതരായിരുന്നു.

നവവൈദികനെ അനുമോദിക്കുന്നതിനായി ഇടവകക്കാരുടെ ഒരു യോഗം ഹൈസ്കൂൾ ഹാളിൽ കൂടി. ബഹു. ഫിലോമിനോ അദ്ധ്യക്ഷതവഹിച്ചു. ശ്രീ അലക്സാണ്ടർ പറമ്പിത്തറയും പ്രൊഫസർ ജോസഫ് കുററോട്ടും പ്രസംഗിച്ചു. ഇടവകക്കാരുടേയും ഭക്തസംഘടനകളുടേയും ഹാരാർപ്പണങ്ങളും, മംഗളപത്രസമർപ്പണങ്ങളുമുണ്ടായിരുന്നു. ഇടവകയ്ക്കുവേണ്ടി റവ. ഫാദർ പോൾ ഇല്ലിക്കലും, സെൻറ് പീറേഴ്സ് ഹൈസ്കൂളിനുവേണ്ടി ശ്രീ അലക്സാണ്ടർ പറമ്പിത്തറയും, സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിക്കുവേണ്ടി ശ്രീ ആൻറണി പുന്നക്കാട്ടുശ്ശേരിയും ഹാരങ്ങളർപ്പിച്ചു ഫാദർ ജോൺ ഡി ബ്രിട്ടോ സമുചിതമായ മറുപടിപ്രസംഗം ചെയ്തു. ഉച്ചയ്ക്കു നവവൈദികന്റെ വീട്ടിൽവച്ചു ഒരു ഡിന്നർസല്ക്കാരം നടന്നു.

പരിശുദ്ധ അമലോത്ഭവമാതാവിന്റെ അനുഗ്രഹത്താലും വി. ഫിലോമിനായുടെ മദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

ഏലിക്കുട്ടി ജോർജ്ജ്
മഞ്ചാലകുന്നേൽ
തോട്ടുവാ, കുറവിലങ്ങാട്

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത്

ഒരു വിദ്യാർത്ഥി ഇപ്രകാരം എഴുതുന്നു: "ഞാൻ 1954-55-ൽ സിക്സ്ത്ഫോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു നിശ്ചിതകാര്യസാദ്ധ്യത്തിനായി മിഷനു പോകാമെന്നു നേർച്ചനേർന്നു ഉടനടിയല്ലെങ്കിലും ഏകദേശം രണ്ടുമാസത്തിനുശേഷം കാര്യം സാധിച്ചുകിട്ടി നേർച്ചനേർന്ന അവസരത്തിൽ മിഷനുപോകുന്നതിനു എനിക്കു മനസ്സുണ്ടായിരുന്നെങ്കിലും ഇപ്പോൾ നല്ല മനസ്സു തോന്നുന്നില്ല. നേർച്ചകൊണ്ടുതന്നെയാണോ കാര്യം സാധിച്ചതെന്നുപോലും സംശയവുമുണ്ട്. അതിനാൽ ആ നേർച്ച നിവൃത്തിക്കണമോ എന്നും ഇത്രയുംനാൾ താമസിച്ചതു കുറ്റകരമാണോ എന്നും സത്യദീപംവഴി അറിയിക്കേണമേ."

മറുപടി: നേർച്ചയെന്നു പറയുന്നതു ദൈവത്തോടുചെയ്യുന്ന ഒരു വാഗ്ദാനമല്ലയോ? അതിനാൽ നമുക്കു പാടുള്ളതാണെങ്കിൽ നിവൃത്തിയുള്ളിടത്തോളംവേഗം നിറവേററാൻ കടമയുണ്ട്. അനാവശ്യമായി താമസിപ്പിക്കുന്നതു ശരിയല്ല. നേർച്ചകൊണ്ടാണോ കാര്യം സാധിച്ചതെന്നു സംശയമുണ്ടെന്നു പറയുന്നതിൽ അർത്ഥമില്ല നേർച്ച നിറവേററാൻ മനസ്സില്ലാത്തവർക്കെല്ലാം ആ ഒഴികഴിവു പറഞ്ഞു മാറാമല്ലോ.

"പാടുള്ളതാണെങ്കിൽ" എന്നു പറഞ്ഞതിനു കാരണമുണ്ട്. തന്റെ മകനെ വൈദികനാക്കിക്കൊള്ളാമെന്നു ഒരു സ്ത്രീ നേർച്ച നേർന്നിട്ടുണ്ടെന്നിരിക്കട്ടെ. അതിനായി പ്രാർത്ഥിക്കയും വിവരം പറഞ്ഞു അവനെ ഉപദേശിക്കയും ചെയ്യുന്നതിൽ കൂടുതലായി അവർക്കു ഒന്നും ചെയ്യാൻ കടമയില്ല അവനു മനസ്സില്ലെങ്കിൽ അഥവാ യോഗ്യതയില്ലെങ്കിൽ നിർവ്വഹിക്കപ്പെടാൻ നിവൃത്തിയില്ലാത്ത ഒരു നേർച്ചയാണതു്.

ഇനി നിങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ നേർച്ചനേർന്നു് ഉദ്ദേശിച്ച കാര്യം സാധിച്ച സ്ഥിതിക്കു് കുമ്പസാരക്കാരനോടു വിവരംപറഞ്ഞു് മിഷനുപോകാനുള്ള സാദ്ധ്യതയുണ്ടോയെന്നു ഉടനെതന്നെ അന്വേഷിക്കേണ്ടതായിരുന്നു. ദൈവവിളിയുടെ സാഹചര്യങ്ങൾ വിവിധങ്ങളാണു് ആ നേർച്ചയ്ക്കു മുൻപു മരിക്കലും മിഷനുപോകുന്നതിനുള്ള വിചാരമുണ്ടായിട്ടില്ലായിരുന്നെങ്കിൽതന്നെയും ദൈവവിളി ഇല്ലെന്നു പറയാൻ പാടില്ല. പക്ഷെ ആ അവസരം ഉപയോഗിച്ചായിരുന്നിരിക്കാം നിങ്ങളെ ആ നല്ല വഴിക്കു തിരിച്ചുവിടാൻ ദൈവം തിരുമനസ്സായതു്. അതുകൊണ്ടു ഇതാണു് എനിക്കു പറയാനുള്ളതു്:

ഇപ്പോഴത്തെ തോന്നലിനെ വകവയ്ക്കരുതു്. അതു പിശാചിൽനിന്നുതന്നെ വരാൻ പാടില്ലാത്തതല്ല അതിനാൽ ഇനിയെങ്കിലും സമയംകളയാതെ ദൈവഹിതം അറിയുന്നതിനായി തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടു് നിങ്ങളുടെ കുമ്പസാരക്കാരനോടോ അല്ലെങ്കിൽ നിങ്ങൾക്കു സമ്മതമുള്ള മററു വല്ല അച്ചനോടോ ആലോചനചോദിക്കണം. ഒരു മിഷനറിയാകുന്നതിനുള്ള ലക്ഷണങ്ങൾ നിങ്ങൾക്കില്ലെങ്കിൽ ആ വിവരം അവർ പറയും. അങ്ങനെയാണെങ്കിൽ നേർച്ച നിറവേററാത്തതുകൊണ്ടു തെററൊന്നുമില്ല.

മറിച്ചു തക്ക യോഗ്യതകളെല്ലാമുണ്ടെന്നാണു അവർ വിധിക്കുന്നതെങ്കിൽ ഏതെങ്കിലും മിഷനിൽ ചേരുന്നതിനു ആത്മാർത്ഥമായി ശ്രമിക്കണം. അതുകൊണ്ടു

(ശേഷം 14-ാംപേജിൽ)

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam May 30 1956 No. 40



## ബാലരംഗം

## ദൈവവിളി

സത്യദീപത്തിന്റെ ഈ ലക്കം ഒരു ദൈവവിളിപ്പതിപ്പാണല്ലോ. അതുകൊണ്ടു വല്യേട്ടനും അതേപ്പററി നിങ്ങളറിയേണ്ട ചില കാര്യങ്ങൾ കുറിക്കുന്നു. നിങ്ങൾക്കു സന്തോഷപ്രദവും ഉപകാരപ്രദവുമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### ദൈവം വിളിക്കുമോ?

നിങ്ങളോരോരുത്തരേയും ഒരു ദിവസത്തിൽ നിങ്ങളുടെ അമ്മമാർ എത്രപ്രാവശ്യം ഓരോ കാര്യങ്ങൾക്കായി വിളിക്കുന്നുണ്ടെന്നു നിങ്ങളിലാരെങ്കിലും ഒന്നു കണക്കുകൂട്ടി നോക്കിയിട്ടുണ്ടോ? നിങ്ങൾക്കു സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. അത്രയധികം പ്രാവശ്യമാണു പലവിധത്തിൽ ആ വിളിയുണ്ടാവുക. നിങ്ങളുടെ സ്വരം കേൾക്കാതായാൽ വിളിക്കും; നിങ്ങളുടെ സ്വരം ഉച്ചത്തിൽ കേട്ടാൽ വിളിക്കും നിങ്ങൾക്കെന്തുപററി എന്നന്വേഷിക്കുവാൻ. നിങ്ങളെ ഉണ്ണാൻ വിളിക്കും, ഉറങ്ങാൻ വിളിക്കും, പ്രാർത്ഥിക്കാൻ വിളിക്കും, പാഠം വായിക്കാൻ വിളിക്കും, കളിനിർത്താൻ വിളിക്കും, കുട്ടിയെ എടുക്കാൻ വിളിക്കും, പീടികയിൽ പോകാൻ വിളിക്കും—വിളിതന്നെ വിളി! നിങ്ങൾ വീട്ടിൽനിന്നകലത്തിലെവിടെയെങ്കിലും താമസിക്കുകയാണെങ്കിൽ എഴുത്തു വഴിയും ദൂതന്മാർവഴിയും ഈ അന്വേഷണം തുടർന്നുകൊണ്ടിരിക്കും. മററുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചിലപ്പോൾ ആംഗ്യങ്ങൾകൊണ്ടായിരിക്കും ആഹ്വാനം അറിയിക്കുക. ഇതെല്ലാം ഒരു മാതൃഹൃദയത്തിന്റെ സ്നേഹപ്രകടനങ്ങളാണ്.

ഇതുപോലെതന്നെയാണു ദൈവസ്നേഹവും നമ്മുടെ പ്രവൃത്തികളിൽ ഉൽക്കണ്ഠപ്രദർശിപ്പിച്ചുപോരുന്നതു്. ദൈവം അനുസ്യൂതം നമ്മെ ഓരോ കാര്യങ്ങൾക്കായി ആഹ്വാനം ചെയ്യുകയാണ്. നന്മചെയ്യുന്നതിനു്, തിന്മ വർജ്ജിക്കുന്നതിനു്—അവിടുത്തെ ഇഷ്ടം നിറവേററുന്നതിനു്, അനിഷ്ടം പ്രവർത്തി കാതിരിക്കുന്നതിനു്. നമ്മെ ഓരോരുത്തരേയും സംബന്ധിച്ചു് ദൈവത്തിനു ഒരുദ്ദേശമുണ്ടു് എന്നുള്ളതു് തീർച്ചയാണല്ലോ. അതാണു് ദൈവവിളി. അതു പൂർത്തിയാക്കുന്നതിനുതക്ക വിധത്തിൽ നാം ജീവിക്കണം. അതുകൊണ്ടു നാം എങ്ങിനെ ജീവിക്കണമെന്നുള്ള ദൈവത്തിന്റെ ഉദ്ദേശം മനസ്സിലാക്കേണ്ടതു്, അഥവാ നമ്മെസംബന്ധിക്കുന്ന ദൈവവിളി അറിയേണ്ടതല്ലേ നമ്മുടെ ഏററം വലിയ കർത്തവ്യം? ദൈവം ശ്ലീഹന്മാരിൽ ചിലരെ വിളിച്ചതുപോലെ നമ്മെ പേരുപറഞ്ഞു വിളിച്ചെന്നുവരികയില്ല. ദൈവവിളി നമ്മെ അറിയിക്കുന്നതിനു അസാധാരണമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു് ഒരു സാവൂളിനെപ്പോലെ നമ്മെ നയിച്ചെന്നും വരികയില്ല. സാമാന്യമായി പറഞ്ഞാൽ അവിടുന്നു നമ്മുടെ ഹൃദയങ്ങളിൽ അവിടുത്തെ ഈ ക്ഷണം ആമന്ത്രണം ചെയ്യും.

എന്റെ മകനേ, എനിക്കുവേണ്ടി നീ ഒരു വൈദികനാകുമോ, ഒരു സന്യാസിയാകുമോ, ഒരു മിഷ്യനറിയാകുമോ, ഒരു സന്യാസസഹോദരനാകുമോ, അഥവാ ഒരു മാതൃകാ കുടുംബനാഥനാകുമോ?

എന്റെ മകളേ, നീ എനിക്കുവേണ്ടി ഒരു സന്യാസിനിയാകുമോ, ഒരു മിഷ്യനറിയാകുമോ, അഥവാ ഒരു മാതൃകാമാതാവാകുമോ? ഈ സ്നേഹത്തിന്റെ ആമന്ത്രണം ശ്രവിക്കുന്നതിലാണു്; അതിനെ സാക്ഷാത്കരിക്കുന്നതിലാണു് ദൈവവിളിയുടെ സ്വീകരണം അടങ്ങിയിരിക്കുന്നതു്.

---

**71-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

എന്റെ പേർ—പൈങ്കിളി

**പ്രശ്നം നമ്പ്ര് 72**

(ടി. ജെ. സെബാസ്റ്റീൻ Reg. No. 39)

ഞങ്ങൾ ഒരമ്മയ്ക്കു 12 മക്കളാണു്. പ്രായത്തിലും വലിപ്പത്തിലും ഞങ്ങൾ മിക്കവാറും തുല്യരാണു്. ഞങ്ങളെ എല്ലാവർക്കും നല്ല പരിചയമാണു്. ആമന്ത്രണം പറഞ്ഞാലും ആരെന്തുചെയ്താലും അതു ഞങ്ങളെ ബാധിക്കയില്ല. ഞങ്ങൾ നിർബ്ബാധം കടന്നുപോകും. അവർ ഞങ്ങളുടെ പുറകേവന്നു അവരുടെ പ്രവർത്തനങ്ങളെ കണക്കെഴുതും. ഞങ്ങളുടെ പേരിനു രണ്ടക്ഷരം മാത്രമേയുള്ളൂ. ആദ്യക്ഷരം മാങ്ങാപ്പുഴത്തിലുണ്ടു് ചക്കപ്പഴത്തിലില്ല. രണ്ടാമത്തെ അക്ഷരം ഉല്ലാസത്തിലുണ്ടു് ആനന്ദത്തിലില്ല. ഞങ്ങളുടെ പേരു പറയാമോ? അമ്മയുടെ പേരു കണ്ടുപിടിക്കാമോ?

(ഉത്തരം അടുത്തതിൽ)

---



ഈശോ കുട്ടികളേയും വിളിക്കുന്നുണ്ടു്

### ദൈവവിളിയെ ത്യജിച്ച യുവാവ്

വേദപുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടോ ഒരു ധനികനായ യുവാവിന്റെ സംഭവം? അതിന്റെ പടമാണു് ഇത്തവണത്തെ മുഖചിത്രം. ദൈവവിളി അയാളുടെ ഹൃദയത്തിൽ തട്ടി. അവൻ ഈശോയുടെ അടുത്തു ഓടിവന്നു. പുണ്യപൂർണ്ണതപ്രാപിക്കാൻ, നിത്യരക്ഷനേടുവാൻ ഞാനെന്തുചെയ്യണം? ഇതായിരുന്നു ആ യുവാവു് ചോദിച്ചതു്. ഈശോ പറഞ്ഞു: നീ പ്രമാണങ്ങൾ കാത്തു ജീവിക്കുക എന്നു്. അവന്റെ അഭിലാഷങ്ങൾ കുറേക്കൂടി ഉന്നതങ്ങളായിരുന്നു. അവൻ പറഞ്ഞു: ഗുരുവേ, അവയെല്ലാം ചെറുപ്പംമുതൽ ഞാൻ അനുഷ്ഠിച്ചുപോരുന്നുണ്ടു്. അതിലുപരിയായി ഞാനെന്താണു് ചെയ്യേണ്ടതു് എന്നു കല്പിച്ചാലും. ഈശോയ്ക്കു ഈ ഉദാരത വളരെ ഇഷ്ടപ്പെട്ടു. സ്നേഹസമന്വിതം ഉന്നതതരമായ, അസാധാരണമായ ഒരു ദൈവവിളി അവനു നൽകി. നീ പോയി നിനക്കുള്ള സ്വത്തെല്ലാം വിററു ദരിദ്രർക്കു കൊടുത്തുകൊണ്ടു എന്റെകൂടെ പോരുക, അതായിരുന്നു അവിടുത്തെ ആഹ്വാനം. പക്ഷെ ധനവാനായ ആ യുവാവിനു അതു സങ്കടകരമായി തോന്നി. ദുഃഖത്തോടെ അവൻ മടങ്ങിപ്പോയി. അവൻ ഈശോയെക്കാൾ കൂടുതലായി അവന്റെ സമ്പത്തിനെ സ്നേഹിച്ചു. ദൈവവിളി അനുസരിച്ചു പ്രവർത്തിക്കുന്നതിനു ത്യാഗം ആവശ്യമാണു്. എന്നെക്കാളുപരിയായി അമ്മയേയോ, അച്ഛനേയോ, സഹോദരനേയോ, സഹോദരിയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല എന്നാണല്ലോ അവിടുന്നു പറഞ്ഞിട്ടുള്ളതു്. ദൈവം നമ്മെ വിളിക്കുന്ന ജീവിതസ്ഥിതിയെ സ്വീകരിക്കുന്നതിനു എല്ലാ ത്യാഗവും സഹിക്കുന്നതിനു നാം സന്നദ്ധരാകണമെന്നതാണു് ഇതിനർത്ഥം. ആ സന്നദ്ധത നമുക്കില്ലെങ്കിൽ സുവിശേഷത്തിലെ ആ യുവാവിനെപ്പോലെ നാം ഈശോയിൽ നിന്നകന്നുപോകുകയായിരിക്കും ചെയ്യുന്നതു്.

### ദൈവവിളി എങ്ങിനെ അറിയും?

ദൈവവിളി എന്നതു നമ്മുടെ ഹൃദയങ്ങളിൽ അങ്കുരിക്കുന്ന ഒരു പ്രചോദനമാണെന്നു നാം കണ്ടു. അതു ശരിയോ തെററോ, നമ്മുടെ വികാരാവേശമോ വ്യാമോഹമോ എന്നെല്ലാം വിവേചിക്കുക വളരെ ശ്രമകരമായ ഒരു കാര്യമാണു്. ദൈവാനുഗ്രഹംതന്നെ ഇക്കാര്യത്തിൽ ഒന്നാമതായി പ്രവർത്തിക്കണം. അതുകൊണ്ടു ഓരോരുത്തരും അവരവരുടെ ദൈവവിളി വ്യക്തമായി അറിയുന്നതിനു വേണ്ട അനുഗ്രഹത്തിനായി ദൈവത്തോടു നിരന്തരം പ്രാർത്ഥിക്കണം. രണ്ടാമതായി ഇക്കാര്യത്തിൽ ശരിയായ ഒരു തീരുമാനത്തിലെത്തുന്നതിനു നമുക്കു മാർഗ്ഗനിർദ്ദേശം തരുവാൻ കഴിവുള്ളവരെ നാം സമീപിക്കണം. നമ്മുടെ കുമ്പസാരക്കാരും ആത്മീയപിതാക്കന്മാരും ഇതിൽ നമുക്കു ശരിയായ മാർഗ്ഗദർശനം തരുവാൻ കഴിയുന്നവരാണു്. നാം നമ്മുടെ അഭിലാഷങ്ങളേയും സാഹചര്യങ്ങളേയും വിഷമതകളേയും പ്രതിബന്ധങ്ങളേയും എല്ലാം പരമാർത്ഥതയോടും വിശ്വാസത്തോടുംകൂടി അവരെ അറിയിച്ചു അവരുടെ ഉപദേശം ആവശ്യപ്പെടണം. പല കുട്ടികൾക്കും ഇതിനു വലിയ മടിയാണു്. അതുകൊണ്ടു അവർ ഈ ഉദ്ദേശം മറച്ചുവയ്ക്കുകയും തന്നത്താൻ തീരുമാനങ്ങൾ ചെയ്യുവാൻ ഉത്സാഹിക്കുകയുമാണു്. എത്രയെത്രപേരാണു് ഈവിധത്തിൽ മനക്ലേശത്തിനു വിധേയരാവുകയും ദൈവവിളിയെ തെററിധരിക്കുന്നതിനും അങ്ങിനെ ജീവിതത്തെത്തന്നെ കുഴപ്പത്തിലാക്കുന്നതിനും ഇടവരുത്തുകയും ചെയ്യുന്നതു്. മണൽപ്പുറത്തു നീന്തിക്കുഴയുക എന്നു നിങ്ങൾ കേട്ടിരിക്കും. അതിന്റെ അർത്ഥമെന്താണു്. നിലയുള്ള സ്ഥലത്തു്, സുഖമായി കാലുകുത്തി നടന്നുകയറാവുന്ന സ്ഥലത്തു് വലിയ ആഴമാണെന്നു തെററിധരിച്ചു ഭയപ്പെട്ടു നീന്തിക്കുഴഞ്ഞു മുങ്ങിമരിക്കുക എന്ന ശോഷതയാണതു്. അതുപോലെയാണു് ചില ബുദ്ധിമാന്മാർക്കു പററുന്നതു്. അതുകൊണ്ടു ഓരോരുത്തരും അവരവരുടെ ദൈവവിളിയെ അറിയുന്നതിനുള്ള ശ്രമത്തിൽ ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്ന ഈ മാർഗ്ഗങ്ങൾ ഒരിക്കലും ഉപേക്ഷിച്ചുകളയരുതു്. നിങ്ങളുടെ ആത്മീയപിതാക്കന്മാർ നിങ്ങൾക്കു ശരിയായ മാർഗ്ഗം കാണിച്ചുതരും. അതു സഫലമാക്കുന്നതിനു കഴിവുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്തുതരികയും ചെയ്യും. ആകയാൽ കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും ഓരോരുത്തരും അവരവരുടെ ദൈവവിളി ശരിയായി മനസ്സിലാക്കി അതിനെ ആശ്ലേഷിക്കുന്നതിനും അതുവഴി ഈശോയുടെ അഭിലാഷം നിങ്ങളിൽ സഫലമാക്കുന്നതിനും ശ്രമിക്കുക. സ്വർഗ്ഗമണ്ഡലങ്ങളും വല്യേട്ടൻ നേരുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

---

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ „ 8—12—0

---

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1